S5X4N9

# 8

# വിനിമയ ബില്ല് (Bill of Exchange)

> **പഠനനേട്ടങ്ങൾ**
>
> - *വിനിമയ ബില്ലിന്റെ അർത്ഥവും ഉപയോഗവും വിവരിക്കുന്നു.*
> - *വിനിമയ ബില്ലിന്റെ പ്രയോഗവും നേട്ടങ്ങളും രേഖപ്പെടുത്തുന്നു.*
> - *വിനിമയ ബില്ലും വാഗ്ദാന പത്രവും തമ്മിൽ വേർതിരിക്കുന്നു.*
> - *വിവിധ സാഹചര്യങ്ങളിൽ വിനിമയ ബില്ലുകളുടെ പ്രയോഗം എങ്ങനെയെന്ന് വിശദമാക്കുന്നു.*

സാധനങ്ങളും സേവനങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നത് സാധാരണയായി രൊക്കം പണത്തിന്റെ അടിസ്ഥാനത്തിലോ കടമായിട്ടോ ആണ്. സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് രൊക്കം പണത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ പണം ഉടൻ തന്നെ ലഭിക്കും. അതു പോലെതന്നെ സാധനങ്ങളോ സേവനങ്ങളോ കടത്തിനാണ് നൽകപ്പെടുന്നതെങ്കിൽ പണം ഒടുക്കൽ മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കുന്നു. ഇത്തരം അവസരങ്ങളിൽ കച്ചവടസ്ഥാപനം വ്യക്തിക്ക് പണമൊടുക്കാനായി കൃത്യമായ ഒരു ദിവസം നൽകും. പക്ഷേ ചില അവസരങ്ങളിൽ പണം ഒടുക്കുന്നതുമായി ബന്ധപ്പെട്ട താമസങ്ങളും തടസ്സങ്ങളും ഒഴിവാക്കാനായി വിൽപ്പനക്കാരൻ വാങ്ങിയ ആളിൽ നിന്ന് ഒരു കട പ്രമാണം എഴുതി വാങ്ങുന്നു. ഇതിലൂടെ വിൽപ്പനക്കാരൻ ചില നിബന്ധനകൾക്ക് വിധേയമായി തന്റെ പണം സാധനങ്ങൾ വാങ്ങിയ ആളിൽ നിന്ന് ലഭിക്കുമെന്ന കാര്യം ഉറപ്പുവരുത്തുന്നു. ഇന്ത്യയിൽ ഇപ്രകാരം പഴയകാലം മുതൽ ഉപയോഗിക്കുന്ന പ്രമാണങ്ങൾക്ക് പറയുന്ന പേരാണ് 'ഹുണ്ടികകൾ' (Hundies). ഇന്ത്യൻ നാട്ടുഭാഷയിൽ എഴുതപ്പെട്ട ഇത്തരം ഹുണ്ടികകൾ പലതരത്തിലുണ്ട്.

ഇന്നത്തെ കാലഘട്ടത്തിൽ ഇത്തരം പ്രമാണങ്ങൾ അറിയപ്പെടുന്നത് 'വിനിമയ ബില്ലുകൾ' (Bill of Exchange) എന്നോ 'വാഗ്ദാനപത്രങ്ങൾ' (Promissory Notes) എന്നോ ആണ്. വിനിമയ ബില്ലുകൾ എന്നുപറയുന്നത് ഒരു നിശ്ചിത തുക ഒരു നിശ്ചിത ദിവസം നൽകാം എന്നുള്ള, നിബന്ധനകളില്ലാത്ത ഒരു ഉത്തരവ് ആണെങ്കിൽ, വാഗ്ദാന പത്രങ്ങൾ എന്നത് നിബന്ധനകളില്ലാത്ത ഒരു ഉറപ്പിൻ പ്രകാരം ഒരു നിശ്ചിത തുക ഒരു നിശ്ചിത ദിവസം നൽകാമെന്ന വാഗ്ദാനമാണ്. ഇന്ത്യയിൽ ഇത്തരം പ്രമാണങ്ങളെ 1881-ലെ ഇന്ത്യൻ കൈമാറ്റപ്രമാണ നിയമ പ്രകാരം (Negotiable Instruments Act 1881) നിയന്ത്രിച്ചിരിക്കുന്നു.

**ഹുണ്ടികകളും അവയുടെ വിവിധ രൂപങ്ങളും**

ഇടപാടുകൾ നടത്താനായി ഇന്ത്യയിൽ പലതരത്തിലുള്ള ഹുണ്ടികകൾ ഉണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഏതെല്ലാമെന്ന് മനസ്സിലാക്കാം.

***ഷാജോഗ് ഹുണ്ടിക:*** ഒരു വ്യാപാരി തനിക്ക് കിട്ടാനുള്ള പണം 'ഷാ' എന്ന നാമത്തിൽ അറിയപ്പെടുന്ന വിപണിയിലെ ബഹുമാന്യനും വിശ്വസ്തനുമായ വ്യക്തിക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പണം നൽകാനുള്ള വ്യക്തിയുടെ പേരിൽ തയാറാക്കുന്ന ഹുണ്ടികയാണ് ഇവ. ഷാ എന്ന വ്യക്തിയുടെ കൈകളിൽ എത്തിച്ചേരും വരെ ഇവ പല ഇടപാടുകാരിലൂടെ കൈമാറുന്നു. കാലാവധി ദിനത്തിൽ ഷാ ഈ ഹുണ്ടിക ഡ്രോയിക്ക് നൽകി കിട്ടാനുള്ള പണം സ്വീകരിക്കുന്നു.

***ദർശനി ഹുണ്ടിക:*** ആവശ്യപ്പെടുന്ന സമയത്ത് ഹുണ്ടികയിൽ പറഞ്ഞിരിക്കുന്ന പണം നൽകാമെന്ന ഉത്തരവോടുള്ള ഹുണ്ടികയാണ് ഇവ. ഇത് ഡിമാൻഡ് ബില്ലിന് തുല്യമാണ്.

***മുടാത്തി ഹുണ്ടിക:*** നിശ്ചിത കാലാവധിക്ക് ഹുണ്ടികയിൽ പറഞ്ഞിരിക്കുന്ന പണം നൽകണമെന്ന ആജ്ഞയോടു കൂടിയ ഹുണ്ടികയാണ് ഇവ. ഇത് സമയാധിഷ്ഠിത വിനിമയ ബില്ലുകൾക്ക് തുല്യമാണ്.

ഇവ കൂടാതെ **നാം-ജോഗ് ഹുണ്ടിക, ധനി ജോഗ് ഹുണ്ടിക, ജവാബി ഹുണ്ടിക, ഹൊക്കാമി ഹുണ്ടിക, ഫിർമാൻ ജോഗ് ഹുണ്ടിക** എന്നിവയും പ്രചാരത്തിലുണ്ടായിരുന്നു.

## 8.1 വിനിമയ ബില്ലിന്റെ അർഥം (Meaning of Bill of Exchange)

1881 ലെ കൈമാറ്റപ്രമാണ നിയമപ്രകാരം വിനിമയ ബില്ല് എന്നാൽ 'ഉപാധികളില്ലാതെ എഴുതി തയാറാക്കിയതും, തയാറാക്കിയ ആൾ ഒപ്പുവച്ചതും, ഒരു നിർദിഷ്ട വ്യക്തി ഒരു നിശ്ചിത തുക ഉത്തരവ് നൽകിയ വ്യക്തിക്ക് അല്ലെങ്കിൽ പ്രമാണ കൈവശക്കാരന് നിശ്ചിത ദിനത്തിൽ നൽകണമെന്ന നിർദേശത്തോടുകൂടിയ ഒരു ഉത്തരവാണ്.'

ഇതിൽനിന്ന് വിനിമയ ബില്ലിന്റെ താഴെപറയുന്ന സ്വഭാവങ്ങൾ മനസ്സിലാക്കാം.

- വിനിമയ ബില്ലുകൾ എഴുതപ്പെട്ടതായിരിക്കണം.
- പണം ഒടുക്കാനുള്ള ആജ്ഞ ഉണ്ടായിരിക്കണം.
- പണം ഒടുക്കാനുള്ള ആജ്ഞ നിരുപാധികമായിരിക്കണം.
- വിനിമയ ബില്ലിൽ തയാറാക്കിയ ആൾ ഒപ്പ് ഇട്ടിരിക്കണം.
- ഒടുക്കേണ്ട നിശ്ചിത തുക പണമായി തീർച്ചപ്പെടുത്തിയിരിക്കണം.
- പണം കൊടുക്കുന്ന ദിവസം നിശ്ചിതമായിരിക്കണം.
- വിനിമയ ബില്ലുകളുടെ തുക ഒടുക്കുന്നത് ഒരു നിശ്ചിത വ്യക്തിക്ക് ആയിരിക്കണം.

- വിനിമയ ബില്ലിൽ സൂചിപ്പിച്ചിരിക്കുന്ന തുക ആവശ്യാനുസരണമോ അല്ലെങ്കിൽ നിർദിഷ്ട കാലാവധിയിലോ കൊടുത്തിരിക്കണം.
- ഇത് നിയമവിധേയമായി മുദ്രണം ചെയ്തതായിരിക്കണം.

വിനിമയ ബില്ലുകൾ സാധാരണയായി ക്രെഡിറ്റർ ഡെബ്റ്ററുടെ പേരിൽ എഴുതുന്നതാണ്. വിനിമയ ബില്ല് സ്വീകർത്താവ് അഥവാ ഡെബ്റ്റർ സ്വീകരിക്കുകയോ അയാൾ നിർദേശിക്കുന്ന മറ്റാരെങ്കിലും അയാൾക്കുവേണ്ടി സ്വീകരിക്കുകയോ ചെയ്തിരിക്കണം. സ്വീകാര്യമാകുന്നത് വരെ ഈ രേഖ വെറുമൊരു കരട് (draft) മാത്രമായിരിക്കും.

ഉദാഹരണമായി, അനിൽ 10,000 രൂപയുടെ സാധനങ്ങൾ രോഹിതിന് മൂന്നുമാസത്തെ കാലയളവിൽ പണം നൽകാമെന്ന ഉറപ്പിൽ കടത്തിന് വിൽക്കുന്നു. പണം ഒടുക്കൽ ഉറപ്പു വരുത്താനായി അനിൽ മൂന്ന് മാസക്കാലയളവുള്ള ഒരു കൈമാറ്റപ്രമാണം തയാറാക്കി രോഹിതിനു നൽകുന്നു. രോഹിത് സ്വീകരിക്കുന്നത് വരെ ആ രേഖ 'കരട്' എന്നാണ് അറിയപ്പെടുന്നത്. അതിന്മേൽ രോഹിത് 'സ്വീകരിച്ചിരിക്കുന്നു' (accepted) എന്ന് എഴുതുമ്പോൾ ആ കരടുരേഖ വിനിമയ ബില്ല് എന്ന പേരിലറിയപ്പെടുന്നു. അതിനോടൊപ്പം രോഹിത് തന്റെ സ്വീകാര്യത ഉറപ്പു വരുത്തുന്നതിനായി രേഖയിൽ ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നു.

### *8.1.1 വിനിമയ ബില്ലിലെ കക്ഷികൾ*

ഒരു വിനിമയ ബില്ലിൽ മൂന്ന് കക്ഷികളാണുള്ളത് .

(1) *ഡ്രോയർ (Drawer)* : വിനിമയ ബില്ല് തയാറാക്കുന്ന വ്യക്തിയാണ് ഡ്രോയർ. പണം കിട്ടേണ്ട വിൽപ്പനക്കാരൻ (ക്രെഡിറ്റർ) സാധനം വാങ്ങിയ വ്യക്തിയുടെ (ഡെബ്റ്റർ) പേരിൽ വിനിമയ ബിൽ തയാറാക്കുന്നു. വിനിമയ ബില്ല് തയാറാക്കിയതിനുശേഷം ഡ്രോയർ അതിൽ ഒപ്പിടണം.

(2) *ഡ്രോയി (Drawee)* : ആരുടെ പേരിലാണോ വിനിമയ ബില്ല് തയാറാക്കുന്നത് അയാളാണ് ഡ്രോയി. സാധനം കടമായി വാങ്ങിയ ആൾ അഥവാ ഡെബ്റ്റർ ആയിരിക്കും ഡ്രോയി.

(3) *പേയി (Payee)* : വിനിമയ ബില്ലിന്മേൽ പണം സ്വീകരിക്കുന്ന ആളാണ് പേയി. പണം കൊടുക്കേണ്ട ദിവസം വരെ വിനിമയ ബില്ല് ഡ്രോയറുടെ കൈവശം വച്ചതിന് ശേഷം സമർപ്പിക്കുകയാണെങ്കിൽ അയാൾ തന്നെയായിരിക്കും പേയി. എന്നാൽ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ പേയി വ്യത്യാസപ്പെട്ടേക്കാം. (എ) ഡ്രോയർ തന്റെ കൈയിലിരിക്കുന്ന വിനിമയ ബില്ല് ഡിസ്കൗണ്ട് ചെയ്യുകയാണെങ്കിൽ ഡിസ്കൗണ്ടിംഗ് ഹൗസ്/ബാങ്ക് പേയിയായി മാറും. (ബി) ഡ്രോയർ തന്റെ ക്രെഡിറ്ററെ അധികാരപ്പെടുത്തി കൈമാറ്റം (Endorsement) നടത്തുകയാണെങ്കിൽ ആ ക്രെഡിറ്റർ പേയിയായി മാറും. സാധാരണ യായി ഡ്രോയറും പേയിയും ഒരാൾ തന്നെ ആയിരിക്കും.

ഉദാഹരണമായി, രാധിക 10,000 രൂപ വിലവരുന്ന സാധനങ്ങൾ പ്രിയങ്കയ്ക്ക് കടത്തിന് വിൽക്കുന്നു. മൂന്നു മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് രാധിക തയാറാക്കി പ്രിയങ്കയ്ക്കു നൽകുന്നു. പ്രിയങ്ക ബില്ല് സ്വീകരിച്ച് രാധികയ്ക്ക് തിരിച്ച് നൽകുന്നു. ഇവിടെ രാധിക ഡ്രോയറും പ്രിയങ്ക ഡ്രോയിയുമാണ്. രാധിക ബില്ല് കാലാവധിദിനം വരെ കൈവശം വയ്ക്കുകയും കാലാവധി ദിനത്തിൽ പ്രിയങ്കയിൽ നിന്ന് പണം സ്വീകരിക്കുകയും ചെയ്താൽ രാധിക പേയിയായി മാറും. എന്നാൽ രാധിക കിട്ടിയ വിനിമയ ബില്ലിനെ ബാങ്കിൽ കൊടുത്ത് ഡിസ്കൗണ്ട് ചെയ്താൽ, ബാങ്ക് പേയിയായി മാറും. രാധിക തന്റെ ക്രെഡിറ്ററായ ഗോപികയ്ക്ക് ബില്ല് കൈമാറ്റം ചെയ്താൽ ഗോപിക പേയിയായി മാറും.

രാധിക കൊല്ലം

₹ 10,000 14 മാർച്ച് 2016

മൂന്നുമാസത്തിനുശേഷം എനിക്കോ ഞാൻ നിർദേശിക്കുന്ന വ്യക്തിക്കോ മുൻപു നടന്ന വ്യാപാര ഇടപാടുകളുടെ തുകയായ 10,000 രൂപ മാത്രം നൽകണം.

മുദ്ര

സ്വീകരിക്കുന്നു

(ഒപ്പ്) (ഒപ്പ്)

പ്രിയങ്ക രാധിക

137 B, ഇരുമ്പുപാലം 385 A, ചിന്നക്കട

കൊല്ലം

***ചിത്രം 8 .1** ഒരു വിനിമയ ബില്ലിന്റെ മാതൃക*

മുകളിൽ പറഞ്ഞ ബില്ലിൽ രാധിക ഡ്രോയറും പ്രിയങ്ക ഡ്രോയിയും ആണ്.

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ I**

*തന്നിരിക്കുന്ന പ്രസ്താവനകൾ 'ശരിയോ, തെറ്റോ 'എന്ന് സൂചിപ്പിക്കുക.*

1. വിനിമയ ബില്ലുകൾ പേയി സ്വീകരിച്ച് അംഗീകരിക്കണം.
2. വിനിമയ ബില്ലുകൾ തയാറാക്കുന്നത് ക്രെഡിറ്റർ ആണ്.
3. എല്ലാ രൊക്ക പണമിടപാടുകൾക്കും വിനിമയ ബില്ല് ഉപയോഗിക്കുന്നു.
4. ആവശ്യപ്പെടുന്ന സമയത്ത് നൽകാനുള്ള പണം കൊടുക്കാമെന്ന് പ്രസ്താവിക്കുന്ന വിനിമയ ബില്ലുകളാണ് സമയാധിഷ്ഠിത ബില്ലുകൾ (time bill).

5. കാലാവധി ദിനത്തിൽ ബില്ലിന്റെ പണം ആർക്കാണോ നൽകേണ്ടത് അയാളെ പേയി എന്ന് വിളിക്കുന്നു.
6. ഒരു വിനിമയ ബില്ലിൽ തയാറാക്കിയ വ്യക്തിയുടെ ഒപ്പ് ഉണ്ടായിരിക്കണ മെന്നില്ല.
7. ആവശ്യപ്പെടുന്ന സമയത്ത് ഹുണ്ടികയിൽ പറഞ്ഞിരിക്കുന്ന പണം നൽകണ മെന്ന് നിർദേശിക്കുന്ന ഹുണ്ടിക, ദർശനി ഹുണ്ടിക എന്നറിയപ്പെടുന്നു.
8. വിനിമയ ബില്ലുകൾ സ്വതന്ത്രമായി കൈമാറ്റം ചെയ്യാനാവില്ല.
9. വിനിമയ ബില്ലുകളിൽ മുദ്രണം നിർബന്ധമല്ല.
10. വിനിമയ ബില്ലുകളുടെ പണം നൽകേണ്ട തീയതികൾ നിശ്ചിതം ആയിരിക്കില്ല.

## 8.2 വാഗ്ദാനപത്രങ്ങൾ (Promissory Notes)

1881 ലെ കൈമാറ്റപ്രമാണ നിയമപ്രകാരം ഒരു വാഗ്ദാനപത്രത്തെ ഇങ്ങനെ നിർവചിക്കാം, "ഒരു നിശ്ചിത വ്യക്തിക്കോ അല്ലെങ്കിൽ കൈവശക്കാരനോ ഒരു നിശ്ചിത തുക യാതൊരു ഉപാധി കളുമില്ലാതെ തന്നു തീർക്കാമെന്ന് ഉറപ്പ് നൽകികൊണ്ട് തയാറാക്കിയ ആൾ ഒപ്പിട്ട് നൽകുന്ന പ്രമാണമാണ്".

റിസർവ് ബാങ്കിന്റെ നിയമപ്രകാരം വാഗ്ദാനപത്രത്തിലെ തുക കൈവശക്കാരന് നൽകണമെന്നത് നിയമ വിരുദ്ധമാണ്; ആയതിനാൽ, ഡ്രോയിക്കോ പുറംകുറിപ്പുവഴി കൈവശാവകാശം ലഭിച്ച ആൾക്കോ മാത്രമെ ഈ തുക ലഭിക്കുകയുള്ളൂ.

മുകളിലെ നിർവചനപ്രകാരം ഒരു വ്യക്തി യാതൊരു ഉപാധികളും വയ്ക്കാതെ മറ്റൊരു വ്യക്തിക്ക് എഴുതപ്പെട്ടിരിക്കുന്ന തുക അയാൾക്കോ അയാളുടെ നിർദേശാനുസരണം മറ്റൊരു വ്യക്തിക്കോ നൽകാം എന്നു പറയപ്പെടുന്ന ഒരു ഉറപ്പാണ് വാഗ്ദാനപത്രം.

മുകളിലെ നിർവചനപ്രകാരം ഒരു വാഗ്ദാനപത്രത്തിന്റെ സ്വഭാവങ്ങൾ താഴെപ്പറയുന്നവയാണ്

- എഴുതപ്പെട്ട ഒരു പ്രമാണമാണ്.
- ഉപാധികളില്ലാതെ പണം നൽകാമെന്ന വാഗ്ദാനമാണ്.
- കൊടുക്കേണ്ട തുക നിശ്ചിതമായിരിക്കണം.
- ഉറപ്പ് ഒരു നിശ്ചിത വ്യക്തിക്ക് പണം നൽകുന്നതിനെക്കുറിച്ച് ആയിരിക്കണം.
- ഇത് കൃത്യമായി മുദ്രണം ചെയ്തതായിരിക്കണം.
- വാഗ്ദാനപത്രത്തിൽ തയാറാക്കിയ ആൾ ഒപ്പ് ഇട്ടിരിക്കണം.

വാഗ്ദാനപത്രം ആരുടെ പേരിലാണോ എഴുതപ്പെടുന്നത് അയാൾ സ്വീകരിക്കേണ്ടതില്ല (Acceptance). കാരണം എഴുതുന്ന ആൾ പണം നൽകാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

| | |
|---|---|
| അനീഷ് കുമാർ | തിരുവനന്തപുരം |
| ₹ 30,000 | 24 ഏപ്രിൽ 2016 |

മുൻപ് നടന്ന വ്യാപാര ഇടപാടുകൾക്കുള്ള തുകയായി 30,000 രൂപ മൂന്നുമാസത്തിനുശേഷം രതീഷിനോ അല്ലെങ്കിൽ താങ്കൾ നിർദേശിക്കുന്ന പ്രകാരമോ നൽകാമെന്ന് ഉറപ്പു നൽകുന്നു.

മുദ്ര

| | |
|---|---|
| സ്വീകർത്താവ് | (ഒപ്പ്) |
| രതീഷ് | അനീഷ് കുമാർ |
| ചാറ്റർജിനഗർ | ദ്വാരക |
| പട്ടം | വെള്ളയമ്പലം |
| തിരുവനന്തപുരം | തിരുവനന്തപുരം |

***ചിത്രം 8.2*** *ഒരു വാഗ്ദാനപത്രത്തിന്റെ മാതൃക.*

### *8.2.1 ഒരു വാഗ്ദാനപത്രത്തിലെ കക്ഷികൾ*

ഒരു വാഗ്ദാനപത്രത്തിൽ രണ്ട് കക്ഷികൾ ഉണ്ട്.

- *മേക്കർ അല്ലെങ്കിൽ ഡ്രോയർ*: ഏതു വ്യക്തിയാണോ വാഗ്ദാനപത്രം എഴുതി തയാറാക്കുന്നത് അയാളെ മേക്കർ അല്ലെങ്കിൽ ഡ്രോയർ എന്ന് വിളിക്കുന്നു. വാഗ്ദാനപത്രത്തിൽ പറഞ്ഞിരിക്കുന്ന നിശ്ചിത തുക കൊടുക്കാമെന്ന് ഉറപ്പു നൽകുന്ന ഇയാളെ വാഗ്ദാനം ചെയ്യുന്നയാൾ (Promisor) എന്നും വിളിക്കുന്നു.
- *ഡ്രോയി അല്ലെങ്കിൽ പേയി* : ആരുടെ പേരിലാണോ വാഗ്ദാനപത്രം എഴുതി തയാറാക്കിയത് അയാളാണ് ഡ്രോയി അല്ലെങ്കിൽ പേയി. വാഗ്ദാനം ലഭിച്ചയാൾ (Promisee) എന്നും വിളിക്കുന്നു.

സാധാരണയായി വാഗ്ദാനപത്രത്തിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ഡ്രോയി തന്നെയായിരിക്കും പേയി. ചിത്രം 8.2 പ്രകാരം വാഗ്ദാനപത്രം തയാറാക്കിയ അനീഷ് കുമാറാണ് ഡ്രോയർ, രതീഷ് ഡ്രോയി അല്ലെങ്കിൽ പേയി ആകുന്നു. എന്നാൽ ഈ പ്രമാണം തന്റെ ക്രെഡിറ്ററായ ജോസിന് കൈമാറ്റം ചെയ്താൽ ജോസ് പേയിയായി മാറും, അതുപോലെ ഈ പ്രമാണം ബാങ്കിൽ ഡിസ്കൗണ്ട് ചെയ്താൽ ബാങ്ക് പേയിയായി മാറും.

## പട്ടിക – 2
## വിനിമയ ബില്ലും വാഗ്ദാനപത്രവും തമ്മിലുള്ള വ്യത്യാസം

വിനിമയ ബില്ലും വാഗ്ദാനപത്രവും കടപ്രമാണങ്ങളാണ്. ഇവ തമ്മിൽ ധാരാളം സാമ്യങ്ങളുണ്ടെങ്കിലും അടിസ്ഥാനപരമായി ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ സംഖ്യ | അടിസ്ഥാനം | വിനിമയ ബില്ല് | വാഗ്ദാന പത്രം |
|---|---|---|---|
| 1 | ഡ്രോയർ | ഇത് ക്രെഡിറ്ററാണ് എഴുതി തയാറാക്കുന്നത്. | ഇത് ഡെബ്റ്ററാണ് എഴുതി തയാറാക്കുന്നത്. |
| 2 | നിർദേശം അല്ലെങ്കിൽ വാഗ്ദാനം | ഇത് പണം കൊടുക്കണമെന്നുള്ള നിർദേശമാണ്. | ഇത് പണം നൽകാമെന്നുള്ള വാഗ്ദാനമാണ്. |
| 3 | വ്യക്തികൾ | പ്രധാനമായും ഡ്രോയർ, ഡ്രോയി, പേയി എന്നിങ്ങനെയുള്ള മൂന്നു കക്ഷികളാണുള്ളത്. | ഇതിൽ ഡ്രോയർ, പേയി എന്നിങ്ങനെയുള്ള രണ്ടു കക്ഷികളാണുള്ളത്. |
| 4. | സ്വീകരിക്കൽ | ഇതിൽ ഡ്രോയിയുടെയോ അയാൾ നിർദേശിക്കുന്ന മറ്റൊരു വ്യക്തിയുടെയോ സ്വീകരിക്കൽ നിർബന്ധമാണ്. | ഇതിൽ ഡ്രോയിയുടെ സ്വീകരിക്കൽ ആവശ്യമില്ല. |
| 5. | പേയി | ഡ്രോയറും പേയിയും ഒരാൾ തന്നെയായിരിക്കാം | ഡ്രോയർ ഒരിക്കലും പേയി ആകില്ല. |
| 6. | നോട്ടീസ് | ബില്ല് നിരാകരിച്ചാൽ അതുമായി ബന്ധപ്പെട്ട നോട്ടീസ് കൈവശക്കാരൻ ഡ്രോയർക്ക് നൽകണം. | വാഗ്ദാനപത്രം നിരാകരിച്ചാൽ നോട്ടീസിന്റെ ആവശ്യമില്ല. |

## 8.3 വിനിമയ ബില്ലുകളുടെ ഗുണങ്ങൾ

ബിസിനസ്സ് സ്ഥാപനങ്ങൾ കടമിടപാടുകൾ നടത്താനായി ഉപയോഗിക്കുന്ന ഒരു ആധികാരിക രേഖയാണ് വിനിമയ ബില്ലുകൾ. കാരണം ഇവയ്ക്ക് താഴെപ്പറയുന്ന ഗുണങ്ങൾ ഉണ്ട്.

- ***ബന്ധങ്ങൾ സൃഷ്ടിക്കുന്നു:*** വിനിമയ ബില്ല് വിൽപ്പനക്കാരനും വാങ്ങുന്ന ആളും തമ്മിലോ അല്ലെങ്കിൽ ക്രെഡിറ്ററും ഡെബ്റ്ററും തമ്മിലോ ഉള്ള പണമിടപാടുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ ബന്ധങ്ങൾ രേഖപ്പെടുത്തുന്ന ഒരു ഉപാധിയാണ്.
- ***ഉപാധികളുടെയും വ്യവസ്ഥകളുടെയും കൃത്യത ഉറപ്പു വരുത്തുന്നു:*** ഈ രേഖ പ്രകാരം ഒരു ക്രെഡിറ്റർക്ക് എപ്പോൾ തന്റെ പണം ലഭിക്കുമെന്നും ഡെബ്റ്റർക്ക് എപ്പോഴാണ് താൻ പണം കൊടുക്കേണ്ടതെന്നും കൃത്യമായി അറിയാം. അതായത് ബില്ലിലെ വ്യവസ്ഥകൾ ക്രെഡിറ്ററും ഡെബ്റ്ററും തമ്മിലുള്ള പണമിടപാട് ബന്ധം, കൊടുക്കേണ്ട തുക, പലിശ ഉണ്ടെങ്കിൽ അത്, പണമിടപാട് നടത്തേണ്ട സ്ഥലം എന്നിവ കൃത്യമായി ബില്ലിൽ രേഖപ്പെടുത്തിയിരിക്കും.
- ***ആവശ്യാനുസരണം പണമിടപാട് നടത്താനുള്ള ഉപാധി:*** വിനിമയ ബില്ലിന്റെ സഹായത്തോടെ സാധനം വാങ്ങുന്ന ആളിന് ഒരു നിശ്ചിത കാലയളവിനുശേഷം പണം നൽകിയാൽ മതിയെന്ന വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങാൻ സാധിക്കും. എന്നാൽ വിൽപ്പനക്കാരന് വേണമെങ്കിൽ വിനിമയ ബില്ലിനെ ബാങ്കുവഴി ഡിസ്കൗണ്ട് ചെയ്തോ മൂന്നാമതൊരാളെ അധികാരപ്പെടുത്തി കൈമാറ്റം (endorsement) നടത്തിയോ തന്റെ മറ്റു ഇടപാടുകൾ തീർപ്പാക്കാൻ സാധിക്കും.
- ***നിർണായകമായ തെളിവ്:*** കടമിടപാടുകൾ സാധൂകരിക്കാനുള്ള ആധികാരിക രേഖയായി വിനിമയ ബില്ലുകൾ ഉപയോഗിക്കുന്നു. നിശ്ചിതസമയത്ത് കടത്തിന് സാധനം വാങ്ങിയ വ്യക്തി നിർദേശിച്ച പണം നൽകാൻ വീഴ്ചവരുത്തിയാൽ ഒരു നോട്ടറിയുടെ സഹായത്താൽ വിനിമയ ബില്ലിലൂടെ വിൽപ്പനക്കാരന് നിയമപരമായി തന്റെ തുക നേടിയെടുക്കാൻ സാധിക്കുന്നു.
- ***കൈമാറ്റത്തിനുള്ള സൗകര്യം:*** വിനിമയ ബില്ലുകൾ കൈമാറ്റം ചെയ്യാവുന്ന പ്രമാണങ്ങളാണ്. ഇവയെ ഡ്രോയർക്ക് തന്റെ മറ്റു കടങ്ങൾ തീർപ്പാക്കാൻ ഉപയോഗിക്കാവുന്നതാണ്.

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - II**

*വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക*

(i) കാലാവധി ദിനത്തിൽ വാഗ്ദാനപത്രത്തിന്റെ പണം സ്വീകരിക്കുന്ന വ്യക്തിയെ .................... എന്നറിയപ്പെടുന്നു.

(ii) കൈമാറ്റ പ്രമാണങ്ങളിൽ കൈയൊപ്പിട്ട് കൈമാറ്റം ചെയ്യുന്ന പ്രക്രിയയാണ് ....................

(iii) വാഗ്ദാനപത്രത്തിൽ നിശ്ചിത സമയത്ത് പണം നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന വ്യക്തിയെ ........................ എന്നറിയപ്പെടുന്നു

(iv) വാഗ്ദാനപത്രങ്ങൾ ഒരു വ്യക്തിക്ക് അനുകൂലമായി പുറം കുറിപ്പ് ചെയ്യുന്ന വ്യക്തിയെ .................. എന്നറിയപ്പെടുന്നു

## 8.4 വിനിമയ ബില്ലിന്റെ കാലാവധി (Maturity of Bill)

ഒരു വിനിമയ ബില്ലിന്റെയോ, വാഗ്ദാനപത്രത്തിന്റെയോ തുക കൊടുത്തുതീർക്കേണ്ട ദിവസത്തെ കാലാവധി ദിനം എന്നറിയപ്പെടുന്നു. കാലാവധി ദിനം നിശ്ചയിക്കുമ്പോൾ അതിനോടൊപ്പം മൂന്ന് അധിക ദിവസങ്ങൾ കൂടി നൽകിയാണ് പണം നൽകപ്പെടേണ്ട ദിവസം തീരുമാനിക്കുന്നത്. ആ അധിക ദിവസങ്ങളെ 'ഇളവു ദിനങ്ങൾ' അഥവാ 'കാരുണ്യ ദിനങ്ങൾ' (days of grace) എന്നറിയപ്പെടുന്നു. ഉദാഹരണമായി ഒരു മാസം കാലാവധിയുള്ള ഒരു ബില്ല് മാർച്ച് അഞ്ചിന് തയാറാക്കിയാൽ, കാലാവധി തീരുന്ന ദിവസം ഏപ്രിൽ 8 ആയിരിക്കും. അതായത് മാർച്ച് അഞ്ചിനു ശേഷം ഒരു മാസവും അധികമായി മൂന്നുദിവസം കൂടി നൽകപ്പെടും. പക്ഷേ കാലാവധി ദിനം ഒരു പൊതു അവധി ദിവസം ആണെങ്കിൽ പണം നൽകേണ്ട ദിവസം കാലാവധി പൂർത്തിയാക്കുന്നതിന് തൊട്ടുമുൻപുള്ള ബിസിനസ്സ് ദിവസമായിരിക്കും. അതായത്, ഏപ്രിൽ 8 ഒരു പൊതു അവധി ദിവസം ആണെങ്കിൽ ഏപ്രിൽ 7 ന് ആയിരിക്കും പണം നൽകേണ്ട ദിവസം. എന്നാൽ 1881 ലെ കൈമാറ്റ പ്രമാണ നിയമപ്രകാരം, സർക്കാർ ഒരു അത്യാവശ്യ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കാലാവധി പൂർത്തിയാക്കുന്ന ദിവസമെന്നത് അവധി ദിവസത്തിനു ശേഷമുള്ള അടുത്ത പ്രവൃത്തി ദിവസമായിരിക്കും. ഉദാഹരണമായി പ്രകാശ് സ്വീകരിച്ച് ഷിജുവിന് നൽകിയ 20,000 രൂപ യുടെ ഒരു വിനിമയ ബില്ലിന്റെ കാലാവധി ഏപ്രിൽ 8 ആയിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ കൈമാറ്റ പ്രമാണ നിയമപ്രകാരം ഏപ്രിൽ എട്ടിന് ഒരു അവധി ദിനമായി പ്രഖ്യാപിച്ചാൽ ഏപ്രിൽ 9 ആയിരിക്കും പണം കൊടുക്കേണ്ട ദിവസമായി കണക്കാക്കുന്നത്.

## 8.5 ബില്ലിന്റെ ഡിസ്കൗണ്ടിംഗ് (Discounting of bill)

വിനിമയ ബില്ല് കൈവശമുള്ള വ്യക്തിക്ക് കാലാവധി ദിവസത്തിനുമുൻപ് പണത്തിന്റെ ആവശ്യം വരികയാണെങ്കിൽ ആ ബില്ല് ബാങ്കിൽ സമർപ്പിച്ച് പണം നേടാം. ഈ അവസരത്തിൽ ബാങ്ക് ബില്ലിന്റെ തുകയിൽ നിന്ന് ഒരു നിശ്ചിത തുക കിഴിച്ച് (ഇതിനെ ഡിസ്കൗണ്ട് എന്നു വിളിക്കുന്നു) ബാക്കി പണം നൽകുന്നു. ഇങ്ങനെ ബാങ്ക് ബില്ലിന്മേൽ പണം മുൻകൂറായി ലഭ്യമാക്കുന്നതിനെ ബിൽ ഡിസ്കൗണ്ടിംഗ് എന്നു വിളിക്കുന്നു. ബാങ്കിന് ബില്ലിന്റെ തുക കാലാവധി തീരുന്ന ദിവസം ഡ്രോയിയിൽ നിന്ന് ലഭിക്കുന്നതാണ് .

## 8.6 ബില്ല് അധികാരപ്പെടുത്തി കൈമാറ്റം ചെയ്യൽ (Endorsement of a bill)

ബില്ല് കൈവശം വച്ചിരിക്കുന്ന വ്യക്തിക്ക് അതിന്മേൽ കൈമാറ്റത്തെ തടയുന്ന നിർദേശങ്ങളൊന്നും ഇല്ലെങ്കിൽ ബില്ല് കൈമാറ്റം ചെയ്യാവുന്നതാണ്. ബില്ല് കൈമാറ്റം ചെയ്യപ്പെടുമ്പോൾ ഡ്രോയർ ബില്ലിന് പുറകുവശത്തായി അയാളുടെ ഒപ്പ് ചേർക്കേണ്ടതും ആർക്കാണ് കൈമാറ്റം ചെയ്യുന്നുവെന്ന് വ്യക്തമാക്കേണ്ടതുമാണ്. ഇങ്ങനെ കൈമാറ്റം ചെയ്യുന്നതിനെ 'ബില്ല് അധികാരപ്പെടുത്തി കൈമാറ്റം ചെയ്യൽ' എന്നാണ് വിളിക്കുന്നത്.

## 8.7 കണക്കുകളിൽ രേഖപ്പെടുത്തൽ (Accounting Treatment)

ഡ്രോയർ തയാറാക്കിയ ബില്ല് ഡ്രോയി സ്വീകരിച്ച ശേഷം തിരികെ ലഭിച്ചാൽ ആ ബില്ലിനെ ബിൽസ് റിസീവബിൾ (Bills Receivable) എന്നുപറയുന്നു. ബില്ലിലുള്ള കാര്യങ്ങൾ അംഗീകരിച്ച ഡ്രോയി ഈ ബില്ലിനെ ബിൽസ് പേയബിൾ (Bills Payable) എന്നും പറയുന്നു.

വാഗ്ദാന പത്രത്തിന്റെ കാര്യത്തിൽ അത് എഴുതിയുണ്ടാക്കുന്ന വ്യക്തിക്ക് ബിൽസ് പേയബിളും ആർക്കുവേണ്ടിയാണോ എഴുതുന്നത് അയാൾക്ക് ബിൽസ് റിസീവബിളും ആയിരിക്കും. ബിൽസ് റിസീവബിൾ ആസ്തിയും ബിൽസ് പേയബിൾ ബാധ്യതയുമാണ്. വിനിമയ ബില്ലുകളും വാഗ്ദാന പത്രങ്ങളും കണക്കുകളിൽ പരസ്പരം മാറ്റി ഉപയോഗിക്കാറുള്ള പദങ്ങളാണ്.

### *8.7.1 ഡ്രോയറുടെ/വാഗ്ദാതാവിന്റെ ബുക്കിൽ*

ഒരു ബില്ലിനെ അതിന്റെ കൈവശക്കാരന് താഴെ പറയുന്ന രീതികളിൽ കൈകാര്യം ചെയ്യാവുന്നതാണ്.

1) കാലാവധി ദിവസംവരെ ബില്ല് കൈവശംവച്ച്, കാലാവധി പൂർത്തിയാക്കുന്ന ദിവസം
   - (a) നേരിട്ട് പണം കൈപ്പറ്റാം
   - (b) ബാങ്ക് മുഖേന പണം സ്വീകരിക്കാം

2. ബാങ്കിൽനിന്ന് ഡിസ്കൗണ്ട് ചെയ്തു മുൻകൂർ തുക കൈപ്പറ്റാം.

3. ബില്ലിന്മേൽ പുറം കുറിപ്പ് നടത്തി തന്റെ ക്രെഡിറ്റർക്ക് നൽകാം.

ഡ്രോയറുടെ കണക്കുപുസ്തകത്തിൽ താഴെ പറയുന്ന നാല് വ്യത്യസ്ത രീതികളിൽ ഇവയെ രേഖപ്പെടുത്താം.

(ബില്ലുകൾ കൃത്യസമയത്തുതന്നെ സ്വീകരിക്കുകയും കാലാവധി ദിവസംതന്നെ ഇടപാടുകൾ നടത്തുകയും ചെയ്തിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ.)

(1) ബില്ല് കാലാവധി ദിനം വരെ കൈവശം വയ്ക്കുകയും കാലാവധി ദിവസം പണം ലഭിക്കുകയും ചെയ്താൽ

*ബില്ല് കിട്ടുമ്പോൾ*

ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.

To ഡെബ്റ്റർ അക്കൗണ്ട്

*കാലാവധി ദിനത്തിൽ പണം ലഭിക്കുമ്പോൾ*

ക്യാഷ് /ബാങ്ക് അക്കൗണ്ട് Dr.

To ബിൽസ് റിസീവബിൾ അക്കൗണ്ട്

എന്നാൽ ബില്ല് കൈവശം വയ്ക്കുകയും കാലാവധി എത്തുന്നതിന് കുറച്ച് ദിവസം മുമ്പ് പണം ശേഖരിക്കാനായി ബാങ്കിൽ സമർപ്പിക്കുകയും ചെയ്താൽ താഴെപ്പറയുന്ന രണ്ട് ജേർണൽ എൻട്രികൾ എഴുതണം.

*ശേഖരണത്തിന് വേണ്ടി ബില്ല് അയയ്ക്കുമ്പോൾ*

ബിൽസ് സെന്റ് ഫോർ കളക്ഷൻ അക്കൗണ്ട് Dr.

To ബിൽസ് റിസീവബിൾ അക്കൗണ്ട്

ബില്ലിന്റെ തുക ശേഖരിച്ച് വരവുവച്ചെന്ന് ബാങ്ക് അറിയിക്കുമ്പോൾ

ബാങ്ക് അക്കൗണ്ട് Dr.

To ബിൽസ് സെന്റ് ഫോർ കളക്ഷൻ അക്കൗണ്ട്

(2)ബില്ല് ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്യുമ്പോൾ

ബാങ്ക് അക്കൗണ്ട് Dr.

ഡിസ്കൗണ്ട് അക്കൗണ്ട് Dr.

To ബിൽസ് റിസീവബിൾ അക്കൗണ്ട്

ഈ സാഹചര്യത്തിൽ, കാലാവധി ദിനത്തിൽ ഡ്രോയറുടെ ബുക്കിൽ ജേർണൽ എൻട്രിയുടെ ആവശ്യമില്ല. കാരണം ബില്ല് ബാങ്കിന്റെ കൈവശമുള്ളതിനാൽ കാലാവധി ദിവസം ഡ്രോയിയിൽ നിന്ന് ബാങ്കിന് പണം കൈപ്പറ്റാവുന്നതാണ്.

(3)ബില്ല് പുറം കുറിപ്പ് ചെയ്ത് തന്റെ ക്രെഡിറ്റർക്ക് കൈമാറ്റം ചെയ്യുമ്പോൾ:

*ബില്ല് കിട്ടുമ്പോൾ*

ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.

To ഡെബ്റ്റർ അക്കൗണ്ട്

*പുറം കുറിപ്പ് ചെയ്യുമ്പോൾ*

ക്രെഡിറ്റർ അക്കൗണ്ട് Dr.

To ബിൽസ് റിസീവബിൾ അക്കൗണ്ട്

കാലാവധി ദിനത്തിൽ ഡ്രോയറുടെ ബുക്കിൽ ജേർണൽ എൻട്രിയുടെ ആവശ്യമില്ല. കാരണം ബില്ല് പുറം കുറിപ്പ് ചെയ്ത് കൈമാറുമ്പോൾ എൻഡോർസി ബില്ലിന്റെ കൈവശക്കാരനാകുകയും കാലാവധി ദിവസം ബിൽത്തുക അയാൾക്ക് ലഭിക്കുകയും ചെയ്യും.

### *8.7.1 ഡ്രോയി/സ്വീകർത്താവിന്റെ ബുക്കിൽ*

മുകളിൽ പറഞ്ഞ നാല് സന്ദർഭങ്ങളിലും ഡ്രോയിയുടെ ബുക്കിൽ താഴെ പറയുന്ന രണ്ടു ജേർണൽ എൻട്രികൾ മാത്രം രേഖപ്പെടുത്തിയാൽ മതി. ഡ്രോയർ ബില്ല് കാലാവധി വരെ കൈവശം വച്ചാലും ഡിസ്കൗണ്ട് ചെയ്താലും പുറം കുറിപ്പ് ചെയ്താലും ഡ്രോയിയുടെ ബുക്കിൽ പ്രസ്തുത ഇടപാടുകൾ രേഖപ്പെടുത്തേണ്ടതില്ല.

*ബില്ല് സ്വീകരിക്കുമ്പോൾ*

ക്രെഡിറ്റർ/ഡ്രോയർ അക്കൗണ്ട് Dr.

To ബിൽസ് പേയബിൾ അക്കൗണ്ട്

*കാലാവധി ദിവസം ബിൽ തുക നൽകുമ്പോൾ*

ബിൽസ് പേയബിൾ അക്കൗണ്ട് Dr.

To ബാങ്ക്/ക്യാഷ് അക്കൗണ്ട്

ഡ്രോയറുടെയും ഡ്രോയിയുടെയും കണക്കുബുക്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന സാഹചര്യങ്ങളിലെ ജേർണൽ എൻട്രികൾ താഴെ സംഗ്രഹിച്ചരിക്കുന്നു.

**പട്ടിക 3**

| | | |
|---|---|---|
| **1. ഡ്രോയർ ബില്ല് കാലാവധി ദിവസം വരെ കൈവശം വയ്ക്കുകയും കാലാവധി ദിവസം ബില്ലുതുക നേരിട്ട് സ്വീകരിക്കുകയും ചെയ്താൽ** | | |
| *ഇടപാട്* | *ഡ്രോയറുടെ ബുക്കിൽ* | *ഡ്രോയിയുടെ ബുക്കിൽ* |
| സാധനങ്ങൾ വാങ്ങുമ്പോൾ/ വിൽക്കുമ്പോൾ | ഡെബ്റ്റർ അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട് | പർച്ചെയ്സസ് അക്കൗണ്ട് Dr.<br>To ക്രെഡിറ്റർ അക്കൗണ്ട് |
| ബില്ല് സ്വീകരിച്ച് മടക്കി നൽകുമ്പോൾ | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഡെബ്റ്റർ അക്കൗണ്ട് | ക്രെഡിറ്റർ/ഡ്രോയർ അക്കൗണ്ട് Dr.<br>To ബിൽസ്പേയബിൾ അക്കൗണ്ട് |
| ബില്ല് തുക കാലാവധി ദിവസം നൽകുമ്പോൾ | ക്യാഷ് /ബാങ്ക് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട് | ബിൽസ്പേയബിൾ അക്കൗണ്ട് Dr.<br>To ക്യാഷ്/ബാങ്ക് അക്കൗണ്ട് |
| **2. കാലാവധി വരെ ബില്ല് കൈവശം സൂക്ഷിക്കുകയും കാലാവധിക്ക് തൊട്ടു മുൻപ് ബില്ല് ശേഖരണത്തിനായി ബാങ്കിൽ നൽകുകയും ചെയ്താൽ** | | |
| *ഇടപാട്* | *ഡ്രോയറുടെ ബുക്കിൽ* | *ഡ്രോയിയുടെ ബുക്കിൽ* |
| സാധനങ്ങൾ വാങ്ങുമ്പോൾ/ വിൽക്കുമ്പോൾ | ഡെബ്റ്റർ അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട് | പർച്ചെയ്സസ് അക്കൗണ്ട് Dr.<br>To ക്രെഡിറ്റർ അക്കൗണ്ട് |

| | | |
|---|---|---|
| ബില്ല് സ്വീകരിച്ച് മടക്കി നൽകുമ്പോൾ | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഡെബ്റ്റർ അക്കൗണ്ട് | ക്രെഡിറ്റർ/ഡ്രോയർ അക്കൗണ്ട് Dr.<br>To ബിൽസ്പേയബിൾ അക്കൗണ്ട് |
| ബില്ല് ശേഖരണത്തിനായി ബാങ്കിൽ നൽകുമ്പോൾ | ബിൽസ് സെന്റ് ഫോർ-കളക്ഷൻ അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട് | ജേർണൽ എൻട്രി ആവശ്യമില്ല |
| ബില്ല് തുക ബാങ്ക് ശേഖരിച്ച് അക്കൗണ്ടിൽ വരവുവച്ചെന്ന് അറിയിക്കുമ്പോൾ | ബാങ്ക് അക്കൗണ്ട് Dr.<br>To ബിൽസ് സെന്റ് ഫോർ കളക്ഷൻ അക്കൗണ്ട് | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട് |
| **3. ഡ്രോയർ ബില്ല് ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്യുമ്പോൾ** | | |
| *ഇടപാട്* | *ഡ്രോയറുടെ ബുക്കിൽ* | *ഡ്രോയിയുടെ ബുക്കിൽ* |
| സാധനങ്ങൾ വാങ്ങുമ്പോൾ/ വിൽക്കുമ്പോൾ | ഡെബ്റ്റർ അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട് | പർച്ചെയ്സെസ് അക്കൗണ്ട് Dr.<br>To ക്രെഡിറ്റർ അക്കൗണ്ട് |
| ബില്ല് സ്വീകരിച്ച് മടക്കി നൽകുമ്പോൾ അക്കൗണ്ട് | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഡെബ്റ്റർ അക്കൗണ്ട് | ക്രെഡിറ്റർ/ഡ്രോയർ അക്കൗണ്ട് Dr.<br>To ബിൽസ്പേയബിൾ അക്കൗണ്ട് |
| ഡിസ്കൗണ്ട് ചെയ്യുമ്പോൾ | ക്യാഷ്/ബാങ്ക് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട് | ജേർണൽ എൻട്രി ആവശ്യമില്ല. |
| കാലാവധി ദിനത്തിൽ | ജേർണൽ എൻട്രി ആവശ്യമില്ല | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട് |
| **4.ബില്ല് പുറം കുറിപ്പ് ചെയ്ത് ഡ്രോയർ തന്റെ ക്രെഡിറ്റർക്ക് കൈമാറ്റം ചെയ്താൽ** | | |
| *ഇടപാട്* | *ഡ്രോയറുടെ ബുക്കിൽ* | *ഡ്രോയിയുടെ ബുക്കിൽ* |
| സാധനങ്ങൾ വാങ്ങുമ്പോൾ/ വിൽക്കുമ്പോൾ | ഡെബ്റ്റർ അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട് | പർച്ചെയ്സെസ് അക്കൗണ്ട് Dr.<br>To ക്രെഡിറ്റർ അക്കൗണ്ട് |
| ബില്ല് സ്വീകരിച്ച് മടക്കി നൽകുമ്പോൾ | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഡെബ്റ്റർ അക്കൗണ്ട് | ക്രെഡിറ്റർ/ഡ്രോയർ അക്കൗണ്ട് Dr.<br>To ബിൽസ്പേയബിൾ അക്കൗണ്ട് |
| ബില്ല് പുറം കുറിപ്പോടെ കൈമാറ്റം ചെയ്യുമ്പോൾ | ക്രെഡിറ്റർ അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട് | ജേർണൽ എൻട്രി ആവശ്യമില്ല. |
| കാലാവധി ദിനത്തിൽ | ജേർണൽ എൻട്രി ആവശ്യമില്ല | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട് |

**നിർദ്ധാരണം – 1**

20,000 രൂപ വില വരുന്ന സാധനങ്ങൾ മനോജ് 01/01/ 2016 ൽ ഹംസയ്ക്ക് വിൽക്കുന്നു. വിൽപ്പന വിലയ്ക്ക് സമാനമായ തുകയ്ക്ക് മൂന്നു മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് മനോജ് തയാറാക്കി ഹംസയ്ക്ക് നൽകുകയും, ഹംസ ആ ബില്ല് സ്വീകരിച്ച് മടക്കി നൽകുകയും ചെയ്തു. കാലാവധി ദിനം ഹംസ ബിൽത്തുക പൂർണമായി നൽകി. താഴെപ്പറയുന്ന സന്ദർഭങ്ങളിൽ മനോജിന്റെയും, ഹംസയുടെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

(i) കാലാവധി ദിനം വരെ മനോജ് ബില്ല് കൈവശം വച്ചാൽ.

(ii) മനോജ് ബില്ല് കിട്ടിയ ദിനം തന്നെ 12% വാർഷിക പലിശനിരക്കിൽ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്താൽ.

(iii) മനോജ് തന്റെ ക്രെഡിറ്ററായ തോമസിന് ഈ ബില്ല് പുറം കുറിപ്പ് (എൻഡോഴ്സ്) ചെയ്താൽ.

(iv) 2016 മാർച്ച് 31 വരെ ബില്ല് കൈവശം വയ്ക്കുകയും അന്നേ ദിവസം ബില്ല് ബാങ്കിൽ ശേഖരണത്തിന് വേണ്ടി അയയ്ക്കുകയും ചെയ്തു. 2016 ഏപ്രിൽ 5 നു ബില്ല് തുക ശേഖരിച്ചു അക്കൗണ്ടിൽ വരവ് വച്ചതായി ബാങ്കിൽ നിന്ന് വിവരം ലഭിച്ചു.

**ഉത്തരം**

**മനോജിന്റെ ബുക്ക്**

**ജേർണൽ**

*(i) കാലാവധി ദിനം വരെ മനോജ് ബില്ല് കൈവശം വച്ചാൽ*

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 01 | ഹംസ അക്കൗണ്ട് Dr. | | 20,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 20,000 |
| | (ഹംസയ്ക്ക് സാധനം വിറ്റു) | | | |
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 20,000 | |
| | To ഹംസ അക്കൗണ്ട് | | | 20,000 |
| | (3 മാസം കാലാവധിയുള്ള ബില്ല് ഹംസ സ്വീകരിച്ച് തിരികെ ലഭിച്ചു) | | | |

| | | | | |
|---|---|---|---|---|
| ഏപ്രിൽ 4 | ക്യാഷ് /ബാങ്ക് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(കാലാവധി ദിവസം ബില്ലിന്റെ തുക കിട്ടി) | | 20,000 | 20,000 |

*(ii) ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്താൽ*

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്)* (₹) | *തുക (ക്രെഡിറ്റ്)* (₹) |
|---|---|---|---|---|
| 2016<br>ജനുവരി 01 | ഹംസ അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(ഹംസയ്ക്ക് സാധനം വിറ്റു) | | 20,000 | 20,000 |
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഹംസ അക്കൗണ്ട്<br>(3 മാസം കാലാവധി ഉള്ള ബില്ല് ഹംസ സ്വീകരിച്ചു, തിരികെ ലഭിച്ചു) | | 20,000 | 20,000 |
| ഏപ്രിൽ 4 | ബാങ്ക് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | 19,400<br>600 | 20,000 |

*(iii) മനോജ് തന്റെ ക്രെഡിറ്ററായ തോമസിന് ബില്ല് പുറം കുറിപ്പ് ചെയ്താൽ*

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്)* (₹) | *തുക (ക്രെഡിറ്റ്)* (₹) |
|---|---|---|---|---|
| 2016<br>ജനുവരി 01 | ഹംസ അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(ഹംസയ്ക്ക് സാധനം വിറ്റു) | | 20,000 | 20,000 |

| | | | | |
|---|---|---|---|---|
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഹംസ അക്കൗണ്ട്<br>(3 മാസം കാലാവധി ഉള്ള ബില്ല് ഹംസ സ്വീകരിച്ച് തിരികെ ലഭിച്ചു) | | 20,000 | 20,000 |
| ജനുവരി 01 | തോമസ് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(ബില്ല് തോമസിന് പുറം കുറിപ്പോടെ കൈമാറ്റം ചെയ്തു) | | 20,000 | 20,000 |

*(iv) ബില്ല് ബാങ്കിൽ ശേഖരണത്തിന് വേണ്ടി അയയ്ക്കുമ്പോൾ*

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്)* (₹) | *തുക (ക്രെഡിറ്റ്)* (₹) |
|---|---|---|---|---|
| 2016<br>ജനുവരി 01 | ഹംസ അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(ഹംസയ്ക്ക് സാധനം വിറ്റു) | | 20,000 | 20,000 |
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഹംസ അക്കൗണ്ട്<br>(3 മാസം കാലാവധി ഉള്ള ബില്ല് ഹംസ സ്വീകരിച്ച് തിരികെ ലഭിച്ചു) | | 20,000 | 20,000 |
| മാർച്ച് 31 | ബിൽസ് സെന്റ് ഫോർ കളക്ഷൻ അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(ബില്ല് ശേഖരണത്തിന് വേണ്ടി അയച്ചു) | | 20,000 | 20,000 |
| ഏപ്രിൽ 5 | ബാങ്ക് അക്കൗണ്ട് Dr.<br>To ബിൽസ് സെന്റ് ഫോർ കളക്ഷൻ അക്കൗണ്ട്<br>(ശേഖരണത്തിന് അയച്ച ബില്ലിന്റെ തുക ബാങ്ക് വരവ് വച്ചു) | | 20,000 | 20,000 |

മുകളിൽ പറഞ്ഞ നാല് സന്ദർഭങ്ങളിലും ഹംസയുടെ ബുക്കിൽ താഴെ പറയുന്ന ജേർണൽ എൻട്രികൾ രേഖപ്പെടുത്താം.

**ഹംസയുടെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്.* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016<br>ജനുവരി 01 | പർച്ചെയ്സസ് അക്കൗണ്ട് Dr.<br>To മനോജ് അക്കൗണ്ട്<br>(മനോജിൽ നിന്ന് സാധനം കടത്തിൽ വാങ്ങി) | | 20,000 | 20,000 |
| ജനുവരി 01 | മനോജ് അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>(3 മാസം കാലാവധി ഉള്ള ബില്ല് മനോജിൽ നിന്ന് സ്വീകരിച്ചു) | | 20,000 | 20,000 |
| ഏപ്രിൽ 4 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്/ ക്യാഷ് അക്കൗണ്ട്<br>(കാലാവധി ദിനം ബില്ലിന്റെ തുക നൽകി) | | 20,000 | 20,000 |

**നിർദ്ധാരണം – 2**

2016 മാർച്ച് 15ന് 8,000 രൂപ മൂല്യമുള്ള സാധനങ്ങൾ ഗോപിക ഗോകുലിന് കടത്തിന് വിൽക്കുന്നു. മൂന്നു മാസം കാലാവധിയുള്ള ഒരു ബില്ല് തയാറാക്കി ഗോകുലിന് നൽകുന്നു. ഗോകുൽ ആ ബില്ല് സ്വീകരിച്ച് ഗോപികയ്ക്ക് മടക്കി നൽകി. ഏപ്രിൽ 15 ന് ഗോപിക തന്റെ ക്രെഡിറ്ററായ രതീഷിന് 8,250 രൂപ കടത്തിന്റെ പൂർണ തീർപ്പാക്കലിന് വേണ്ടി ബില്ല് എൻഡോർസ് ചെയ്തു. രതീഷ് മെയ് 15 നു 12% വാർഷികപ്പലിശ നിരക്കിൽ ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു. കാലാവധി ദിവസം ഗോകുൽ ബില്ലിന്റെ തുക പൂർണമായും നൽകി. മുകളിൽ പറഞ്ഞ ഇടപാടുകൾ ഗോകുലിന്റെയും ഗോപികയുടെയും രതീഷിന്റെയും ബുക്കിൽ രേഖപ്പെടുത്തുക.

## ഗോപികയുടെ ബുക്ക്
### ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2016 | | | | |
| മാർച്ച് 15 | ഗോകുൽ അക്കൗണ്ട് Dr. | | 8,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 8,000 |
| | (ഗോകുലിന് കടത്തിന് സാധനം വിറ്റു) | | | |
| മാർച്ച് 15 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 8,000 | |
| | To ഗോകുൽ അക്കൗണ്ട് | | | 8,000 |
| | (3 മാസം കാലാവധി ഉള്ള ബില്ല് ഗോകുൽ സ്വീകരിച്ച് തിരികെ ലഭിച്ചു) | | | |
| ഏപ്രിൽ 15 | രതീഷ് അക്കൗണ്ട് Dr. | | 8,250 | |
| | To ബിൽസ് റിസീവബിൾ അക്കൗണ്ട് | | | 8,000 |
| | To ഡിസ്കൗണ്ട് റിസീവ്ഡ് അക്കൗണ്ട് | | | 250 |
| | (രതീഷിന് കടത്തിന്റെ പൂർണ തീർപ്പാക്കലിന് വേണ്ടി ബില്ല് എൻഡോർസ് ചെയ്തു) | | | |

## ഗോകുലിന്റെ ബുക്ക്
### ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2016 | | | | |
| മാർച്ച് 15 | പർച്ചെയ്സസ് അക്കൗണ്ട് Dr. | | 8,000 | |
| | To ഗോപിക അക്കൗണ്ട് | | | 8,000 |
| | (ഗോപികയിൽ നിന്ന് കടത്തിന് സാധനം വാങ്ങി) | | | |
| മാർച്ച് 15 | ഗോപിക അക്കൗണ്ട് Dr. | | 8,000 | |
| | To ബിൽസ് പേയബിൾ അക്കൗണ്ട് | | | 8,000 |
| | (3 മാസം കാലാവധി ഉള്ള ബില്ല് ഗോപികയിൽ നിന്ന് സ്വീകരിച്ചു) | | | |

| | | | | |
|---|---|---|---|---|
| ജൂൺ 18 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്/ ക്യാഷ് അക്കൗണ്ട്<br>(കാലാവധി ദിനം ബില്ലിന്റെ<br>തുക നൽകി ) | | 8,000 | 8,000 |

**രതീഷിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്)* (₹) | *തുക (ക്രെഡിറ്റ്)* (₹) |
|---|---|---|---|---|
| 2016<br>ഏപ്രിൽ 15 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അലൗഡ് അക്കൗണ്ട് Dr.<br>To ഗോപിക അക്കൗണ്ട്<br>(8,250 രൂപ കടത്തിന്റെ പൂർണ്ണ<br>തീർപ്പാക്കലിന് വേണ്ടി ബില്ല്<br>എൻഡോർസ് ചെയ്തു കിട്ടി) | | 8,000<br>250 | <br><br>8,250 |
| മെയ് 15 | ബാങ്ക് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(ബില്ല് ബാങ്കിൽ ഡിസ്കൗണ്ട്<br>ചെയ്തു) | | 7,920<br>80 | <br><br>8,000 |

## 8.8 ബില്ല് നിരാകരിക്കൽ (Dishonour of a Bill)

ബില്ല് നിരാകരിക്കുക എന്നത് കൊണ്ട് അർഥമാക്കുന്നത് ബില്ലിന്റെ കാലാവധി പൂർത്തിയാക്കുന്ന ദിവസം പണം നൽകുന്നതിൽ ഡ്രോയി പരാജയപ്പെട്ടിരിക്കുന്നു എന്നാണ്. ഈ സാഹചര്യത്തിൽ സ്വീകർത്താവിന്റെ ബാധ്യത പുനസ്ഥാപിക്കപ്പെടുകയും ബില്ല് റദ്ദാകുകയും ചെയ്യും. ഇതിനായി ബില്ല് സ്വീകരിച്ച സമയത്തുള്ള ജേർണൽ എൻട്രികൾ നേർ വിപരീതമായി രേഖപ്പെടുത്തണം. ഉദാഹരണമായി മഞ്ജു സ്വീകരിച്ചു നൽകിയ ഒരു ബില്ല് അഞ്ജുവിന്റെ കൈവശം ഉണ്ട്. എന്നാൽ കാലാവധി ദിവസം ബിൽ നിരാകരിക്കപ്പെട്ടു. അഞ്ജുവിന്റെ ബുക്കിൽ നിരാകരിക്കപ്പെട്ടതുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ താഴെ പറയും പ്രകാരം രേഖപ്പെടുത്താം.

*കാലാവധി ദിവസം വരെ അഞ്ജു ബിൽ കൈവശം വച്ചിരുന്നാൽ*

മഞ്ജു അക്കൗണ്ട് Dr.

To ബിൽസ് റിസീവബിൾ അക്കൗണ്ട്

*അഞ്ജു, തന്റെ ക്രെഡിറ്ററായ സന്ധ്യക്ക് ബില്ല് പുറംകുറിപ്പോടെ കൈമാറ്റം ചെയ്താൽ*

മഞ്ജു അക്കൗണ്ട് Dr.

To സന്ധ്യ അക്കൗണ്ട്

*അഞ്ജു, ബിൽ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്താൽ*

മഞ്ജു അക്കൗണ്ട് Dr.

To ബാങ്ക് അക്കൗണ്ട്

*അഞ്ജു, ബിൽ ബാങ്കിൽ ശേഖരണത്തിന് വേണ്ടി നൽകിയാൽ*

മഞ്ജു അക്കൗണ്ട് Dr.

To ബിൽസ് സെന്റ് ഫോർ കളക്ഷൻ അക്കൗണ്ട്

**നിർദ്ധാരണം – 3**

2016 ജനുവരി 1 ന് ജോമോൻ 10,000 രൂപയുടെ ചരക്കുകൾ അലിക്ക് വിൽക്കുന്നു. പകരമായി ജോമോൻ തയാറാക്കിയ 2 മാസ കാലാവധിയുള്ള ഒരു വിനിമയ ബിൽ അലി സ്വീകരിച്ചു മടക്കി നൽകുന്നു. എന്നാൽ കാലാവധി ദിവസം ബിൽ നിരാകരിക്കപ്പെട്ടു. താഴെ തന്നിരിക്കുന്ന സന്ദർഭങ്ങളിൽ ജോമോന്റേയും അലിയുടെയും പുസ്തകത്തിലെ ജേർണൽ എൻട്രികൾ എഴുതുക

(i) കാലാവധി ദിനം വരെ ജോമോൻ ബിൽ കൈവശം വച്ചിരുന്നാൽ

(ii) 200 രൂപ ഡിസ്കൗണ്ടിൽ ബിൽ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്താൽ

(iii) ജോമോൻ ബിൽ തന്റെ ക്രെഡിറ്റർ ആയ നൗഷാദിന് എൻഡോർസ് ചെയ്താൽ

*(i) കാലാവധി ദിനം വരെ ജോമോൻ ബില്ല് കൈവശം വച്ചിരുന്നാൽ*

**ജോമോന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016 ജനുവരി 01 | അലി അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(അലിക്ക് സാധനം വിറ്റു) | | 10,000 | 10,000 |

| | | | | |
|---|---|---|---|---|
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To അലി അക്കൗണ്ട്<br>(2 മാസം കാലാവധി ഉള്ള ബില്ല് അലി സ്വീകരിച്ചു തിരികെ ലഭിച്ചു) | | 10,000 | 10,000 |
| മാർച്ച് 4 | അലി അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(കാലാവധി ദിവസം ബിൽ നിരാകരിക്കപ്പെട്ടു) | | 10,000 | 10,000 |

*(ii) ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്താൽ*

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016<br>ജനുവരി 01 | അലി അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(അലിക്ക് സാധനം വിറ്റു) | | 10,000 | 10,000 |
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To അലി അക്കൗണ്ട്<br>(2 മാസം കാലാവധി ഉള്ള ബില്ല് അലി സ്വീകരിച്ചു തിരികെ ലഭിച്ചു) | | 10,000 | 10,000 |
| ജനുവരി 01 | ബാങ്ക് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ A/c<br>(ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | 9,800<br>200 | 10,000 |
| മാർച്ച് 04 | അലി അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ഡിസ്കൗണ്ട് ചെയ്ത ബിൽ നിരാകരിക്കപ്പെട്ടു) | | 10,000 | 10,000 |

*(iii) ബില്ല് നൗഷാദിന് എൻഡോർസ് ചെയ്താൽ*

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 01 | അലി അക്കൗണ്ട് Dr. | | 10,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 10,000 |
| | (അലിക്ക് സാധനം വിറ്റു) | | | |
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 10,000 | |
| | To അലി അക്കൗണ്ട് | | | 10,000 |
| | (2 മാസം കാലാവധി ഉള്ള ബില്ല് അലി സ്വീകരിച്ചു തിരികെ ലഭിച്ചു ) | | | |
| ജനുവരി 01 | നൗഷാദ് അക്കൗണ്ട് Dr. | | 10,000 | |
| | To ബിൽസ് റിസീവബിൾ അക്കൗണ്ട് | | | 10,000 |
| | (ബില്ല് നൗഷാദിന് എൻഡോർസ് ചെയ്തു) | | | |
| മാർച്ച് 04 | അലി അക്കൗണ്ട് Dr. | | 10,000 | |
| | To നൗഷാദ് അക്കൗണ്ട് | | | 10,000 |
| | (എൻഡോർസ് ചെയ്ത ബിൽ നിരാകരിക്കപ്പെട്ടു) | | | |

**അലിയുടെ ബുക്ക്**

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 01 | പർച്ചെയ്സെസ് അക്കൗണ്ട് Dr. | | 10,000 | |
| | To ജോമോൻ അക്കൗണ്ട് | | | 10,000 |
| | (ജോമോനിൽ നിന്ന് കടത്തിന് സാധനം വാങ്ങി) | | | |

| | | | | |
|---|---|---|---|---|
| ജനുവരി 01 | ജോമോൻ അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>(രണ്ട് മാസം കാലാവധി ഉള്ള ബില്ല് ജോമോനിൽ നിന്ന് സ്വീകരിച്ചു നൽകി) | | 10,000 | 10,000 |
| മാർച്ച് 04 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ജോമോൻ അക്കൗണ്ട്<br>(കാലാവധി ദിവസം ബിൽ നിരാകരിക്കപ്പെട്ടു) | | 10,000 | 10,000 |

### 8.8.1 നോട്ടിംഗ് ചെലവുകൾ (Noting Charges)

കാലാവധി ദിനത്തിൽ ബില്ലിൽ പറഞ്ഞിരിക്കുന്ന തുക നൽകാൻ ഡ്രോയി ബാധ്യസ്ഥനാണ്. കാലാവധി ദിനത്തിൽ ബിസിനസ്സ് പ്രവൃത്തി സമയത്തിനുള്ളിൽ ബിൽ തുക നൽകാൻ ഡ്രോയി പരാജയപ്പെടുമ്പോൾ ബില്ല് നിരാകരിക്കപ്പെടുന്നു. ഇങ്ങനെ നിരാകരിക്കപ്പെട്ട ബില്ലുകളുടെ ആധികാരികത ഉറപ്പാക്കാൻ സാധാരണയായി ബില്ലുകൾ നോട്ടറി പബ്ലിക്കിന് മുന്നിൽ നോട്ടു ചെയ്യേണ്ടതാണ്. നോട്ടിംഗ് സേവനം ചെയ്യുമ്പോൾ നോട്ടറി പബ്ലിക് 'നോട്ടിംഗ് ചെലവുകൾ' എന്ന ഒരു പ്രതിഫലം ഈടാക്കുന്നു. നോട്ടിംഗ് ചെയ്യുമ്പോൾ താഴെ പറയുന്ന വസ്തുതകൾ നോട്ടറി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ട്.

- തീയതി, ബില്ല് നിരാകരിക്കപ്പെട്ടതിന്റെ വസ്തുതയും കാരണവും.
- ബില്ല് നിരാകരിക്കപ്പെട്ടത് പ്രകടമല്ലെങ്കിലും ബില്ല് നിരാകരിച്ചതായി അയാൾ പരിഗണിച്ചതിന്റെ കാരണങ്ങൾ.
- നോട്ടിംഗ് ചെലവായി ഈടാക്കിയ തുക.

ഡ്രോയറുടെ ബുക്കിൽ നോട്ടിംഗ് ചെലവുമായി ബന്ധിപ്പിച്ചു താഴെ പറയുന്ന ജേർണൽ എൻട്രികൾ രേഖപെടുത്താറുണ്ട്.

*ഡ്രോയർ നോട്ടിംഗ് ചെലവുകൾ കൊടുക്കുമ്പോൾ*

ഡ്രോയി അക്കൗണ്ട് Dr.
To ക്യാഷ് അക്കൗണ്ട്

*എൻഡോർസി നോട്ടിംഗ് ചെലവുകൾ കൊടുക്കുമ്പോൾ*

ഡ്രോയി അക്കൗണ്ട് Dr.
To എൻഡോർസി അക്കൗണ്ട്

*ഡിസ്കൗണ്ട് ചെയ്ത ബില്ലിന്മേൽ ബാങ്ക് നോട്ടിംഗ് ചെലവുകൾ കൊടുക്കുമ്പോൾ*

ഡ്രോയി അക്കൗണ്ട് Dr.
To ബാങ്ക് അക്കൗണ്ട്

*ബാങ്ക് വഴി ശേഖരിച്ചു വരവ് വയ്ക്കാൻ നൽകിയ ബില്ലിൽ നോട്ടിംഗ് ചെലവ് ഉണ്ടാകുകയും ബാങ്ക് ആ ചെലവ് കൊടുക്കുകയും ചെയ്യുമ്പോൾ*

ഡ്രോയി അക്കൗണ്ട് Dr.
To ബാങ്ക് അക്കൗണ്ട്

നോട്ടിംഗ് ചെലവുകൾ ആര് കൊടുത്താലും ഈ ചെലവുകൾ ഡ്രോയി വഹിക്കേണ്ടതാണ്. (അതിനാലാണ് മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ ജേർണൽ എൻട്രികളിലും ഡ്രോയറുടെ ബുക്കിൽ ഡ്രോയിക്കു ഡെബിറ്റ് ബാലൻസ് വരുന്നത്.) കാരണം ഡ്രോയിയുടെ വീഴ്ചമൂലം ആണ് നോട്ടിംഗ് ചെലവുകൾ ഉണ്ടായത്. ഈ ചെലവ് രേഖപ്പെടുത്താൻ ഡ്രോയി തന്റെ ബുക്കിൽ ഒരു നോട്ടിംഗ് ചെലവ് അക്കൗണ്ട് തയാറാക്കുന്നു. ഇതിൽ നോട്ടിംഗ് ചെലവുകളെ ഡെബിറ്റ് ചെയ്യുകയും ഡ്രോയറെ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്നു. ഉദാഹരണമായി 15,000 രൂപ മൂല്യമുള്ള ചരക്കുകൾ പ്രണവ്, മാധവിന് 2016 ജനുവരി 1 നു കടത്തിന് വിൽക്കുന്നു. പകരമായി മൂന്നു മാസ കാലയളവുള്ള ഒരു വിനിമയ ബിൽ തയാറാക്കി മാധവിന് നൽകുന്നു. മാധവ് ബില്ല് സ്വീകരിച്ചു തിരിച്ചു നൽകുന്നു. എന്നാൽ കാലാവധി ദിനത്തിൽ ബിൽ നിരാകരിക്കുകയും ബില്ല് കൈവശക്കാരൻ 50 രൂപ നോട്ടിംഗ് ചെലവായി നൽകുകയും ചെയ്തു. താഴെ പറയുന്ന സാഹചര്യങ്ങളിൽ പ്രണവിന്റെയും മാധവിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ ഇപ്രകാരം ആയിരിക്കും.

(a) കാലാവധി ദിവസം വരെ പ്രണവ് ബില്ല് കൈവശം വയ്ക്കുന്നു.

(b) ബില്ല് കിട്ടിയ ഉടൻ പ്രണവ് 12 % വാർഷികപ്പലിശ നിരക്കിൽ ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്യുന്നു.

(c) തന്റെ ക്രെഡിറ്റർ ആയ ചിത്രയ്ക്ക് ഈ ബില്ല് മാധവ് എൻഡോർസ് ചെയ്യുന്നു.

**പ്രണവിന്റെ പുസ്തകത്തിലെ ജേർണൽ എൻട്രികൾ**

*(i) കാലാവധി ദിനം വരെ പ്രണവ് ബില്ല് കൈവശം വച്ചാൽ*

**പ്രണവിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016 ജനുവരി 01 | മാധവ് അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(മാധവിന് സാധനം വിറ്റു) | | 15,000 | 15,000 |

| | | | | |
|---|---|---|---|---|
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To മാധവ് അക്കൗണ്ട്<br>(3 മാസം കാലാവധി ഉള്ള ബില്ല് മാധവ് സ്വീകരിച്ചു തിരികെ ലഭിച്ചു) | | 15,000 | <br>15,000 |
| ഏപ്രിൽ 04 | മാധവ് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>To ക്യാഷ് അക്കൗണ്ട്<br>(കാലാവധി ദിവസം ബില്ല് നിരാകരിക്കപ്പെടുകയും നോട്ടിംഗ് ചെലവായി 50 രൂപ കൊടുക്കുകയും ചെയ്തു.) | | 15,050 | <br>15,000<br>50 |

*(ii) ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്താൽ*

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016<br>ജനുവരി 01 | മാധവ് അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(മാധവിന് സാധനം വിറ്റു) | | 15,000 | <br>15,000 |
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To മാധവ് അക്കൗണ്ട്<br>(3 മാസം കാലാവധി ഉള്ള ബില്ല് മാധവ് സ്വീകരിച്ചു തിരികെ ലഭിച്ചു.) | | 15,000 | <br>15,000 |
| ജനുവരി 01 | ബാങ്ക് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>( ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | 14,550<br>450 | <br><br>15,000 |
| മാർച്ച് 04 | മാധവ് അക്കൗണ്ട് Dr.<br>To ബാങ്ക്<br>(ഡിസ്കൗണ്ട് ചെയ്ത ബിൽ നിരാകരിക്കപ്പെട്ടു, ബാങ്ക് നോട്ടിംഗ് ചെലവായി 50 രൂപ കൊടുത്തു) | | 15,050 | <br>15,050 |

*(iii) ബില്ല് ചിത്രയ്ക്ക് എൻഡോർസ് ചെയ്താൽ*

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 01 | മാധവ് അക്കൗണ്ട് Dr. | | 15,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 15,000 |
| | (മാധവിന് സാധനം വിറ്റു) | | | |
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 15,000 | |
| | To മാധവ് അക്കൗണ്ട് | | | 15,000 |
| | (3 മാസം കാലാവധി ഉള്ള ബില്ല് മാധവ് സ്വീകരിച്ചു തിരികെ ലഭിച്ചു) | | | |
| ജനുവരി 01 | ചിത്ര അക്കൗണ്ട് Dr. | | 15,000 | |
| | To ബിൽസ് റിസീവബിൾ അക്കൗണ്ട് | | | 15,000 |
| | (ബില്ല് ചിത്രയ്ക്ക് എൻഡോർസ് ചെയ്തു) | | | |
| ഏപ്രിൽ 04 | മാധവ് അക്കൗണ്ട് Dr. | | 15,050 | |
| | To ചിത്ര അക്കൗണ്ട് | | | 15,050 |
| | (എൻഡോർസ് ചെയ്ത ബില്ല് നിരാകരിക്കപ്പെട്ടു, ചിത്ര നോട്ടിംഗ് ചെലവായി 50 രൂപ കൊടുത്തു) | | | |

മുകളിൽ പറഞ്ഞ മൂന്നു സന്ദർഭങ്ങളിലും മാധവിന്റെ ബുക്കിൽ താഴെ പറയുന്ന ജേർണൽ എൻട്രികൾ ആയിരിക്കും

**മാധവിന്റെ ബുക്ക്**

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 01 | പർച്ചെയ്സസ് അക്കൗണ്ട് Dr. | | 15,000 | |
| | To പ്രണവ് അക്കൗണ്ട് | | | 15,000 |
| | (പ്രണവിൽ നിന്നും കടത്തിന് സാധനം വാങ്ങി) | | | |

| | | | | | |
|---|---|---|---|---|---|
| ജനുവരി 01 | പ്രണവ് അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>(മൂന്ന് മാസം കാലാവധി ഉള്ള ബില്ല്<br>പ്രണവിൽ നിന്ന് സ്വീകരിച്ചു നൽകി) | | 15,000 | 15,000 |
| മാർച്ച് 04 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>നോട്ടിംഗ് ചാർജ് അക്കൗണ്ട്<br>To പ്രണവ് അക്കൗണ്ട്<br>(കാലാവധി ദിവസം ബില്ല് നോട്ടിംഗ്<br>ചാർജോടെ നിരാകരിക്കപ്പെട്ടു) | | 15,000<br>50 | 15,050 |

## 8.9 ബില്ല് പുതുക്കൽ (Renewal of a Bill)

ബില്ലിൽ പറഞ്ഞിരിക്കുന്ന കാലാവധി ദിവസം പണമിടപാട് നടത്താൻ പറ്റാതെ വന്നാൽ ഡ്രോയി, ഡ്രോയറെ സമീപിച്ച് ബില്ലിന്റെ കാലാവധി നീട്ടിത്തരുവാൻ ആവശ്യപ്പെടാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ പഴയ ബില്ല് റദ്ദാവുകയും ദീർഘിപ്പിച്ച കാലവധിക്ക് ഒരു പുതിയ ബില്ല് ഡ്രോയി സ്വീകരിക്കുകയും ചെയ്താൽ ഈ പ്രവൃത്തിയെ ബിൽ പുതുക്കൽ എന്ന് പറയാം. ബില്ല് റദ്ദാക്കുന്നത് പരസ്പരം അംഗീകാരത്തോടുകൂടിയായതിനാൽ നോട്ടിംഗ് ആവശ്യമായി വരുന്നില്ല.

കാലാവധി നീട്ടിക്കൊടുക്കുന്നതിനാൽ ഡ്രോയി ഒരു നിശ്ചിത തുക പലിശയായി കൊടുക്കേണ്ടി വരും. ആ തുക പണമായി നൽകുകയോ, പുതിയ ബില്ലിന്റെ തുകയോടൊപ്പം ചേർക്കുകയോ ചെയ്യാം. ചിലപ്പോൾ ഡ്രോയി നൽകാനുള്ള തുകയുടെ ഒരു ഭാഗം രൊക്കം പണമായി നൽകുകയും ബാക്കി തുകയ്ക്ക് പുതിയ ബില്ല് അംഗീകരിക്കുകയും ചെയ്യാം.

ഉദാഹരണമായി, 10,000 രൂപ യുടെ ഒരു ബില്ല് റദ്ദാക്കി രൊക്കം പണമായി 3,000 രൂപയും ബാക്കി തുകയ്ക്ക് പരസ്പരം അംഗീകരിച്ച പലിശയും ചേർത്ത് ഒരു പുതിയ ബില്ല് തയാറാക്കാവുന്നതാണ്. ബില്ല് റദ്ദാക്കുമ്പോൾ ഉള്ള ജേർണൽ എൻട്രികൾ ബില്ല് നിരാകരിക്കു മ്പോൾ ഉള്ള ജേർണൽ എൻട്രികൾ തന്നെയാണ്. പലിശ പണമായി ലഭിച്ചാൽ ക്യാഷിന് ഡെബിറ്റും പലിശയ്ക്ക് ക്രെഡിറ്റും നൽകി ജേർണൽ എൻട്രി രേഖപ്പെടുത്തണം. എന്നാൽ പലിശ പുതിയ ബില്ലിൽ കൂട്ടിച്ചേർത്താൽ ഡ്രോയിക്ക് ഡെബിറ്റും പലിശയ്ക്ക് ക്രെഡിറ്റും രേഖപ്പെടുത്തണം.

പഴയ ബില്ല് റദ്ദാക്കുന്നത്, പലിശ കണക്കാക്കുന്നത്, പുതിയ ബില്ല് തയാറാക്കി അംഗീകരിക്കുന്നത് എന്നിവയുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ താഴെ തന്നിരിക്കുന്നു.

| *ഇടപാട്* | *ഡ്രോയറുടെ ബുക്കിൽ* | *ഡ്രോയിയുടെ ബുക്കിൽ* |
|---|---|---|
| പഴയ ബില്ല് റദ്ദാക്കുമ്പോൾ | ഡ്രോയി അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട് | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ഡ്രോയർ അക്കൗണ്ട് |
| പലിശ ഈടാക്കുമ്പോൾ | ഡ്രോയി അക്കൗണ്ട് Dr.<br>To ഇന്ററസ്റ്റ് അക്കൗണ്ട് | ഇന്ററസ്റ്റ് അക്കൗണ്ട് Dr.<br>To ഡ്രോയർ അക്കൗണ്ട് |
| പുതിയ ബില്ല് തയാറാ-<br>ക്കുമ്പോൾ | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഡ്രോയി അക്കൗണ്ട് | ഡ്രോയർ അക്കൗണ്ട് Dr.<br>To ബിൽസ്പേയബിൾ അക്കൗണ്ട് |

ഉദാഹരണമായി, 2016 ഫെബ്രുവരി 1 നു രവി 15,000 രൂപയുടെ സാധനങ്ങൾ മോഹനന് 3,000 രൂപ രൊക്കം പണമായും ബാക്കി തുകയ്ക്ക് 3 മാസം കാലാവധിയുള്ളതും മോഹനൻ അംഗീകരിച്ചതുമായ ഒരു വിനിമയ ബില്ലും കൈപ്പറ്റുന്നു. കാലാവധി ദിനത്തിൽ മോഹനന്റെ ആവശ്യപ്രകാരം ബില്ല് റദ്ദാക്കുകയും പകരം 2 മാസം കാലാവധിയുള്ള ഒരു പുതിയ ബില്ല് മോഹനൻ അംഗീകരിച്ച് തിരികെ നൽകുകയും ചെയ്യുന്നു. റദ്ദാക്കിയ ബില്ലിന് 12 % നിരക്കിൽ വാർഷിക പലിശ രൊക്കം പണമായി മോഹനൻ നൽകി. കാലാവധി ദിനത്തിൽ രണ്ടാമത്തെ ബില്ലിന്റെ പണം രവി കൈപ്പറ്റുന്നു. ഈ ഇടപാടുകൾ രവിയുടെയും മോഹനന്റെയും ബുക്കിൽ താഴെ പറയുന്ന പ്രകാരം രേഖപ്പെടുത്താം.

## രവിയുടെ ബുക്ക്
## ജേർണൽ

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016<br>ഫെബ്രു. 01 | മോഹനൻ അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(മോഹനന് സാധനം വിറ്റു) | | 15,000 | 15,000 |
| ഫെബ്രു. 01 | ക്യാഷ് അക്കൗണ്ട് Dr.<br>ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To മോഹനൻ അക്കൗണ്ട്<br>(പണമായി 3,000 രൂപയും ബാക്കി തുകയ്ക്ക് 3 മാസം കാലാവധിയുള്ള ബില്ലും കിട്ടി) | | 3,000<br>12,000 | 15,000 |

| | | | | |
|---|---|---|---|---|
| മെയ് 04 | മോഹനൻ അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>To ഇന്ററസ്റ്റ് അക്കൗണ്ട്<br>(പുതുക്കലിന് വേണ്ടി പഴയ ബില്ല് റദ്ദാക്കുന്നു 240 രൂപ പലിശ ഈടാക്കുന്നു) | | 12,240<br><br>240 | <br>12,000 |
| മെയ് 04 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>ക്യാഷ് അക്കൗണ്ട് Dr.<br>To മോഹനൻ അക്കൗണ്ട്<br>(പുതിയ ബില്ല് സ്വീകരിച്ചു അംഗീകരിക്കുന്നു, 240 രൂപ പലിശ കിട്ടുന്നു) | | 12,000<br>240 | <br><br>12,240 |
| ജൂലൈ 07 | ക്യാഷ് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(കാലാവധി ദിവസം ബില്ലിന്റെ തുക കിട്ടി) | | 12,000 | <br>12,000 |

**മോഹനന്റെ ബുക്ക്**

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്)* (₹) | *തുക (ക്രെഡിറ്റ്)* (₹) |
|---|---|---|---|---|
| 2016 | | | | |
| ഫെബ്രു. 01 | പർച്ചെയ്സസ് അക്കൗണ്ട് Dr.<br>To രവി അക്കൗണ്ട്<br>(രവിയിൽ നിന്ന് സാധനം വാങ്ങി) | | 15,000 | <br>15,000 |
| ഫെബ്രു. 01 | രവി അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>(രവിക്ക് ക്യാഷും ബാക്കി തുകയ്ക്ക് ബില്ലും സ്വീകരിച്ച് മടക്കി കൊടുക്കുന്നു) | | 15,000 | <br>3,000<br>12,000 |
| മെയ് 04 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>ഇന്ററസ്റ്റ് Dr.<br>To രവി അക്കൗണ്ട്<br>(പഴയ ബിൽ റദ്ദാവുകയും പലിശ 240 രൂപ വകയിരുത്തുകയും ചെയ്യുന്നു) | | 12,000<br>240 | <br><br>12,240 |

| | | | | |
|---|---|---|---|---|
| മെയ് 04 | രവി അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>To ക്യാഷ് അക്കൗണ്ട്<br>(പുതിയ ബില്ല് സ്വീകരിച്ച് അംഗീകരിക്കുന്നു, അതോടൊപ്പം പലിശ പണമായി നൽകി) | | 12,240 | <br>12,000<br>240 |
| ജൂലൈ 07 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ ബില്ലിന്റെ പണം നൽകി ) | | 12,000 | <br>12,000 |

## 8.10 ബില്ല് മുൻകൂർ തീർപ്പാക്കൽ (Retiring of the Bill)

ചില അവസരങ്ങളിൽ ഡ്രോയറുടെയും ഡ്രോയിയുടെയും പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ബില്ലിന്റെ കാലാവധിക്ക് മുൻപ് പണമിടപാട് തീർപ്പാക്കാറുണ്ട്. കാലാവധി ദിവസത്തിന് മുൻപ് ഡ്രോയിയുടെ കൈവശം ഇടപാട് നടത്താനുള്ള പണം ഉണ്ടെങ്കിൽ അദ്ദേഹം ഈ വിവരം ഡ്രോയർ അല്ലെങ്കിൽ ബില്ല് കൈവശക്കാരനെ അറിയിക്കുന്നു. ഡ്രോയർ അല്ലെങ്കിൽ കൈവശക്കാരൻ ഇത് അംഗീകരിച്ചുകൊണ്ട് കാലാവധിക്ക് മുൻപ് പണം സ്വീകരിക്കുന്നതിനെ 'ബില്ലിന്റെ മുൻകൂർ തീർപ്പാക്കൽ' എന്നു വിളിക്കുന്നു.

ബില്ല് തീർപ്പാക്കൽ ബില്ലിന്റെ കാലാവധി ദിവസത്തിന് മുൻപ് നടക്കുന്നതിനാൽ ഡ്രോയർ അല്ലെങ്കിൽ കൈവശക്കാരൻ ഈ ഇടപാട് പ്രോത്സാഹിപ്പിക്കാനായി ചില ഇളവുകൾ ഡ്രോയിക്ക് നൽകാറുണ്ട്. ഇത്തരം ഇളവുകൾ 'റിബേറ്റ് ഓൺ ബിൽ' (rebate on bill) എന്നറിയപ്പെടുന്നു. ബില്ലിന്റെ കാലാവധിയുടെയും വിരമിക്കൽ ദിവസത്തിന്റെയും ഇടയിലുള്ള കാലദൈർഘ്യത്തിന് ഒരു നിശ്ചിത പലിശ നിരക്ക് അടിസ്ഥാനമാക്കിയാണ് റിബേറ്റ് കണ്ടുപിടിക്കുന്നത്.

ബില്ല് മുൻകൂർ തീർപ്പാക്കൽ സമയത്ത് എഴുതുന്ന ജേർണൽ എൻട്രികൾ ഒരു ബില്ല് യഥാർഥത്തിൽ കാലാവധി സമയത്ത് തീർപ്പാക്കുമ്പോൾ രേഖപ്പെടുത്തുന്ന അതേ ജേർണൽ എൻട്രികൾ തന്നെ ആയിരിക്കും. ഇവിടെ റിബേറ്റ് കൂടി രേഖപ്പെടുത്തണമെന്ന് മാത്രം.

ബില്ല് മുൻകൂർ തീർപ്പാക്കലുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ താഴെ തന്നിരിക്കുന്നു.

*ഡ്രോയർ അല്ലെങ്കിൽ കൈവശക്കാരന്റെ ബുക്കിൽ*

ക്യാഷ് അക്കൗണ്ട് Dr.
റിബേറ്റ് ഓൺ ബില്ല് അക്കൗണ്ട് Dr.
To ബിൽസ് റിസീവബിൾ അക്കൗണ്ട്

*ദ്രോയിയുടെ ബുക്കിൽ*

ബിൽസ് പേയബിൾ അക്കൗണ്ട് Dr.

To ക്യാഷ് അക്കൗണ്ട്

To റിബേറ്റ് ഓൺ ബില്ല് അക്കൗണ്ട്

ഉദാഹരണമായി, 2016 ജനുവരി 1 ന് പ്രദീപ് 10,000 രൂപയുടെ സാധനങ്ങൾ ഹാരിസിന് വിൽക്കുന്നു. വിലയ്ക്ക് തുല്യമായി മൂന്ന് മാസം കാലാവധിയുള്ള ബില്ല് ഹാരിസ് സ്വീകരിച്ച് തിരികെ നൽകുന്നു. 2016 മാർച്ച് 4 ന് ബില്ല് മുൻകൂർ തീർപ്പാക്കുകയും 6% വാർഷിക പലിശ നിരക്കിൽ ഹാരിസിന് റിബേറ്റ് അനുവദിക്കുകയും ചെയ്തു. ഇവരുടെ ബുക്കിലെ ജേർണൽ എൻട്രികൾ താഴെ പറയും പ്രകാരം രേഖപ്പെടുത്താം.

**പ്രദീപിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്)* (₹) | *തുക (ക്രെഡിറ്റ്)* (₹) |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 01 | ഹാരിസ് അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(ഹാരിസിന് സാധനം വിറ്റു) | | 10,000 | 10,000 |
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഹാരിസ് അക്കൗണ്ട്<br>(മൂന്ന് മാസം കാലാവധിയുള്ള ബില്ല് ഹാരിസ് സ്വീകരിച്ച് തിരികെ ലഭിച്ചു) | | 10000 | 10,000 |
| മാർച്ച് 04 | ക്യാഷ് അക്കൗണ്ട് Dr.<br>റിബേറ്റ് ഓൺ ബിൽ അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(ഹാരിസ് സ്വീകരിച്ച ബില്ല് മുൻകൂർ തീർപ്പാക്കുകയും 50 രൂപ റിബേറ്റ് അനുവദിക്കുകയും ചെയ്തു) | | 9,950<br>50 | 10,000 |

*മുകളിൽ പറഞ്ഞിരിക്കുന്ന ജേർണൽ എൻട്രികൾ താഴെ പറയുന്ന ലെഡ്ജറുകളിൽ ഇങ്ങനെ രേഖപെടുത്താം.*

Dr. **ഹാരിസ് A/c** Cr.

| തീയതി | വിവരണം | ജെ. എഫ്. | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 01 | സെയിൽസ് അക്കൗണ്ട് | | 10,000 | 2016 ജനു. 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് | | 10,000 |
| | | | 10,000 | | | | 10,000 |

Dr. **ബിൽസ് റിസീവബിൾ A/c** Cr.

| തീയതി | വിവരണം | ജെ. എഫ്. | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 01 | ഹാരിസ് അക്കൗണ്ട് | | 10,000 | 2016 മാർ. 04 | ക്യാഷ് അക്കൗണ്ട് | | 9,950 |
| | | | | | റിബേറ്റ് ഓൺ ബിൽ | | 50 |
| | | | 10,000 | | | | 10,000 |

**ഹാരീസിന്റെ ബുക്ക്**

**ജേർണൽ**

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 01 | പർച്ചെയ്സസ് അക്കൗണ്ട് Dr. | | 10,000 | |
| | To പ്രദീപ് അക്കൗണ്ട് | | | 10,000 |
| | (പ്രദീപിൽ നിന്നും സാധനം വാങ്ങി) | | | |
| ജനുവരി 01 | പ്രദീപ് അക്കൗണ്ട് Dr. | | 10,000 | |
| | To ബിൽസ് പേയബിൾ അക്കൗണ്ട് | | | 10,000 |
| | (മൂന്ന് മാസം കാലാവധിയുള്ള ബിൽ സ്വീകരിച്ച് തിരികെ നൽകി) | | | |

| | | | | |
|---|---|---|---|---|
| മാർച്ച് 04 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>To റിബേറ്റ് ഓൺ ബില്ല് അക്കൗണ്ട്<br>(സ്വീകരിച്ച ബില്ല് മുൻകൂർ തീർപ്പാക്കുകയും 50 രൂപ റിബേറ്റ് ലഭിക്കുകയും ചെയ്തു) | | | 10,000<br>9,950<br>50 |

**Dr.** **പ്രദീപ് A/c** **Cr.**

| *തീയതി* | *വിവരണം* | *ജെ. എഫ്.* | *തുക (₹)* | *തീയതി* | *വിവരണം* | *ജെ. എഫ്* | *തുക (₹)* |
|---|---|---|---|---|---|---|---|
| 2016<br>ജനു. 01 | ബിൽസ്-പേയബിൾ അക്കൗണ്ട് | | 10,000 | 2016<br>ജനു. 01 | പർച്ചെയ്സെസ് അക്കൗണ്ട് | | 10,000 |
| | | | 10,000 | | | | 10,000 |

**ബിൽസ് പേയബിൾ A/c**

**Dr.** **Cr.**

| *തീയതി* | *വിവരണം* | *ജെ. എഫ്.* | *തുക (₹)* | *തീയതി* | *വിവരണം* | *ജെ. എഫ്* | *തുക (₹)* |
|---|---|---|---|---|---|---|---|
| 2016<br>മാർച്ച് 04 | ക്യാഷ് അക്കൗണ്ട് | | 9,950 | 2016<br>ജനു. 01 | പ്രദീപ് | | 10,000 |
| | റിബേറ്റ്-ഓൺ ബിൽ അക്കൗണ്ട് | | 50 | | | | |
| | | | 10,000 | | | | 10,000 |

## 8.11 ബിൽസ് റിസീവബിൾ ബുക്കും ബിൽസ് പേയബിൾ ബുക്കും

ഒരു സ്ഥാപനത്തിൽ ധാരാളം വിനിമയ ബില്ലുകൾ കിട്ടുകയും, അംഗീകരിച്ച് കൊടുക്കുകയും ചെയ്യാറുണ്ട്. അവയെ ജേർണൽ എൻട്രികൾ ഉപയോഗിച്ച് ഓരോന്നായി രേഖപ്പെടുത്തുക എന്നത് വളരെ ബുദ്ധിമുട്ടുള്ളതും സമയം ചെലവേറിയതുമായ പ്രക്രിയയാണ്. ആയതിനാൽ അവയെ പ്രത്യേക സബ്സിഡിയറി ബുക്കുകളിൽ രേഖപ്പെടുത്തുന്നതായിരിക്കും അഭികാമ്യം. ഇങ്ങനെ ഡെബ്റ്റർ സ്വീകരിച്ച് തിരികെ നൽകിയ ബില്ലുകൾ ബിൽസ് റിസീവബിൾ ബുക്കിലും, ക്രെഡിറ്റർക്ക് അംഗീകരിച്ച് നൽകിയ ബില്ലുകൾ ബിൽസ് പേയബിൾ ബുക്കിലും രേഖപ്പെടുത്താം. മറ്റു സബ്സിഡിയറി ബുക്കുകളായ ക്യാഷ് ബുക്ക്, പർച്ചെയ്സെസ് ബുക്ക്, സെയിൽസ് ബുക്ക്

മുതലായവയിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നത് പോലെ തന്നെയാണ് ഈ ബുക്കുകളിലും ഇടപാടുകൾ രേഖപ്പെടുത്തേണ്ടത്. ഒരു പ്രധാന കാര്യം അംഗീകരിച്ച ബില്ല് കിട്ടുന്നതും, ബില്ല് അംഗീകരിച്ച് കൊടുക്കുന്നതും മാത്രമേ ഈ ബുക്കുകളിൽ രേഖപ്പെടുത്താറുള്ളു എന്നതാണ്. ബില്ലുമായി ബന്ധപ്പെട്ട മറ്റു ഇടപാടുകളായ ബില്ല് ഡിസ്കൗണ്ടിംഗ്, ബില്ലിന്റെ അധികാരപ്പെടുത്തിയുള്ള കൈമാറ്റം, ബില്ലിന്റെ പുതുക്കൽ, ബില്ലിന്റെ മുൻകൂർ തീർപ്പാക്കൽ എന്നിവ ഒരു സൂചനയായി ഇവിടെ രേഖപ്പെടുത്തുകയും, ആവശ്യമായ എൻട്രികൾ പൊതുവായ ജേർണലിൽ (Journal proper) രേഖപ്പെടുത്തുകയും വേണം. ആദരിച്ച ബില്ലുകളുടെ പണം ലഭിക്കുന്നതും നൽകുന്നതുമായ എൻട്രികൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തണം.

### *8.11.1 ബിൽസ് റിസീവബിൾ ബുക്ക്*

ഒരു ഡ്രോയർക്കു ഡ്രോയി സ്വീകരിച്ച് തിരികെ നൽകിയ ബില്ലുകളുടെ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു സംഗ്രഹം ആണ് ബിൽസ് റിസീവബിൾ ബുക്ക്. ബില്ലുകളുമായി ബന്ധപ്പെട്ട ദിവസങ്ങൾ, സ്വീകർത്താവിന്റെ പേര്, തുക, കാലാവധി, പണം, ഇടപാട് നടത്തേണ്ട സ്ഥലത്തിന്റെ പേര് ഇവയെല്ലാം ഇതിൽ രേഖപ്പെടുത്തിയിരിക്കും. ഭാവിയിൽ ബില്ലുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉള്ള ഒരു സൂചകം ആണ് ഈ ബുക്ക്.

ഒരു ബിൽസ് റിസീവബിൾ ബുക്കിന്റെ മാതൃക താഴെ കാണിച്ചിരിക്കുന്നു.

**ബിൽസ് റിസീവബിൾ ബുക്ക്**

| ബിൽ നമ്പർ | കിട്ടിയ തീയതി | ബില്ലിന്റെ തീയതി | നൽകിയ വ്യക്തി | ഡ്രോയർ | സ്വീകർത്താവ് | നൽകേണ്ട സ്ഥലം | കാലാവധി | കാലാവധി തീയതി | എൽ. എഫ് | തുക | ക്യാഷ് ബുക്കിലെ നമ്പർ | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |

**ചിത്രം 8.3** *ഒരു ഒരു ബിൽസ് റിസീവബിൾ ബുക്കിന്റെ മാതൃക*

മറ്റു സബ്സിഡിയറി ബുക്കുകൾ പോലെ നിശ്ചിത കാലയളവിൽ ഇവയുടെ ആകെ തുക കണ്ടെത്തി ബിൽസ് റിസീവബിൾ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. ബിൽസ് റിസീവബിൾ ഒരു ആസ്തിയായതിനാൽ ഈ അക്കൗണ്ടിന് എപ്പോഴും ഡെബിറ്റ് ബാലൻസ് ആയിരിക്കും. കാലാവധിയാകാത്ത കൈയിലുള്ള ബില്ലുകളുടെ മൊത്ത തുകയാണ് ഇത് കാണിക്കുന്നത്.

### *8.11.2 ബിൽസ് പേയബിൾ ബുക്ക്*

ബില്ലുകൾ സ്വീകരിച്ച് ഡ്രോയർക്ക് തിരികെ നൽകിയ വിവരങ്ങൾ ഡ്രോയി രേഖപ്പെടുത്തുന്ന ബുക്കാണ് ബിൽസ് പേയബിൾ ബുക്ക്. എങ്ങനെയാണോ ഒരു ബിൽസ് റീസിവബിൾ ബുക്ക് തയാറാക്കുന്നത് അതുപോലെയാണ് ഒരു ബിൽസ് പേയബിൾ ബുക്കും തയാറാക്കേണ്ടത്.

ക്രെഡിറ്റർക്കു വേണ്ടി സ്വീകരിച്ച് തിരികെ നൽകിയ ബില്ലുകളുടെ വിവരങ്ങൾ ഭാവി ആവശ്യങ്ങൾക്കു വേണ്ടി ഇതിൽ രേഖപ്പെടുത്തി വയ്ക്കുന്നു.

ഒരു ബിൽസ് പേയബിൾ ബുക്കിന്റെ മാതൃക താഴെ കാണിച്ചിരിക്കുന്നു.

**ബിൽസ് പേയബിൾ ബുക്ക്**

| ബിൽ നമ്പർ | ബില്ലിന്റെ തീയതി | ആർക്കാണ് നൽകിയത് | ഡ്രോയർ | പേയി | നൽകേണ്ട സ്ഥലം | കാലാവധി | കാലാവധി തീയതി | എൽ. എഫ്. | തുക | തീയതി | ക്യാഷ് ബുക്കിലെ നമ്പർ | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |

**ചിത്രം 8.4** *ഒരു ബിൽസ് പേയബിൾ ബുക്കിന്റെ മാതൃക*

ഈ ബുക്കിൽ രേഖപ്പെടുത്തിയ ബില്ലുകളുടെ മൊത്തം തുക ബിൽസ് പേയബിൾ അക്കൗണ്ടിൽ രേഖപ്പെടുത്തണം. ബിൽസ് പേയബിൾ ബിസിനസ്സിന് ഒരു ബാധ്യതയും ഈ അക്കൗണ്ടിന് എപ്പോഴും ക്രെഡിറ്റ് ബാലൻസും ആയിരിക്കും. ഒരു പ്രത്യേക ദിവസത്തെ ബിൽസ് പേയബിൾ അക്കൗണ്ടിന്റെ ബാലൻസ് തുകയും ബിൽസ് പേയബിൾ ബുക്കിലെ ആകെ തുകയും എപ്പോഴും തുല്യമായിരിക്കും. ഉദാഹരണമായി തന്നിരിക്കുന്ന ഇടപാടുകളിൽ നിന്ന് ഒരു ബിൽസ് റിസീവബിൾ ബുക്കും ബിൽസ് പേയബിൾ ബുക്കും തയാറാക്കാം.

2016

(i) ജനുവരി 7

ജനുവരി 4ന് എസ്. മിത്ര സ്വീകരിച്ച മൂന്ന് മാസം കാലാവധിയുള്ള 1,32,500 രൂപയുടെ ഒരു ബില്ല് ലഭിച്ചു.

(ii) ജനുവരി 9

രാജേഷ് തയാറാക്കിയ രണ്ടു മാസം കാലാവധിയുള്ള 97,000 രൂപയുടെ ബില്ല് സ്വീകരിച്ച് തിരികെ നൽകി.

(iii) ജനുവരി 13

രഘുവിന്റെ രണ്ടു മാസം കാലാവധിയുള്ള 39,000 രൂപയുടെ ബില്ല് സ്വീകരിച്ച് തിരികെ നൽകി.

(iv) ജനുവരി 14

രാകേഷിന്റെ സ്വീകാര്യതയ്ക്കു വേണ്ടി 25,000 രൂപയുടെ ഒരു മാസത്തെ ബില്ല് തയാറാക്കി, അടുത്ത ദിവസം അയാൾ അത് സ്വീകരിച്ച് തിരികെ നൽകി.

(v) ജനുവരി 18

പ്രഭാകർ തയാറാക്കിയ 42,000 രൂപയുടെ രണ്ടു മാസം കാലാവധിയുള്ള ബില്ല് സ്വീകരിച്ചു.

## ബിൽസ് റിസീവബിൾ ബുക്ക്

| ക്രമ നമ്പർ | കിട്ടിയ തീയതി | ബില്ലിന്റെ തീയതി | നൽകിയ വ്യക്തി | ഡ്രോയർ | സ്വീകർത്താവ് | നൽകേണ്ട സ്ഥലം | കാലാവധി | കാലാവധി തീയതി | എൽ എഫ് | തുക | ക്യാഷ് ബുക്കിലെ നമ്പർ | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2016 | 2016 | | | | | മാസം | | | | | |
| 01 | ജനു.07 | ജനു.04 | മിത്ര | സ്വയം | മിത്ര | കൊല്ലം | 3 | ഏപ്രി. 07 | | 1,32,500 | | |
| 02 | ജനു.15 | ജനു.14 | രാകേഷ് | സ്വയം | രാകേഷ് | പാലാ | 1 | ഫെബ്രു.17 | | 25,000 | | |
| 03 | ജനു.21 | ജനു.21 | നസീർ | സ്വയം | നസീർ | തിരൂർ | 2 | മാർച്ച് 24 | | 31,000 | | |
| 04 | ജനു.22 | ജനു.17 | ജോസഫ് | ജോസഫ് | അക്ബർ | കൊല്ലം | 3 | ഏപ്രി. 20 | | 20,000 | | |
| 05 | ജനു.23 | ജനു.23 | മനു | സ്വയം | മനു | കോട്ടയം | 1 | ഫെബ്രു. 26 | | 30,000 | | |
| 06 | ജനു.27 | ജനു.20 | സമീർ | രതീഷ് | മോഹൻ | തിരൂർ | 2 | മാർച്ച് 23 | | 35,000 | | |
| | | | | | | | | **ആകെ തുക** | | **2,73,500** | | |

## ബിൽസ് പേയബിൾ ബുക്ക്

| ക്രമ നമ്പർ | ബില്ലിന്റെ തീയതി | ആർക്കാണോ നൽകിയത് | ഡ്രോയർ | പേയി | നൽകേണ്ട സ്ഥലം | കാലാവധി | കാലാവധി തീയതി | എൽ. എഫ് | തുക | തീയതി | ക്യാഷ് ബുക്കിലെ നമ്പർ | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2016 | | | | | മാസം | | | | | | |
| 01 | ജനു.09 | രാജേഷ് | രാജേഷ് | - | പട്ടം | 2 | മാർച്ച് 12 | | 97,000 | | | |
| 02 | ജനു.13 | രഘു | രഘു | - | കൊല്ലം | 3 | ഏപ്രി.16 | | 39,000 | | | |
| 03 | ജനു.18 | പ്രഭാകർ | പ്രഭാകർ | - | കോട്ടയം | 2 | മാർച്ച് 21 | | 42,000 | | | |
| 04 | ജനു.31 | റഹിം | റഹിം | - | പാലാ | 1 | മാർച്ച് 03 | | 21,500 | | | |
| | | | | | | | **ആകെ തുക** | | **1,99,500** | | | |

(vi) ജനുവരി 21

നസീർ സ്വീകരിച്ച 31,000 രൂപയുടെ രണ്ടു മാസം കാലയളവുള്ള ബില്ല് ലഭിച്ചു.

(vii) ജനുവരി 22

ജനുവരി 17 ന് ജോസഫ് സ്വീകരിച്ച മൂന്നു മാസം കാലാവധിയുള്ള 20,000 രൂപയുടെ ഒരു ബില്ല് അക്ബറിൽ നിന്ന് ലഭിച്ചു.

(viii) ജനുവരി 23

നമ്മൾ തയാറാക്കിയ 30,000 രൂപയുടെ ഒരുമാസം കാലാവധിയുള്ള ബില്ല് മനു സ്വീകരിച്ചു.

(ix) ജനുവരി 27

രതീഷ് തയാറാക്കിയതും മോഹൻ ജനുവരി 20നു സ്വീകരിച്ചതുമായ 35,000 രൂപയുടെ രണ്ടു മാസം കാലയളവുള്ള ബില്ല് സമീറിൽ നിന്ന് ലഭിച്ചു.

(x) ജനുവരി 31

റഹീം നൽകിയ 21,500 രൂപയുടെ ഒരു മാസം കാലാവധിയുള്ള ബില്ല് സ്വീകരിച്ച് തിരികെ നൽകി.

പ്രസ്തുത ബുക്കുകളിൽ രേഖപ്പെടുത്തിയ എൻട്രികൾ ബില്ല് ഇടപാടുകളുമായി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**Dr. മിത്ര A/c Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 04 | സെയിൽസ് അക്കൗണ്ട് | | 1,32,500 | 2016 ജനു. 07 | ബിൽസ് റിസീവബിൾ അക്കൗണ്ട് | | 1,32,500 |
| | | | 1,32,50 | | | | 1,32,50 |

**Dr. രാകേഷ് A/c Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 14 | സെയിൽസ് അക്കൗണ്ട് | | 25,000 | 2016 ജനു. 15 | ബിൽസ് റിസീവബിൾ അക്കൗണ്ട് | | 25,000 |
| | | | 25,000 | | | | 25,000 |

Dr. **നസീർ A/c** Cr.

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 21 | സെയിൽസ് അക്കൗണ്ട് | | 31,000 | 2016 ജനു. 21 | ബിൽസ് റിസീവബിൾ അക്കൗണ്ട് | | 31,000 |
| | | | 31,000 | | | | 31,000 |

Dr. **ജോസഫ് A/c** Cr.

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 17 | സെയിൽസ് അക്കൗണ്ട് | | 20,000 | 2016 ജനു. 22 | ബിൽസ് റിസീവബിൾ അക്കൗണ്ട് | | 20,000 |
| | | | 20,000 | | | | 20,000 |

Dr. **മനു A/c** Cr.

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 23 | സെയിൽസ് അക്കൗണ്ട് | | 30,000 | 2016 ജനു. 23 | ബിൽസ് റിസീവബിൾ അക്കൗണ്ട് | | 30,000 |
| | | | 30,000 | | | | 30,000 |

Dr. **സമീർ A/c** Cr.

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 20 | സെയിൽസ് അക്കൗണ്ട് | | 35,000 | 2016 ജനു. 27 | ബിൽസ് റിസീവബിൾ അക്കൗണ്ട് | | 35,000 |
| | | | 35,000 | | | | 35,000 |

**Dr.** **ബിൽസ് റിസീവബിൾ A/c** **Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 31 | ഡെബ്റ്റേർസ് അക്കൗണ്ട് | | 2,73,500 | 2016 ജനു. 31 | ബാലൻസ് c/d | | 2,73,500 |
| | | | 2,73,500 | | | | 2,73,500 |

**Dr.** **രാജേഷ് A/c** **Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 09 | ബിൽസ് പേയബിൾ അക്കൗണ്ട് | | 97,000 | 2016 ജനു. 09 | പർച്ചെയ്സെസ് അക്കൗണ്ട് | | 97,000 |
| | | | 97,000 | | | | 97,000 |

**Dr.** **രഘു A/c** **Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 13 | ബിൽസ് പേയബിൾ അക്കൗണ്ട് | | 39,000 | 2016 ജനു. 13 | പർച്ചെയ്സെസ് അക്കൗണ്ട് | | 39,000 |
| | | | 39,000 | | | | 39,000 |

**Dr.** **പ്രഭാകർ A/c** **Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 18 | ബിൽസ് പേയബിൾ അക്കൗണ്ട് | | 42,000 | 2016 ജനു. 18 | പർച്ചെയ്സെസ് അക്കൗണ്ട് | | 42,000 |
| | | | 42,000 | | | | 42,000 |

## റഹിം A/c

Dr. Cr.

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 31 | ബിൽസ് പേയബിൾ അക്കൗണ്ട് | | 21,500 | 2016 ജനു. 31 | പർച്ചെയ്സെസ് അക്കൗണ്ട് | | 21,500 |
| | | | 21,500 | | | | 21,500 |

## ബിൽസ് പേയബിൾ A/c

Dr. Cr.

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ജനു. 31 | ബാലൻസ് c/d | | 1,99,500 | 2016 ജനു. 31 | ക്രെഡിറ്റേഴ്സ് അക്കൗണ്ട് | | 1,99,500 |
| | | | 1,99,500 | | | | 1,99,500 |

*കുറിപ്പ്* : സാധാരണയായി വിനിമയ ബില്ലുകൾ നൽകുന്നതും കിട്ടുന്നതും, സാധനങ്ങളുടെ വാങ്ങലും വിൽപ്പനയുമായി ബന്ധപ്പെട്ടായിരിക്കും. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് അക്കൗണ്ടിലും ഇത്തരം ഇടപാടുകൾ നടന്നിരുന്നു എന്ന് അനുമാനിക്കാം.

*നിർദ്ധാരണം – 4*

2016 ജനുവരി 15 ന് അലി 30,000 രൂപ വിലയുള്ള സാധനങ്ങൾ രാജന് വിൽക്കുന്നു. വിൽപ്പനാനന്തരം അലി മൂന്നു മാസം കാലയളവുള്ള ഒരു വിനിമയ ബിൽ തയാറാക്കി രാജന് നൽകുന്നു. രാജൻ ബില്ല് അംഗീകരിച്ച് മടക്കി നൽകി. കിട്ടിയ ബില്ല് 29,250 രൂപയ്ക്ക് അലി 2016 ജനുവരി 21 നു ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു. എന്നാൽ കാലാവധി ദിവസം ബില്ല് നിരാകരിക്കപ്പെടുകയും രാജൻ 500 രൂപ പലിശയുൾപ്പടെ 10,500 രൂപ രൊക്കം പണമായും ബാക്കി തുകയ്ക്ക് രണ്ടു മാസം കാലാവധിയുള്ള ഒരു പുതിയ ബില്ല് സ്വീകരിച്ച് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. കിട്ടിയ പുതിയ ബില്ല് അലി തന്റെ ക്രെഡിറ്റർ ആയ ബിനുവിന് 20,800 രൂപ കടത്തിന്റെ പൂർണമായ തീർപ്പാക്കലിന് വേണ്ടി പുറംകുറിപ്പിലൂടെ കൈമാറ്റം ചെയ്യുന്നു. കാലാവധി ദിനത്തിൽ രാജൻ ബില്ലിന്റെ പണം പൂർണമായും കൊടുക്കുന്നു. അലിയുടെയും രാജന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ തയാറാക്കുക.

*നിർധാരണം*

**അലിയുടെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 15 | രാജൻ അക്കൗണ്ട് Dr. | | 30,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 30,000 |
| | (രാജന് സാധനം വിറ്റു) | | | |
| ജനുവരി 15 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 30,000 | |
| | To രാജൻ അക്കൗണ്ട് | | | 30,000 |
| | (രാജൻ ബില്ല് സ്വീകരിച്ച് തിരികെ ലഭിച്ചു) | | | |
| ജനുവരി 21 | ബാങ്ക് അക്കൗണ്ട് Dr. | | 29,250 | |
| | ഡിസ്കൗണ്ട് അക്കൗണ്ട് Dr. | | 750 | |
| | To ബിൽസ് റിസീവബിൾ അക്കൗണ്ട് | | | 30,000 |
| | (രാജൻ നൽകിയ ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | | |
| ഏപ്രിൽ 18 | രാജൻ അക്കൗണ്ട് Dr. | | 30,500 | |
| | To ബാങ്ക് അക്കൗണ്ട് | | | 30,000 |
| | To ഇന്ററസ്റ്റ് അക്കൗണ്ട് | | | 500 |
| | (കാലാവധി ദിവസം ബില്ല് നിരാകരിക്കപ്പെട്ടു) | | | |
| ഏപ്രിൽ 18 | ക്യാഷ് അക്കൗണ്ട് Dr. | | 10,500 | |
| | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 20,000 | |
| | To രാജൻ അക്കൗണ്ട് | | | 30,500 |
| | (രാജനിൽ നിന്ന് രൊക്കം പണവും പുതിയ ബില്ലും സ്വീകരിച്ചു കിട്ടി) | | | |
| ഏപ്രിൽ 18 | ബിനു അക്കൗണ്ട് Dr. | | 20,800 | |
| | To ബിൽസ് റിസീവബിൾ അക്കൗണ്ട് | | | 20,000 |
| | To ഡിസ്കൗണ്ട് റിസീവിഡ് അക്കൗണ്ട് | | | 800 |
| | (രാജനിൽ നിന്ന് കിട്ടിയ ബില്ല് പുറം കുറിപ്പിലൂടെ ബിനുവിന് കൈമാറി, അവൻ 800 രൂപ ഇളവ് അനുവദിച്ചു) | | | |

## രാജന്റെ ബുക്ക്
## ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 15 | പർച്ചെയ്സെസ് അക്കൗണ്ട് Dr. | | 30,000 | |
| | To അലി അക്കൗണ്ട് | | | 30,000 |
| | (അലിയിൽ നിന്ന് സാധനം വാങ്ങി) | | | |
| ജനുവരി 15 | അലി അക്കൗണ്ട് Dr. | | 30,000 | |
| | To ബിൽസ് പേയബിൾ അക്കൗണ്ട് | | | 30,000 |
| | (മൂന്ന് മാസം കാലാവധിയുള്ള ബില്ല് സ്വീകരിച്ച് തിരികെ നൽകി) | | | |
| ഏപ്രിൽ 18 | ബിൽസ് പേയബിൾ അക്കൗണ്ട് Dr. | | 30,000 | |
| | ഇന്ററസ്ററ് അക്കൗണ്ട് Dr. | | 500 | |
| | To അലി അക്കൗണ്ട് | | | 30,500 |
| | (ബില്ല് റദ്ദാവുകയും പലിശയായി 500 രൂപ അലി ഈടാക്കുകയും ചെയ്തു) | | | |
| ഏപ്രിൽ 18 | അലി അക്കൗണ്ട് Dr. | | 30,500 | |
| | To ക്യാഷ് അക്കൗണ്ട് | | | 10,500 |
| | To ബിൽസ് പേയബിൾ അക്കൗണ്ട് | | | 20,000 |
| | (10,500 രൂപ പണമായും ബാക്കി തുകയ്ക്ക് പുതിയ ബില്ലും സ്വീകരിച്ചു നൽകി ) | | | |
| ജൂൺ 21 | ബിൽസ് പേയബിൾ അക്കൗണ്ട് Dr. | | 20,000 | |
| | To ക്യാഷ് അക്കൗണ്ട് | | | 20,000 |
| | (കാലാവധി ദിനത്തിൽ ബില്ലിന്റെ പണം നൽകി ) | | | |

**നിർദ്ധാരണം 5**

2015 ഒക്ടോബർ 30ന് അശോകൻ 14,000 രൂപയുടെ സാധനങ്ങൾ സജിത്തിന് വിറ്റു. ഇടപാടിന് പകരമായി അശോകൻ തയാറാക്കിയ മൂന്നു ബില്ലുകൾ ₹ 2,000, ₹ 4,000, ₹ 8,000 എന്നിവ യഥാക്രമം രണ്ടു മാസം, മൂന്ന് മാസം, നാല് മാസം കാലാവധിയുള്ളവ സജിത്ത് അംഗീകരിച്ച് തിരിച്ചു നൽകി. ആദ്യത്തെ ബിൽ അശോകൻ കാലാവധി ദിവസം വരെ കൈവശം വയ്ക്കുകയും,

രണ്ടാമത്തെ ബിൽ തന്റെ ക്രെഡിറ്റർ ആയ അജിത്തിന് പുറം കുറിപ്പിലൂടെ കൈമാറ്റം ചെയ്യുകയും ചെയ്തു. മൂന്നാമത്തെ ബില്ല് 2015 ഡിസമ്പർ 30–ാം തിയതി തന്റെ ബാങ്കിലൂടെ 12% വാർഷിക പലിശയിൽ ഡിസ്കൗണ്ട് ചെയ്തു. ഒന്നാമത്തെയും രണ്ടാമത്തെയും ബില്ലുകൾ കാലാവധി ദിവസങ്ങളിൽ ആദരിക്കപ്പെട്ടു. എന്നാൽ മൂന്നാമത്തെ ബില്ല് നിരാകരിക്കപ്പെടുകയും ബാങ്ക് 50 രൂപ നോട്ടിംഗ് ചെലവായി ഒടുക്കുകയും ചെയ്തു. 2016 മാർച്ച് 3 ന് സജിത്ത് 4,000 രൂപയും നോട്ടിംഗ് ചെലവുകളും രൊക്കം പണമായി നൽകുകയും ബാക്കി തുകയും 100 രൂപ പലിശയും ചേർത്ത് രണ്ടു മാസം കാലാവധിയുള്ള ഒരു പുതിയ ബില്ല് സ്വീകരിച്ച് നൽകുകയും ചെയ്തു. കാലാവധി ദിവസം പുതിയ ബില്ലിന്റെ പണം അജിത് നൽകി. അശോകന്റെയും അജിത്തിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക. അശോകന്റെ ബുക്കിൽ സജിത്തിന്റെ അക്കൗണ്ടും സജിത്തിന്റെ ബുക്കിൽ അശോകന്റെ അക്കൗണ്ടും തയാറാക്കുക.

**ഉത്തരം**

## അശോകന്റെ ബുക്കിൽ
## ജേർണൽ

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2015<br>ഒക്ടോ. 30 | സജിത്ത് അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(സജിത്തിന് സാധനം വിറ്റു) | | 14,000 | 14,000 |
| ഒക്ടോ. 30 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To സജിത്ത് അക്കൗണ്ട്<br>(സജിത്ത് സ്വീകരിച്ച മൂന്നു ബില്ലുകൾ ലഭിച്ചു. ആദ്യ ബില്ലിന്റെ തുക ₹ 2,000 കാലാവധി 2 മാസം രണ്ടാമത്തെ ബില്ലിന്റെ തുക ₹ 4,000 കാലാവധി 3 മാസം മൂന്നാമത്തെ ബില്ലിന്റെ തുക ₹ 8,000 കാലാവധി 4 മാസം) | | 14,000 | 14,000 |
| ഒക്ടോ. 30 | അജിത് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(രണ്ടാമത്തെ ബില്ല് അജിത്തിന് പുറം കുറിപ്പിലൂടെ കൈമാറി) | | 4,000 | 4,000 |

₹

| | | | | |
|---|---|---|---|---|
| ഡിസം. 03 | ബാങ്ക് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(12% വാർഷിക പലിശയിൽ ബില്ല്<br>ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | 7,760<br>240 | <br><br>8,000 |
| 2016<br>ജനുവരി 02 | ബാങ്ക് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ ബില്ലിന്റെ തുക<br>ലഭിച്ചു) | | 2,000 | <br>2,000 |
| മാർച്ച്.03 | സജിത്ത് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കാലാവധി ദിവസം ബില്ല് നിരാകരി<br>ക്കപ്പെടുകയും ബാങ്ക് 50 രൂപ നോട്ടിംഗ്<br>ചെലവ് കൊടുക്കുകയും ചെയ്തു) | | 8,050 | <br>8,050 |
| മാർച്ച്.03 | ബാങ്ക് അക്കൗണ്ട് Dr.<br>To സജിത്ത് അക്കൗണ്ട്<br>(സജിത്തിന്റെ കൈയിൽ നിന്ന്<br>പണം ലഭിച്ചു) | | 4,050 | <br>4,050 |
| മാർച്ച്.03 | സജിത്ത് അക്കൗണ്ട് Dr.<br>To ഇന്ററസ്ററ് അക്കൗണ്ട്<br>(കാലാവധി നീട്ടിയതിനു പലിശ<br>ഈടാക്കി) | | 100 | <br>100 |
| മാർച്ച്.03 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To സജിത്ത് അക്കൗണ്ട്<br>(രണ്ടു മാസം കാലാവധിയുള്ള<br>ഒരു പുതിയ ബില്ല് സജിത്ത് സ്വീകരിച്ചു<br>മടക്കിക്കിട്ടി) | | 4,100 | <br>4,100 |
| മെയ് 06 | ബാങ്ക് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ പുതിയ<br>ബില്ലിന്റെ തുക ലഭിച്ചു) | | 4,100 | <br>4,100 |

## സജിത്ത് A/c

Dr. Cr.

| തീയതി | വിവരണം | ജെ. എഫ്. | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2015 | | | | 2015 | | | |
| ഒക്ടോ.30 | സെയിൽസ് അക്കൗണ്ട് | | 14,000 | ഒക്ടോ.30 | ബിൽസ് റിസീവബിൾ അക്കൗണ്ട് | | 14,000 |
| 2016 | | | | 2016 | | | |
| മാർച്ച് 03 | ബാങ്ക് അക്കൗണ്ട് | | 8,050 | മാർച്ച് 03 | ബാങ്ക് അക്കൗണ്ട് | | 4,050 |
| മാർച്ച് 03 | ഇന്ററസ്റ്റ് അക്കൗണ്ട് | | 100 | മാർച്ച് 03 | ബിൽസ് റിസീവബിൾ അക്കൗണ്ട് | | 4,100 |
| | | | 22,150 | | | | 22,150 |

## സജിത്തിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2015 ഒക്ടോ. 30 | പർച്ചെയ്സസ് അക്കൗണ്ട് Dr.<br>To അശോകൻ അക്കൗണ്ട്<br>(അശോകനിൽ നിന്ന് സാധനം വാങ്ങി) | | 14,000 | 14,000 |
| ഒക്ടോ. 30 | അശോകൻ അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>(മൂന്നു ബില്ലുകൾ സ്വീകരിച്ചു തിരികെ നൽകി. ആദ്യ ബില്ലിന്റെ തുക ₹ 2 ,000 കാലാവധി 2 മാസം, രണ്ടാമത്തെ ബില്ലിന്റെ തുക ₹ 4,000 കാലാവധി 3 മാസം, മൂന്നാമത്തെ ബില്ലിന്റെ തുക ₹ 8,000 കാലാവധി 4 മാസം) | | 14,000 | 14,000 |

| | | | | |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 02 | ബിൽസ് പേയബിൾ അക്കൗണ്ട് Dr. | | 2,000 | |
| | To ബാങ്ക് അക്കൗണ്ട് | | | 2,000 |
| | (ആദ്യ ബില്ലിന്റെ തുക കൊടുത്തു) | | | |
| ഫെബ്രുവരി 02 | ബിൽസ് പേയബിൾ അക്കൗണ്ട് Dr. | | 4,000 | |
| | To ബാങ്ക് അക്കൗണ്ട് | | | 4,000 |
| | (രണ്ടാമത്തെ ബില്ലിന്റെ തുക കൊടുത്തു) | | | |
| മാർച്ച് 03 | ബിൽസ് പേയബിൾ അക്കൗണ്ട് Dr. | | 8,000 | |
| | നോട്ടിംഗ് ചാർജുകൾ അക്കൗണ്ട് Dr. | | 50 | |
| | To അശോകൻ അക്കൗണ്ട് | | | 8,050 |
| | (മൂന്നാമത്തെ ബില്ല് നിരാകരിക്കുകയും നോട്ടിംഗ് ചെലവിനത്തിൽ 50 രൂപ ഈടാക്കുകയും ചെയ്തു) | | | |
| മാർച്ച് 03 | ഇന്ററസ്ററ് അക്കൗണ്ട് Dr. | | 100 | |
| | To അശോകൻ അക്കൗണ്ട് | | | 100 |
| | (അശോകന് പലിശ അനുവദിച്ചു) | | | |
| മാർച്ച് 03 | അശോകൻ അക്കൗണ്ട് Dr. | | 4,050 | |
| | To ബാങ്ക് അക്കൗണ്ട് | | | 4,050 |
| | (നോട്ടിംഗ് ചെലവുൾപ്പെടെ രൊക്കം പണമായി 4,050 രൂപ നൽകി) | | | |
| മാർച്ച് 03 | അശോകൻ അക്കൗണ്ട് Dr. | | 4,100 | |
| | To ബിൽസ് പേയബിൾ അക്കൗണ്ട് | | | 4,100 |
| | (അശോകൻ നൽകിയ രണ്ടു മാസം കാലാവധിയുള്ള ബില്ല് സ്വീകരിച്ചു) | | | |
| മെയ് 06 | ബിൽസ് പേയബിൾ അക്കൗണ്ട് Dr. | | 4,100 | |
| | To ബാങ്ക് അക്കൗണ്ട് | | | 4,100 |
| | (പുതിയ ബില്ലിന്റെ തുക കൊടുത്തു) | | | |

## അശോകൻ അക്കൗണ്ട്

**Dr.** **Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2015 ഒക്ടോ. 30 | ബിൽസ് പേയബിൾ അക്കൗണ്ട് | | 14,000 | 2015 ഒക്ടോ. 30 | പർച്ചെയ്സ് അക്കൗണ്ട് | | 14,000 |
| 2016 മാർച്ച്. 03 | ബിൽസ് പേയബിൾ അക്കൗണ്ട് | | 4,100 | 2016 മാർച്ച്. 03 | ബിൽസ് പേയബിൾ അക്കൗണ്ട് | | 8,000 |
| മാർച്ച്. 03 | ബാങ്ക് അക്കൗണ്ട് | | 4,050 | മാർച്ച്. 03 | നോട്ടിംഗ് ചാർജ് | | 50 |
| | | | | | ഇന്ററസ്റ്റ് | | 100 |
| | | | 22,150 | | | | 22,150 |

*നിർദ്ധാരണം – 6*

2016 ജനുവരി 1 ന് ഷമീർ നൽകിയ മൂന്നു മാസം കാലയളവുള്ള 10,000 രൂപയുടെ ബിൽ ജോസഫ് സ്വീകരിച്ച് തിരികെ നൽകി. കിട്ടിയ ബിൽ ഷമീർ അനിലിന് പുറം കുറിപ്പിലൂടെ കൈമാറ്റം ചെയ്യുന്നു. കാലാവധിക്ക് തൊട്ടു മുൻപ് ജോസഫ് ഷമീറിനോട് ബില്ലിന്റെ കാലാവധി പുതുക്കണം എന്ന് ആവശ്യപ്പെടുന്നു. അനിലിന് കൊടുക്കാനുള്ള തുക ഷമീർ കൊടുക്കുകയും, 18 % വാർഷിക പലിശനിരക്കിൽ ബില്ല് മൂന്ന് മാസ കാലയളവിലേക്കു പുതുക്കുകയും ചെയ്തു. പുതിയ കാലാവധിയിൽ ബില്ലിന്റെ തുക ജോസഫ് നൽകി. ഷമീറിന്റെ ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം**

## ഷമീറിന്റെ ബുക്ക്
## ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2016 ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ജോസഫ് അക്കൗണ്ട്<br>(നൽകിയ ബിൽ ജോസഫ് സ്വീകരിച്ച് തിരികെ കിട്ടി) | | 10,000 | 10,000 |

| | | | | |
|---|---|---|---|---|
| ജനുവരി 01 | അനിൽ അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(അനിലിന് പുറം കുറിപ്പ് എഴുതി ബിൽ കൈമാറി) | | 10,000 | 10,000 |
| ഏപ്രിൽ 04 | ജോസഫ് അക്കൗണ്ട് Dr.<br>To അനിൽ അക്കൗണ്ട്<br>(ജോസഫ് സ്വീകരിച്ച് അനിലിന് നൽകിയ ബിൽ റദ്ദ് ചെയ്തു) | | 10,000 | 10,000 |
| ഏപ്രിൽ 04 | അനിൽ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ബിൽ റദ്ദാക്കിയതുമൂലം അനിലിന് കൊടുക്കാനുള്ള തുക കൊടുത്തു) | | 10,000 | 10,000 |
| ഏപ്രിൽ 04 | ജോസഫ് അക്കൗണ്ട് Dr.<br>To ഇന്ററസ്ററ് അക്കൗണ്ട്<br>(ബില്ലിന്റെ കാലാവധി നീട്ടിയതിനാൽ 10,000 രൂപയ്ക്കു 18 % പലിശ മൂന്നു മാസത്തേക്ക് ഈടാക്കി) | | 450 | 450 |
| ഏപ്രിൽ 04 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ജോസഫ് അക്കൗണ്ട്<br>(ജോസഫ് സ്വീകരിച്ച പുതിയ ബിൽ ലഭിച്ചു) | | 10,450 | 10,450 |
| ജൂലൈ. 07 | ബാങ്ക് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ പുതിയ ബില്ലിന്റെ തുക ലഭിച്ചു) | | 10,450 | 10,450 |

*നിർദ്ധാരണം – 7*

റീന 6,000 രൂപയ്ക്ക് ജാസ്മിനോട് കടപ്പെട്ടിരിക്കുന്നു. 2016 ഏപ്രിൽ 1 ന് റീന ഈ തുകയ്ക്ക് മൂന്നു മാസം കാലാവധിയുള്ള ഒരു വാഗ്ദാനപത്രം തയാറാക്കി ജാസ്മിന് നൽകുന്നു. ജാസ്മിന് കിട്ടിയ പത്രത്തെ 5,760 രൂപയ്ക്ക് ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്തു. കാലാവധി ദിനത്തിൽ വാഗ്ദാനപത്രം നിരാകരിക്കുകയും ബാങ്ക് 15 രൂപ നോട്ടിംഗ് ചെലവായി കൊടുക്കുകയും ചെയ്തു. റീന 2,000 രൂപ രൊക്കം പണമായും ബാക്കി തുകയും 100 രൂപ പലിശയുമടക്കം രണ്ടു മാസ കാലയളവിലേക്ക് ഒരു പുതിയ ബില്ല് സ്വീകരിച്ച് മടക്കി നൽകി. എന്നാൽ ബില്ലിന്റെ കാലാവധി

ദിവസം ഈ ബിൽ നിരാകരിക്കുകയും ജാസ്മിൻ 15 രൂപ നോട്ടിംഗ് ചെലവായി കൊടുക്കുകയും ചെയ്തു.

മുകളിൽ പറഞ്ഞ ഇടപാടുകൾക്ക് ജാസ്മിന്റെ ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം**

**ജാസ്മിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2016 | | | | |
| ഏപ്രിൽ 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 6,000 | |
| | To റീന അക്കൗണ്ട് | | | 6,000 |
| | (റീന നൽകാനുള്ള തുകയ്ക്ക് പകരമായി വാഗ്ദാനപത്രം ലഭിച്ചു) | | | |
| ഏപ്രിൽ 01 | ബാങ്ക് അക്കൗണ്ട് Dr. | | 5,760 | |
| | ഡിസ്കൗണ്ട് അക്കൗണ്ട് Dr. | | 240 | |
| | To ബിൽസ് റിസീവബിൾ അക്കൗണ്ട് | | | 6,000 |
| | (റീന നൽകിയ വാഗ്ദാനപത്രം 5,760 രൂപയ്ക്ക് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | | |
| ജൂലൈ 04 | റീന അക്കൗണ്ട് Dr. | | 6,015 | |
| | To ബാങ്ക് അക്കൗണ്ട് | | | 6,015 |
| | (കാലാവധി ദിനത്തിൽ വാഗ്ദാനപത്രം നിരാകരിക്കപ്പെടുകയും ബാങ്ക് നോട്ടിംഗ് ചെലവായി 15 രൂപ കൊടുക്കുകയും ചെയ്തു) | | | |
| ജൂലൈ 04 | ബാങ്ക് അക്കൗണ്ട് Dr. | | 2,000 | |
| | To റീന അക്കൗണ്ട് | | | 2,000 |
| | (ബില്ല് റദ്ദാക്കിയതുമൂലം റീനയിൽ നിന്ന് രൊക്കം പണം കിട്ടി) | | | |

| | | | | |
|---|---|---|---|---|
| ജൂലൈ 04 | റീന അക്കൗണ്ട് Dr.<br>To ഇന്ററസ്ററ് അക്കൗണ്ട്<br>(പുതിയ ബില്ലിന്മേൽ 100 രൂപ പലിശ ഈടാക്കി) | | 100<br>100 | |
| ജൂലൈ 04 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To റീന അക്കൗണ്ട്<br>(നൽകാനുള്ള ബാക്കി തുകയ്ക്ക് റീന ഒരുപുതിയ ബില്ല് സ്വീകരിച്ച് മടക്കിക്കിട്ടി) | | 4,115 | 4,115 |
| സെപ്റ്റ. 07 | റീന അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ പുതിയ ബില്ല് നിരാകരിച്ചു) | | 4,115 | 4,115 |
| സെപ്റ്റ. 07 | റീന അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(നിരാകരിച്ച ബില്ലിന്റെ നോട്ടിംഗ് ചെലവ് കൊടുത്തു ) | | 15 | 15 |

*നിർദ്ധാരണം – 8*

2015 മെയ് 1ന് മൂന്ന് മാസ കാലാവധിയുള്ള 6,000 രൂപയുടെ ഒരു വാഗ്ദാനപത്രം രാജേഷ് തയാറാക്കി ജിതേഷിന് നൽകുന്നു. മെയ് 4 നു ജിതേഷ് കിട്ടിയ വാഗ്ദാനപത്രത്തെ 18 % വാർഷികപ്പലിശയിൽ ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്യുന്നു. എന്നാൽ കാലാവധി ദിനത്തിൽ വാഗ്ദാനപത്രം നിരാകരിക്കപ്പെടുകയും ബാങ്ക് 10 രൂപ നോട്ടിംഗ് ചെലവായി നൽകുകയും ചെയ്തു. രാജേഷ് രൊക്കം പണമായി 2,130 രൂപയും (പലിശയും നോട്ടിംഗ് ചെലവും ഉൾപ്പെടെ) രണ്ടു മാസം കാലാവധിയുള്ള 4,000 രൂപയുടെ പുതിയ വാഗ്ദാനപത്ര നൽകാം എന്ന് സമ്മതിക്കുന്നു. രണ്ടാമത്തെ പത്രത്തിന്റെ കാലാവധി ദിനത്തിൽ രാജേഷ് ജിതേഷിനോട് വാഗ്ദാനപത്രത്തിന്റെ കാലാവധി മൂന്നു മാസം കൂടി നീട്ടിനൽകാൻ അഭ്യർഥിക്കുന്നു. രാജേഷിന്റെ അഭ്യർഥന ജിതേഷ് അംഗീകരിക്കുകയും 200 രൂപ പലിശ രൊക്കം പണമായി രാജേഷ് നൽകുകയും ചെയ്തു. കാലാവധി ദിനത്തിൽ അവസാന വാഗ്ദാനപത്രത്തിന്റെ തുക രാജേഷ് നൽകി. ജിതേഷിന്റെയും രാജേഷിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

## ജിതേഷിന്റെ ബുക്ക്
## ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2015 | | | | |
| മെയ് 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 6,000 | |
| | To രാജേഷ് അക്കൗണ്ട് | | | 6,000 |
| | (രാജേഷ് നൽകാനുള്ള തുകയ്ക്ക് പകരമായി വാഗ്ദാനപത്രം ലഭിച്ചു) | | | |
| മെയ് 04 | ബാങ്ക് അക്കൗണ്ട് Dr. | | 5,730 | |
| | ഡിസ്കൗണ്ട് അക്കൗണ്ട് Dr. | | 270 | |
| | To ബിൽസ് റിസീവബിൾ അക്കൗണ്ട് | | | 6,000 |
| | (രാജേഷ് നൽകിയ വാഗ്ദാനപത്രം 5,730 രൂപയ്ക്കു ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | | |
| ഓഗ. 04 | രാജേഷ് അക്കൗണ്ട് Dr. | | 6,010 | |
| | To ബാങ്ക് അക്കൗണ്ട് | | | 6,010 |
| | (കാലാവധി ദിനത്തിൽ വാഗ്ദാന പത്രം നിരാകരിക്കപ്പെടുകയും ബാങ്ക് നോട്ടിംഗ് ചെലവായി 10 രൂപ കൊടുക്കുകയും ചെയ്തു) | | | |
| ഓഗ. 04 | രാജേഷ് അക്കൗണ്ട് Dr. | | 120 | |
| | To ഇന്ററസ്റ്റ് അക്കൗണ്ട് | | | 120 |
| | (പുതിയ കാലാവധിക്ക് 120 രൂപ പലിശ ഈടാക്കി) | | | |
| ഓഗ. 04 | ബാങ്ക് അക്കൗണ്ട് Dr. | | 2,130 | |
| | To രാജേഷ് അക്കൗണ്ട് | | | 2,130 |
| | (ബിൽ റദ്ദായതിനാൽ രാജേഷ് നൽകാനുള്ള തുക ഭാഗികമായി കിട്ടി) | | | |
| ഓഗ. 04 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 4,000 | |
| | To രാജേഷ് അക്കൗണ്ട് | | | 4,000 |
| | (നൽകാനുള്ള തുകയ്ക്ക് രാജേഷ് ഒരു പുതിയ വാഗ്ദാനപത്രം നൽകി) | | | |

| | | | | |
|---|---|---|---|---|
| ഒക്റ്റോ. 07 | രാജേഷ് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>ബിൽ റദ്ദായി) | | 4,000 | 4,000 |
| ഒക്റ്റോ. 07 | രാജേഷ് അക്കൗണ്ട് Dr.<br>To ഇന്ററസ്റ്റ് അക്കൗണ്ട്<br>(ബില്ലിന്റെ കാലാവധി നീട്ടിവച്ചതിനാൽ 200 രൂപ പലിശ ഈടാക്കി) | | 200 | 200 |
| ഒക്റ്റോ. 07 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>ക്യാഷ് അക്കൗണ്ട് Dr.<br>To രാജേഷ് അക്കൗണ്ട്<br>(ബില്ലിന്റെ കാലാവധി നീട്ടിവയ്ക്കുകയും പലിശ രൊക്കം പണമായി ലഭിക്കുകയും ചെയ്തു) | | 4,000<br>200 | 4,200 |
| 2016<br>ജനുവരി 10 | ബാങ്ക് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ പുതിയ ബില്ലിന്റെ തുക ലഭിച്ചു) | | 4,000 | 4,000 |

**രാജേഷിന്റെ ബുക്ക്**

**ജേർണൽ**

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2015<br>മെയ് 01 | ജിതേഷ് അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>(ജിതേഷിന് മൂന്നു മാസ കാലാവധിയുള്ള വാഗ്ദാനപത്രം നൽകി) | | 6,000 | 6,000 |

| | | | | |
|---|---|---|---|---|
| ഓഗ. 04 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>നോട്ടിംഗ് ചാർജസ് അക്കൗണ്ട് Dr.<br>To ജിതേഷ് അക്കൗണ്ട്<br>(ബില്ല് നിരാകരിക്കുകയും നോട്ടിംഗ് ചെലവിനത്തിൽ 10 രൂപ ഈടാക്കുകയും ചെയ്തു) | | 6,000<br>10 | <br><br>6,010 |
| ഓഗ. 04 | ഇന്ററസ്റ്റ് അക്കൗണ്ട് Dr.<br>To ജിതേഷ് അക്കൗണ്ട്<br>(ജിതേഷിന് പലിശ അനുവദിച്ചു) | | 120 | <br>120 |
| ഓഗ. 04 | ജിതേഷ് അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>To ബാങ്ക് അക്കൗണ്ട്<br>(നോട്ടിംഗ് ചെലവും പലിശയും ഉൾപ്പടെ 2,130 രൂപ രൊക്കം പണമായും 4,000 രൂപയുടെ പുതിയ വാഗ്ദാനപത്രവും നൽകി) | | 6,130 | <br>4,000<br>2,130 |
| ഒക്ടോ. 07 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ജിതേഷ് അക്കൗണ്ട്<br>(അശോകൻ നൽകിയ രണ്ടു മാസം കാലാവധിയുള്ള ബില്ല് സ്വീകരിച്ചു) | | 4,000 | <br>4,000 |
| ഒക്ടോ. 07 | ഇന്ററസ്റ്റ് അക്കൗണ്ട് Dr.<br>To ജിതേഷ് അക്കൗണ്ട്<br>(ജിതേഷിന് പലിശ അനുവദിച്ചു) | | 200 | <br>200 |
| ഒക്റ്റോ. 07 | ജിതേഷ് അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>To ബാങ്ക് അക്കൗണ്ട്<br>(ബില്ല് റദ്ദാക്കുകയും പലിശ കൊടുക്കുകയും ചെയ്തു) | | 4,200 | <br>4,000<br>200 |
| 2016<br>ജനുവരി 10 | <br>ബാങ്ക് അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ പുതിയ ബില്ലിന്റെ തുക കൊടുത്തു) | | <br>4,000 | <br><br>4,000 |

**സ്വയം വിലയിരുത്തൽ - III**

*വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:*

(i) വിനിമയ ബില്ലുകൾ .................... പത്രങ്ങളാണ്

(ii) വിനിമയ ബില്ലുകൾ .............. തയാറാക്കി ............. ന് നൽകുന്നു

(iii) വാഗ്ദാനപത്രങ്ങൾ .................. തയാറാക്കി..................ന് നൽകുന്നു.

(iv) വിനിമയബില്ലിലെ കക്ഷികളുടെ എണ്ണം ................ ആണ്.

(v) ഒരു വാഗ്ദാനപത്രത്തിലെ കക്ഷികളുടെ എണ്ണം ............... ആണ്.

(vi) വിനിമയബില്ലിൽ ഡ്രോയറും .............. ഉം ഒരു ആൾ തന്നെ ആയിരിക്കില്ല.

(vii) ഇന്ത്യൻ നാട്ടുഭാഷയിൽ എഴുതിയ വിനിമയ ബില്ലുകളെ ........... എന്ന് പറയുന്നു.

(viii) ഒരു ബില്ലിന്റെ ................ കണക്കാക്കാൻ ബില്ലിന്റെ കാലയളവിനോടൊപ്പം ................ ഇളവ് ദിവസങ്ങൾ സാധാരണ കൂട്ടാറുണ്ട്.

## 8.12 സഹായക ബില്ലുകൾ (Accommodation Bills)

വിനിമയ ബില്ലുകൾ സാധാരണയായി വ്യാപാര കടം തീർക്കാൻ ഉപയോഗിക്കുന്ന ഒരു ഉപാധി യാണ്. ഇങ്ങനെ യഥാർഥത്തിലുള്ള ഒരു വ്യാപാര ഇടപാട് തീർപ്പാക്കാൻ ഉപയോഗിക്കുന്ന വിനിമയ ബില്ലുകളെ വ്യാപാര ബില്ലുകൾ (Trade Bills) എന്ന് വിളിക്കുന്നു. എന്നാൽ ധനസമാഹരണത്തിന്റെ താൽക്കാലിക സ്രോതസ്സായും ബില്ലുകളും വാഗ്ദാനപത്രങ്ങളും ഉപയോഗിക്കാറുണ്ട്. ഇത്തരത്തിൽ താൽക്കാലിക ധനസമാഹരണത്തിനുപയോഗിക്കുന്ന ബില്ലുകളെ 'സഹായക ബില്ലുകൾ' എന്ന് വിളിക്കുന്നു. സഹായക ബില്ലുകൾ ഡ്രോയർ തയാറാക്കി ഡ്രോയിക്ക് നൽകുകയും തുടർന്ന് ഡ്രോയി ഇവ സ്വീകരിച്ച് മടക്കി നൽകുകയും ചെയ്യുന്നു. കിട്ടിയ ബില്ല് ഡ്രോയർ ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്തു പണം നേടുന്നു. ഉദാഹരണമായി, രാജു 2016 ജനുവരി ഒന്നിന് 10,000 രൂപയുടെ മൂന്ന് മാസം കാലാവധിയുള്ള ഒരു സഹായക ബിൽ തയാറാക്കി അനിലിന് നൽകുന്നു. അനിൽ ബിൽ സ്വീകരിച്ച് മടക്കി നൽകി. രാജു ബാങ്ക് വഴി 6% വാർഷിക പലിശനിരക്കിൽ ഈ ബിൽ ഡിസ്കൗണ്ട് ചെയ്യുന്നു. കാലാവധി ദിനത്തിന് തൊട്ടു മുൻപ് രാജു ബിൽത്തുക അനിലിന് നൽകുകയും അനിൽ കാലാവധി ദിവസം ബിൽത്തുക ബാങ്കിൽ അടയ്ക്കുകയും ചെയ്തു. ഇവരുടെ ബുക്കിലെ ജേർണൽ എൻട്രികൾ താഴെ പറയുന്ന വിധം രേഖപ്പെടുത്താം.

## രാജുവിന്റെ ബുക്ക്
## ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 10,000 | |
| | To അനിൽ അക്കൗണ്ട് | | | 10,000 |
| | (3 മാസം കാലാവധിയുള്ള സഹായക ബില്ല് അനിൽ സ്വീകരിച്ച് മടക്കിക്കിട്ടി) | | | |
| ജനുവരി 01 | ബാങ്ക് അക്കൗണ്ട് Dr. | | 9,850 | |
| | ഡിസ്കൗണ്ട് അക്കൗണ്ട് Dr. | | 150 | |
| | To ബിൽസ് റിസീവബിൾ അക്കൗണ്ട് | | | 10,000 |
| | (ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | | |
| ഏപ്രിൽ 03 | അനിൽ അക്കൗണ്ട് Dr. | | 10,000 | |
| | To ബാങ്ക് അക്കൗണ്ട് | | | 10,000 |
| | (സഹായക ബില്ലിന്റെ തുക അനിലിന് നൽകുന്നു) | | | |

## അനിലിന്റെ ബുക്കിൽ
## ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2016 | | | | |
| ജനുവരി 01 | രാജു അക്കൗണ്ട് Dr. | | 10,000 | |
| | To ബിൽസ് പേയബിൾ അക്കൗണ്ട് | | | 10,000 |
| | (മൂന്ന് മാസം കാലാവധിയുള്ള സഹായക ബില്ല് രാജുവിൽ നിന്ന് സ്വീകരിച്ചു) | | | |
| ഏപ്രിൽ 03 | ബാങ്ക് അക്കൗണ്ട് Dr. | | 10,000 | |
| | To രാജു അക്കൗണ്ട് | | | 10,000 |
| | (രാജുവിൽ നിന്ന് ബില്ല് തുക ലഭിച്ചു) | | | |

| | | | | |
|---|---|---|---|---|
| ഏപ്രിൽ 04 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കാലാവധി ദിനം ബില്ലിന്റെ തുക നൽകി) | | 10,000 | 10,000 |

ചില സന്ദർഭങ്ങളിൽ രണ്ടു കക്ഷികൾ ചേർന്ന് പരസ്പര ധനസമാഹരണത്തിനു വേണ്ടി സഹായക ബില്ലുകൾ തയാറാക്കാറുണ്ട്. ഇവ താഴെ പറയുന്ന രണ്ടു തരത്തിലാകാം.

(a) ഡ്രോയറും ഡ്രോയിയും അംഗീകരിച്ച അനുപാതത്തിൽ ബിൽ തുക വീതിച്ചെടുക്കാം. ഇത്തരം സന്ദർഭങ്ങളിൽ ഡിസ്കൗണ്ട് ചെലവുകൾ മുൻപ് സൂചിപ്പിച്ച അതേ അനുപാതത്തിൽ ഇരു കൂട്ടരും വഹിക്കുന്നു. കാലാവധി ദിനത്തിൽ ഡ്രോയർ താൻ നൽകാനുള്ള തുക ഡ്രോയിക്കു നൽകുന്നു. ഡ്രോയി ബില്ലിന്റെ മുഴുവൻ തുകയും ബാങ്കിൽ ഒടുക്കുന്നു.

(b) പരസ്പരം ബില്ലുകൾ തയാറാക്കി അംഗീകരിച്ച് ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്ത് പണം നേടിയെടുക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ അവരവരുടെ ഡിസ്കൗണ്ട് ചെലവ് സ്വയം വഹിക്കുന്നു. കാലാവധി ദിവസം ബില്ലിന്റെ ഡ്രോയിമാർ ഈ തുക ബാങ്കിൽ ഒടുക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, സഹായക ബില്ലുകൾ ഇരു കക്ഷികൾക്കും ഡിസ്കൗണ്ടിംഗ് സ്ഥാപനങ്ങളിലൂടെ താൽക്കാലിക ധനസമാഹരണത്തിന് സഹായിക്കുന്നു.

*നിർദ്ധാരണം – 9*

സാമ്പത്തികാവശ്യങ്ങളുള്ള സച്ചുവും കിച്ചുവും 2015 ഒക്ടോബർ 1 നു പരസ്പര ധാരണ പ്രകാരം സഹായക ബിൽ തയാറാക്കുവാൻ തീരുമാനിച്ചു. സച്ചു രണ്ടു മാസം കാലാവധിയുള്ള 9,000 രൂപയുടെ ബിൽ തയാറാക്കുകയും, കിച്ചു ബിൽ സ്വീകരിച്ച് നൽകുകയും ചെയ്തു. 5 % വാർഷിക പലിശനിരക്കിൽ സച്ചു ബിൽ ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്തു. ലഭിച്ച തുകയുടെ പകുതി കിച്ചുവിന് നൽകി. കാലാവധി ദിവസം സച്ചു നൽകാനുള്ള തുക കിച്ചുവിന് കൊടുക്കുകയും, കിച്ചു ബിൽ തുക മുഴുവനും ബാങ്കിൽ ഒടുക്കുകയും ചെയ്തു. സച്ചുവിന്റെയും കിച്ചുവിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

## സച്ചുവിന്റെ ബുക്ക്
## ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2015 | | | | |
| ഒക്ടോ. 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr. | | 9,000 | |
| | To കിച്ചു അക്കൗണ്ട് | | | 9,000 |
| | (പരസ്പര സഹായത്തിനായി 2 മാസ കാലാവധിയുള്ള ബിൽ സ്വീകരിച്ച് തിരികെ ലഭിച്ചു) | | | |
| ഒക്ടോ. 01 | ബാങ്ക് അക്കൗണ്ട് Dr. | | 8,925 | |
| | ഡിസ്കൗണ്ട് അക്കൗണ്ട് Dr. | | 75 | |
| | To ബിൽസ് റിസീവബിൾ അക്കൗണ്ട് | | | 9,000 |
| | (ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | | |
| ഒക്ടോ. 01 | കിച്ചു അക്കൗണ്ട് Dr. | | 4,500 | |
| | To ക്യാഷ് അക്കൗണ്ട് | | | 4,463 |
| | To ഡിസ്കൗണ്ട് അക്കൗണ്ട് | | | 37 |
| | (ബില്ലിന്റെ പകുതി തുകയും ഡിസ്കൗണ്ട് ചെലവും കിച്ചുവിന് നൽകി | | | |
| ഡിസം. 04 | കിച്ചു അക്കൗണ്ട് Dr. | | 4,500 | |
| | To ക്യാഷ് അക്കൗണ്ട് | | | 4,500 |
| | (കാലാവധി ദിനത്തിൽ ബില്ലിന്റെ പകുതി തുക കിച്ചുവിന് നൽകി) | | | |

## കിച്ചുവിന്റെ ബുക്ക്
## ജേർണൽ

| തീയതി | വിവരണം | എൽ. എഫ് | തുക (ഡെബിറ്റ്) (₹) | തുക (ക്രെഡിറ്റ്) (₹) |
|---|---|---|---|---|
| 2015 | | | | |
| ഒക്ടോ. 01 | സച്ചു അക്കൗണ്ട് Dr. | | 9,000 | |
| | To ബിൽസ് പേയബിൾ അക്കൗണ്ട് | | | 9,000 |
| | (പരസ്പര സഹായത്തിനായി 2 മാസ കാലാവധിയുള്ള ബിൽ സ്വീകരിച്ച് തിരികെ നൽകി) | | | |

| | | | | |
|---|---|---|---|---|
| ഒക്ടോ. 01 | ക്യാഷ് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To സച്ചു അക്കൗണ്ട്<br>(ഡിസ്കൗണ്ട് ചെയ്ത ബില്ലിന്റെ പകുതി തുക സച്ചുവിൽ നിന്ന് ലഭിച്ചു) | | 4,463<br>37 | <br><br>4,500 |
| ഡിസം. 04 | ക്യാഷ് അക്കൗണ്ട് Dr.<br>To സച്ചു അക്കൗണ്ട്<br>(സച്ചു നൽകാനുള്ള ബില്ലിന്റെ പകുതി തുക ലഭിച്ചു) | | 4,500 | <br>4,500 |
| ഡിസം. 04 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ ബിൽ തുക ബാങ്കിൽ ഒടുക്കി) | | 9,000 | <br>9,000 |

*നിർദ്ധാരണം – 10*

താൽക്കാലിക സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഇസ്മായിലും ജോർജും പരസ്പരം സഹായക ബിൽ തയാറാക്കുവാൻ തീരുമാനിച്ചു. 2015 മാർച്ച് 1 ന് ഇസ്മായിൽ തയാറാക്കിയ 5,000 രൂപയുടെ മൂന്നു മാസ ബിൽ ജോർജ് സ്വീകരിക്കുകയും തിരികെ നൽകുകയും ജോർജ് തയാറാക്കിയ 4,000 രൂപയുടെ മൂന്ന് മാസ കാലാവധിയുള്ള ബിൽ ഇസ്മായിൽ സ്വീകരിക്കുകയും തിരിച്ച് നൽകുകയും ചെയ്തു. ഇരു കക്ഷികളും ബാങ്കിലൂടെ യഥാക്രമം 4,800 രൂപ 3,850 രൂപയ്ക്ക് ബില്ലുകൾ ഡിസ്കൗണ്ട് ചെയ്തു. കാലാവധി ദിവസത്തിന് തൊട്ടു മുൻപ് ഇസ്മായിൽ സഹായക ബില്ലുകളുടെ വ്യത്യാസ തുകയായ 1,000 രൂപ ജോർജിന് നൽകി. കാലാവധി ദിവസം രണ്ടു ബില്ലുകളും ആദരിക്കപ്പെട്ടു. ഇസ്മായിലിന്റെയും ജോർജിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

## ഇസ്മായിലിന്റെ ബുക്ക്
### ജേർണൽ

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2015<br>മാർച്ച് 01 | ജോർജ് അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>(പരസ്പര സഹായത്തിനായി 3 മാസ കാലാവധിയുള്ള ബിൽ സ്വീകരിച്ചു തിരികെ നൽകി) | | 4,000 | <br>4,000 |

| | | | | |
|---|---|---|---|---|
| മാർച്ച് 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ജോർജ് അക്കൗണ്ട്<br>(പരസ്പര സഹായത്തിനായി 3 മാസ കാലാവധിയുള്ള ബിൽ ജോർജ് സ്വീകരിച്ച് തിരികെ ലഭിച്ചു) | | 5,000 | <br>5,000 |
| മാർച്ച് 01 | ബാങ്ക് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(ബിൽ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | 4,800<br>200 | <br><br>5,000 |
| ജൂൺ 03 | ജോർജ് അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(ബില്ലുകളുടെ വ്യത്യാസ തുകയായ 1,000 രൂപ ജോർജിന് നൽകി) | | 1,000 | <br>1,000 |
| ജൂൺ 04 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ ബില്ലിന്റെ പകുതി തുക ബാങ്കിൽ ഒടുക്കി) | | 4,000 | <br>4,000 |

## ജോർജിന്റെ ബുക്ക്
## ജേർണൽ

| *തീയതി* | *വിവരണം* | *എൽ. എഫ്* | *തുക (ഡെബിറ്റ്) (₹)* | *തുക (ക്രെഡിറ്റ്) (₹)* |
|---|---|---|---|---|
| 2015<br>മാർച്ച് 01 | <br>ഇസ്മായിൽ അക്കൗണ്ട് Dr.<br>To ബിൽസ് പേയബിൾ അക്കൗണ്ട്<br>(പരസ്പര സഹായത്തിനായി 3 മാസ കാലാവധിയുള്ള ബിൽ സ്വീകരിച്ച് തിരികെ നൽകി) | | <br>5,000 | <br><br>5,000 |
| മാർച്ച് 01 | ബിൽസ് റിസീവബിൾ അക്കൗണ്ട് Dr.<br>To ഇസ്മായിൽ അക്കൗണ്ട്<br>(പരസ്പര സഹായത്തിനായി 3 മാസ കാലാവധിയുള്ള ബിൽ ജോർജ് സ്വീകരിച്ച് തിരികെ നൽകി) | | 4,000 | <br>4,000 |

| | | | | |
|---|---|---|---|---|
| മാർച്ച് 01 | ബാങ്ക് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To ബിൽസ് റിസീവബിൾ അക്കൗണ്ട്<br>(ബിൽ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു) | | 3,850<br>150 | <br><br>4,000 |
| ജൂൺ 03 | ക്യാഷ് അക്കൗണ്ട് Dr.<br>To ഇസ്മായിൽ അക്കൗണ്ട്<br>(ബില്ലുകളുടെ വ്യത്യാസ തുകയായ 1,000 രൂപ ഇസ്മായിലിൽ നിന്ന് ലഭിച്ചു) | | 1,000 | <br>1,000 |
| ജൂൺ 04 | ബിൽസ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കാലാവധി ദിനത്തിൽ ബിൽ തുക ബാങ്കിൽ ഒടുക്കി) | | 5,000 | <br>5,000 |

## *പാഠഭാഗത്തെ മുഖ്യപദങ്ങൾ*

(a) ഡ്രോയർ (Drawer)
(b) ഡ്രോയി (Drawee)
(c) പേയി (Payee)
(d) പുറം കുറിപ്പോടെ കൈമാറ്റം ചെയ്യൽ Endorsement)
(e) ബില്ലിന്റെ പുതുക്കൽ (Renewal of Bill)
(f) ബില്ലിന്റെ മുൻകൂർ തീർപ്പാക്കൽ (Retiring of Bill)

### പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം

1. *വിനിമയ ബില്ലുകൾ കടപ്രമാണങ്ങളാണ് :* കടത്തിന് സാധനം വാങ്ങുകയോ വിൽക്കുകയോ ചെയ്യുമ്പോൾ ഉപയോഗിക്കുന്ന ഒരു കടപ്രമാണമാണ് വിനിമയ ബില്ല്.
2. *വിനിമയ ബില്ലുകളും വാഗ്ദാനപത്രങ്ങളും :* വിനിമയ ബില്ല് എന്നാൽ ഉപാധികളില്ലാതെ എഴുതി തയാറാക്കിയതും, തയാറാക്കിയ ആൾ ഒപ്പുവച്ചതും, ഒരു നിർദിഷ്ട വ്യക്തി ഒരു നിശ്ചിതതുക ഉത്തരവ് നൽകിയ വ്യക്തിക്ക് അല്ലെങ്കിൽ പ്രമാണ കൈവശക്കാരന് നിശ്ചിത ദിനത്തിൽ നൽകണമെന്ന നിർദേശത്തോടു കൂടിയ ഒരു ഉത്തരവാകുന്നു. എന്നാൽ വാഗ്ദാനപത്രത്തിൽ ഒരു നിശ്ചിത വ്യക്തിക്കോ അല്ലെങ്കിൽ കൈവശക്കാരനോ ഒരു നിശ്ചിതതുക യാതൊരു ഉപാധികളുമില്ലാതെ തന്നു തീർക്കാമെന്ന ഉറപ്പിന്മേൽ എഴുതിത്തയാറാക്കിയ ആൾ ഒപ്പിട്ട ഒരു വാഗ്ദാനമാണ്.

3. *വിനിമയ ബില്ലുകളും വാഗ്ദാനപത്രങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ*
   (a) വിനിമയ ബില്ലുകൾ ക്രെഡിറ്റർ തയാറാക്കുമ്പോൾ വാഗ്ദാനപത്രങ്ങൾ ഡെബ്റ്റർ തയാറാക്കുന്നു.
   (b) വിനിമയ ബില്ലിൽ മൂന്ന് കക്ഷികൾ ആണെങ്കിൽ വാഗ്ദാനപത്രത്തിൽ രണ്ടു കക്ഷികൾ മാത്രം.
   (c) വിനിമയ ബില്ലുകൾക്ക് ഡ്രോയിയുടെ സ്വീകരിക്കൽ ആവശ്യമാണ് എന്നാൽ വാഗ്ദാനപത്രങ്ങൾക്ക് ഇത്തരം സ്വീകരിക്കൽ ആവശ്യമില്ല.
4. *വിനിമയ ബില്ലിന്റെ സവിശേഷതകൾ* : ഇതൊരു എഴുതപ്പെട്ട പ്രമാണമാണ്. ഇതിൽ ഉപാധികളില്ലാത്ത ഒരു ആജ്ഞ ഉണ്ട്. ക്രെഡിറ്റർ കൈയൊപ്പിടുകയും ഡെബ്റ്റർ സ്വീകരിക്കുകയും വേണം. ബില്ലിന്റെ തുക ആവശ്യപ്പെടുമ്പോഴോ അല്ലെങ്കിൽ നിശ്ചിത സമയത്തിനുള്ളിലോ കൊടുത്തു തീർക്കണം

## *പരിശീലന ചോദ്യങ്ങൾ*

### *ഹ്രസ്വോത്തര ചോദ്യങ്ങൾ*

1. സാധാരണയായി ഉപയോഗിക്കുന്ന ഏതെങ്കിലും രണ്ട് കൈമാറ്റപ്പത്രങ്ങളുടെ പേര് എഴുതുക.
2. വിനിമയ ബില്ലും വാഗ്ദാനപത്രവും തമ്മിലുള്ള ഏതെങ്കിലും രണ്ടു വ്യത്യാസങ്ങൾ എഴുതുക.
3. ഒരു വിനിമയ ബില്ലിന്റെ ഏതെങ്കിലും നാല് സുപ്രധാന സവിശേഷതകൾ പ്രസ്താവിക്കുക.
4. ഒരു വിനിമയ ബില്ലിൽ ഉൾപ്പെട്ടിരിക്കുന്ന മൂന്ന് കക്ഷികൾ ഏതെല്ലാമെന്ന് പ്രതിപാദിക്കുക.
5. ഒരു വിനിമയ ബില്ലിന്റെ കാലാവധി നിർണയിക്കുന്നത് എങ്ങനെ?
6. ഒരു വിനിമയ ബില്ലിന്റെ നിരാകരിക്കൽ എന്നാൽ എന്താണ് അർഥമാക്കുന്നത്?
7. ഒരു വാഗ്ദാനപത്രത്തിലെ കക്ഷികൾ ആരെല്ലാം?
8. ഒരു വിനിമയ ബിൽ 'സ്വീകരിക്കുക' എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
9. വിനിമയ ബില്ലിന്റെ നോട്ടിംഗ് എന്നാൽ എന്ത്?
10. വിനിമയ ബില്ലിന്റെ പുതുക്കൽ എന്നാൽ എന്ത്?
11. ഒരു ബിൽസ് റിസീവബിൾ ബുക്കിന്റെ മാതൃക വരയ്ക്കുക.
12. ഒരു ബിൽസ് പേയബിൾ ബുക്കിന്റെ മാതൃക വരയ്ക്കുക.
13. വിനിമയ ബില്ലിന്റെ മുൻകൂർ തീർപ്പാക്കൽ എന്നാൽ എന്ത്?
14. റിബേറ്റ് ഓൺ ബിൽ എന്നതിന്റെ അർഥം പ്രസ്താവിക്കുക.
15. ഒരു വിനിമയ ബില്ലിന്റെ മാതൃക തയാറാക്കുക.

## ദീർഘോത്തര ചോദ്യങ്ങൾ

1. 'ഒരു വിനിമയ ബില്ലിൽ പണം നൽകാം എന്ന നിരുപാധികമായ വാഗ്ദാനം ഉണ്ടായിരിക്കണം.' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക.
2. ഒരു വിനിമയ ബിൽ നിരാകരിക്കുമ്പോഴും നോട്ടിംഗ് ചെയ്യുമ്പോഴും ഉളവാകുന്ന ഫലം ചുരുക്കി വിശദീകരിക്കുക.
3. ഒരു ബില്ലിന്റെ കാലാവധി കണ്ടുപിടിക്കുന്ന നടപടിക്രമം ചുരുക്കി വിശദമാക്കുക.
4. ഒരു വിനിമയ ബില്ലും വാഗ്ദാനപത്രവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.
5. ഒരു വിനിമയ ബിൽ മുൻകൂർ തീർപ്പാക്കുന്നതിന്റെ ഉദ്ദേശവും അതിലൂടെ ഡെബ്റ്ററിനും ക്രെഡിറ്ററിനും ലഭിക്കുന്ന ആനുകൂല്യങ്ങളും വിശദമാക്കുക.
6. ഒരു ബിൽസ് റിസീവബിൾ ബുക്ക് സൂക്ഷിക്കുന്നതിന്റെ ആവശ്യകതയും ഉപയോഗവും ചുരുക്കി വിവരിക്കുക.
7. ഒരു ബിൽസ് പേയബിൾ ബുക്ക് തയാറാക്കുന്നതിന്റെ ഉപയോഗം എന്താണ്? ബിൽ പേയബിൾ ബുക്കിൽ നിന്നും ബിൽസ് പേയബിൾ അക്കൗണ്ടിലേക്കു പോസ്റ്റിംഗ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ചുരുക്കി വിവരിക്കുക.

## സാംഖിക ചോദ്യങ്ങൾ (Numerical Questions)

1. 2016 ജനുവരി ഒന്നിന് ഗണേഷ് 10,000 രൂപയുടെ സാധനങ്ങൾ ജയന് വിറ്റു. ഇടപാടു തുകയുടെ പകുതി രൊക്കം പണമായും ബാക്കി പകുതി തുകയ്ക്ക് 30 ദിവസത്തെ കാലാവധിയുള്ള ഒരു വിനിമയ ബില്ലും തയാറാക്കി. ജയൻ വിനിമയ ബില്ലു സ്വീകരിച്ച് ഗണേഷിന് തിരിച്ചു നൽകുകയും, നിശ്ചിത കാലാവധി ദിവസം ജയൻ ബില്ലിന്റെ തുക ഗണേഷിന് നൽകുകയും ചെയ്തു. ഗണേഷിന്റെ ബുക്കിൽ മുകളിൽ പറഞ്ഞ ഇടപാടുകളുടെ ജേർണൽ എൻട്രികൾ തയാറാക്കുകയും ജയന്റെ ബുക്കിൽ ഗണേഷിന്റെ അക്കൗണ്ട് തയാറാക്കുയും ചെയ്യുക.

2. 2016 ജനുവരി ഒന്നിന് വിനോദ് 8,000 രൂപയുടെ സാധനങ്ങൾ മുനീറിൽ നിന്ന് വാങ്ങുകയും വാങ്ങിയ തുകയ്ക്ക് തുല്യമായി മൂന്നു മാസ കാലാവധിയുള്ള ഒരു വാഗ്ദാന പത്രം തയാറാക്കി മുനീറിനു നൽകുകയും ചെയ്തു. കാലാവധി ദിനം ഭാരതസർക്കാർ, 1881ലെ കൈമാറ്റ പത്ര നിയമ പ്രകാരം പൊതു അവധി പ്രഖ്യാപിച്ചു, എന്നാൽ പ്രസ്തുത നിയമത്തിന്റെ അജ്ഞത മൂലം മുനീർ വാഗ്ദാന പത്രം തന്റെ അഭിഭാഷകന് കൈമാറുകയും, അഭിഭാഷകനിലൂടെ ഇടപാട് തുക മുനീറിനു ലഭിക്കുകയും ചെയ്തു. മുകളിൽ പറഞ്ഞ ഇടപാടുകളുടെ ജേർണൽ എൻട്രികൾ മുനീറിന്റെയും വിനോദിന്റെയും ബുക്കിൽ രേഖപ്പെടുത്തുക.

3. 2016 ജനുവരി 5 ന് ബിനു 7,000 രൂപയുടെ സാധനങ്ങൾ ആലീസിന് കടത്തിന് വിറ്റു. വിൽപ്പനത്തുകയ്ക്കു തുല്യമായ രണ്ടു മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് തയാറാക്കി ആലീസിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. സ്വീകരിച്ച വിനിമയ ബില്ല് ആലീസ് ബിനുവിനു മടക്കിനൽകി. ബിനു 12% ശതമാനം വാർഷിക പലിശനിരക്കിൽ ബില്ലിനെ ബാങ്കുവഴി ഡിസ്കൗണ്ട് ചെയ്തു. കാലാവധി ദിനത്തിൽ ആലീസ് തന്റെ ഇടപാടുകൾ പൂർത്തീകരിച്ചു. ബിനുവിന്റെയും ആലീസിന്റെയുംബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ തയാറാക്കുക.

4. 2016 ഫെബ്രുവരി 1 ന് 15,000 രൂപയുടെ സാധനങ്ങൾ ജോൺ, ജിമ്മിയിൽ നിന്ന് വാങ്ങുന്നു. വാങ്ങിയ സമയത്ത് ജോൺ 5,000 രൂപ ചെക്കായി നൽകി. ബാക്കി തുകയ്ക്ക് ജിമ്മി തയാറാക്കിയ 40 ദിവസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് സ്വീകരിച്ച്. ജോണിന് തിരികെ നൽകുന്നു. കാലാവധി ദിനത്തിന് 5 നാൾ മുമ്പ് ജിമ്മി തന്റെ ബില്ല് ബാങ്കിൽ പണം ശേഖരണത്തിന് വേണ്ടി നൽകി. കാലാവധി ദിനത്തിൽ ബാങ്ക് ജോണിന് ബിൽത്തുക നൽകുകയും ചെയ്തു. ജിമ്മിയുടെ ബുക്കിൽ ജോണിന്റെ അക്കൗണ്ടും, ജോണിന്റെ ബുക്കിൽ ജിമ്മിയുടെ അക്കൗണ്ടും തയാറാക്കുക.

5. 2016 ജനുവരി 15 ന് അനിൽ 30,000 രൂപയുടെ സാധനങ്ങൾ റഹീമിന് വിൽക്കുന്നു. വിൽപ്പനത്തുകയ്ക്ക് സമമായി യഥാക്രമം ഒരു മാസം, രണ്ടു മാസം, മൂന്നു മാസം കാലാവധിയുള്ള 10,000 രൂപ വീതം മൂല്യമുള്ള മൂന്നു വിനിമയ ബില്ലുകൾ തയാറാക്കി റഹീമിനു നൽകുന്നു. റഹീം ബില്ലുകൾ സ്വീകരിച്ച് അനിലിനു മടക്കി നൽകി. അനിൽ ആദ്യ ബില്ല് കാലാവധി ദിനം വരെ കൈവശം വയ്ക്കുകയും, രണ്ടാമത്തെ ബില്ല് തന്റെ ക്രെഡിറ്ററായ രാജുവിന് എൻഡോഴ്സ് ചെയ്യുകയും ചെയ്തു. മൂന്നാമത്തെ ബില്ല് 6% വാർഷിക പലിശനിരക്കിൽ തന്റെ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു. കാലാവധി ദിനത്തിൽ റഹീം എല്ലാ ബില്ലുകളുടെയും തുക അടയ്ക്കുന്നു. അനിലിന്റെയും റഹീമിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക. അതോടൊപ്പം അവരുടെ അക്കൗണ്ടുകൾ തയാറാക്കുക

6. 2016 ജനുവരി 1 ന് 30,000 രൂപയുടെ സാധനങ്ങൾ അനിൽ, സുനിലിന് വിൽക്കുന്നു. 2% പണക്കിഴിവോടെ വിൽപ്പനത്തുകയുടെ 50% രൊക്കം പണമായി നൽകുകയും ബാക്കി തുകയ്ക്ക് 20 ദിവസം കാലാവധിയുള്ള ഒരു വാഗ്ദാനപത്രം സുനിൽ തയാറാക്കി അനിലിനു നൽകുകയും ചെയ്യുന്നു. എന്നാൽ കാലാവധി തീയതി പൊതു അവധി ആയതിനാൽ നെഗോഷ്യബിൾ പ്രമാണ നിയമപ്രകാരം അനിൽ അടുത്തദിവസം വാഗ്ദാന പത്രം സുനിലിന് നൽകി പണം സ്വീകരിക്കുകയും ചെയ്യുന്നു. അനിൽ വാഗ്ദാന പത്രം സമർപ്പിച്ച ദിനം ഏതാണ്? അനിലിന്റെയും സുനിലിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

7. 40,000 രൂപ വില വരുന്ന സാധനങ്ങൾ അജിത്ത് 08/01/2016 ൽ അരുണിന് വിൽക്കുന്നു. വിൽപ്പന വിലയ്ക്ക് സമാനമായ തുകയ്ക്ക് രണ്ടു മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് അജിത്ത് തയാറാക്കി അരുണിനു നൽകുകയും അരുൺ ആ ബില്ല് സ്വീകരിച്ച് മടക്കി നൽകുകയും ചെയ്തു. കാലാവധി ദിനം അരുൺ ബിൽത്തുക പൂർണമായി നൽകി തന്റെ കടമ നിർവഹിച്ചു. താഴെപ്പറയുന്ന സന്ദർഭങ്ങളിൽ അരുണിന്റെയും അജിത്തിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

i) കാലാവധി ദിനം വരെ അജിത്ത് ബില്ല് കൈവശം വച്ചാൽ.

ii) അജിത്ത്, ബില്ല് കിട്ടിയ ദിനം തന്നെ 6% വാർഷികപ്പലിശനിരക്കിൽ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്താൽ.

iii) അജിത്ത് തന്റെ ക്രെഡിറ്ററായ സുരേഷിന് ബില്ല് എൻഡോഴ്സ് ചെയ്താൽ.

iv) കാലാവധി ദിനത്തിന്റെ മൂന്നുനാൾ മുമ്പ് ബില്ല് ബാങ്കിൽ പണം ശേഖരിക്കുന്നതിന് വേണ്ടി അയച്ചാൽ.

8. തങ്ങളിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് 10% വ്യാപാരക്കിഴിവ് നൽകുന്ന ഒരു സ്ഥാപനമാണ് രാജ് ട്രേഡേഴ്സ്. ചെറുകിട വ്യാപാരിയായ മോഹൻ എൻറർ പ്രൈസസ് രാജ് ട്രേഡേഴസിൽ നിന്ന് താഴെ പറയുന്ന തുക കൊണ്ടുള്ള സാധനങ്ങൾ വാങ്ങുന്നു.

| തീയതി | തുക (₹) |
|---|---|
| 2015 ഡിസംബർ 21 | 1,000 |
| 2015 ഡിസംബർ 26 | 1,200 |
| 2015 ഡിസംബർ 18 | 2,000 |
| 2015 ഡിസംബർ 31 | 5,000 |

വാങ്ങിയ സാധനങ്ങൾക്ക് പകരമായി മോഹൻ എൻറർപ്രൈസസ് 30 ദിവസം കാലാവധിയുള്ള വാഗ്ദാന പത്രങ്ങൾ നൽകുന്നു

2015 ഡിസംബർ 21ലെ വാഗ്ദാന പത്രം കാലാവധി ദിവസംവരെ കൈവശം വയ്ക്കുന്നു.

2015 ഡിസംബർ 26ലെ വാഗ്ദാന പത്രം 12% വാർഷികപ്പലിശ നിരക്കിൽ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്യുന്നു.

2015 ഡിസംബർ 18 ലെ വാഗ്ദാനപത്രം തങ്ങളുടെ ക്രെഡിറ്ററായ സുരേഷിന് എൻഡോഴ്സ് ചെയ്യുന്നു. 2015 ഡിസംബർ 31 ലെ വാഗ്ദാനപത്രം ബാങ്കിൽ ശേഖരണത്തിന് വേണ്ടി അയയ്ക്കുന്നു.

മോഹൻ എന്റർപ്രൈസസ് കാലാവധി ദിനത്തിൽ എല്ലാ വാഗ്ദാനപത്രങ്ങളുടെയും തുക അടയ്ക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന ഇടപാടുകളുടെ ജേർണൽ

എൻട്രികൾ രാജ് ട്രേഡേഴ്സ്ന്റെയും മോഹൻ എന്റർപ്രൈസസിന്റെയും ബുക്കിൽ രേഖപ്പെടുത്തുക. രാജ് ട്രേഡേഴ്സിന്റെ ബുക്കിൽ മോഹൻ എന്റർപ്രൈസസിന്റെ അക്കൗണ്ടും, മോഹൻ എന്റർപ്രൈസസിന്റെ ബുക്കിൽ രാജ് ട്രേഡേഴ്സിന്റെ അക്കൗണ്ടും തയാറാക്കുക.

9. 2016 ഫെബ്രുവരി 1 ന് നാരായണൻ, രവീന്ദ്രനിൽ നിന്ന് 5,000 രൂപയുടെ സാധനങ്ങൾ കടത്തിനു വാങ്ങുന്നു. പകരമായി 30 ദിവസം കാലാവധിയുള്ള ഒരു വിനിമയ ബിൽ നാരായണൻ സ്വീകരിച്ച് തിരികെ കൊടുത്തിട്ടുണ്ട്. എന്നാൽ കാലാവധി ദിനത്തിൽ ഈ ബില്ല് നിരാകരിക്കപ്പെട്ടു. നാരായണന്റെയും രവീന്ദ്രന്റെയും ബുക്കിൽ താഴെപ്പറയുന്ന സന്ദർഭങ്ങളിലെ ജേർണൽ എൻട്രികൾ എഴുതുക.
   - കാലാവധി ദിനം വരെ ബിൽ രവീന്ദ്രൻ കൈവശം വച്ചിരിക്കുന്നു.
   - 6% വാർഷിക പലിശനിരക്കിൽ ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു.
   - തന്റെ ക്രെഡിറ്ററായ ഗണേശന് ബില്ല് എൻഡോഴ്സ് ചെയ്തു.
   - കാലാവധി ദിനത്തിന് രണ്ടുനാൾ മുമ്പ് ബില്ല് ബാങ്കിൽ ശേഖരണത്തിന് വേണ്ടി അയച്ചു.

10. 40,000 രൂപ വില വരുന്ന സാധനങ്ങൾ 2016 ഫെബ്രുവരി 13ന് രവിയിൽ നിന്ന് രാജു കടത്തിന് വാങ്ങുന്നു. പകരമായി നാല് വിനിമയ ബില്ലുകൾ രവി തയാറാക്കി രാജുവിനു നൽകുന്നു. 5,000 രൂപ യുടെ ഒന്നാമത്തെ ബില്ലിന്റെ കാലാവധി ഒരു മാസമാണ്. രണ്ടാമത്തെ ബില്ലിന്റെ തുക 10,000 രൂപയും കാലാവധി 40 ദിവസവുമാണ്. മൂന്നാമത്തെ ബില്ല് 12000 രൂപയും മൂന്നുമാസം കാലാവധിയുള്ളതുമാണ്. ബാക്കി തുകയ്ക്ക് തുല്യമായ നാലാമത്തെ ബില്ലിന്റെ കാലാവധി 19 ദിവസമാണ്. രാജു നാല് ബില്ലുകളും സ്വീകരിക്കുകയും അവ അംഗീകരിച്ച് മടക്കി നൽകുകയും ചെയ്തു. 6% വാർഷിക പലിശ നിരക്കിൽ രവി ഒന്നാമത്തെ ബില്ലിനെ തന്റെ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു. 10,200 രൂപ കടപ്പെട്ടിരിക്കുന്ന തന്റെ ക്രെഡിറ്ററായ അക്ബറിന് കടത്തിന്റെ പൂർണമായ തീർപ്പാക്കലിനു വേണ്ടി രണ്ടാമത്തെ ബില്ല് എൻഡോഴ്സ് ചെയ്തു. കാലാവധി ദിനം വരെ രവി മൂന്നാമത്തെ ബില്ല് കൈവശം സൂക്ഷിച്ചു. കാലാവധി ദിനത്തിന്റെ അഞ്ചു നാൾ മുമ്പ് നാലാമത്തെ ബില്ല് ബാങ്കിൽ ശേഖരണത്തിന് വേണ്ടി രവി അയച്ചു. എന്നാൽ കാലാവധി ദിനത്തിൽ നാലു ബില്ലുകളും നിരാകരിക്കപ്പെട്ടു. ഓരോ ബില്ലും നിരാകരിക്കപ്പെട്ടതിന്റെ മൂന്നാംനാൾ 12% വാർഷിക പലിശനിരക്കിൽ എല്ലാ ബില്ലിന്റെയും തുകയും പലിശയും രൊക്കം പണമായി രാജു, രവിക്കു നൽകി.

    രവിയുടെയും രാജുവിന്റെയും അക്ബറിന്റെയും ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക. അതോടൊപ്പം രവിയുടെ ബുക്കിൽ രാജുവിന്റെയും അക്ബറിന്റെയും അക്കൗണ്ടുകൾ തയാറാക്കുക.

11. 2016 ജനുവരി 1 ന് സ്നേഹ 20,000 രൂപയുടെ സാധനങ്ങൾ ആമിനയ്ക്ക് കടത്തിനു വിൽക്കുന്നു. പകരമായി രണ്ടു മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് ആമിന സ്വീകരിച്ച് സ്നേഹയ്ക്കു നൽകുന്നു. കാലാവധി ദിനത്തിന് ഒരു മാസം മുൻപ് ആമിന 12 % വാർഷിക നിരക്കിൽ ഇളവ് അനുവദിച്ച് ബിൽ തുക കൈമാറാമെന്ന് സ്നേഹയെ അറിയിക്കുന്നു. ആമിനയുടെ ഈ നിർദേശം സ്നേഹ അംഗീകരിക്കുകയും നിർദേശിച്ച നിരക്കിൽ ഇളവോടു കൂടി ബില്ല് വിരമിപ്പിക്കുകയും ചെയ്യുന്നു. സ്നേഹയുടെയും ആമിനയുടെയും ബുക്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന ഇടപാടുകളുടെ ജേർണൽ എൻട്രികൾ എഴുതുക.

12. 2016 ജനുവരി 13 ന് രഘു 35,000 രൂപ വിലയുള്ള സാധനങ്ങൾ ജോസിനു വിൽക്കുന്നു. പകരമായി മൂന്ന് വിനിമയ ബില്ലുകൾ രഘു തയാറാക്കി ജോസിന് നൽകുന്നു. 5,000 രൂപയുടെ ഒരു മാസം കാലാവധിയുള്ള ഒന്നാമത്തെ ബില്ലും 20,000 രൂപയുടെ മൂന്നുമാസം കാലാവധിയുള്ള രണ്ടാമത്തെ ബില്ലും ബാക്കി തുകയ്ക്ക് 4 മാസം കാലാവധിയുള്ള മൂന്നാമത്തെ ബില്ലും ജോസ് സ്വീകരിച്ച് അംഗീകരിച്ച് രഘുവിന് മടക്കി നൽകുന്നു. തന്റെ ക്രെഡിറ്ററായ ജോർജിന്റെ 5,200 രൂപയുടെ കടത്തിന്റെ പൂർണ തീർപ്പാക്കലിനു വേണ്ടി ഒന്നാമത്തെ ബില്ല് എൻഡോഴ്സ് ചെയ്യുന്നു. രണ്ടാമത്തെ ബില്ലിനെ 6% വാർഷിക പലിശനിരക്കിൽ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു. മൂന്നാമത്തെ ബില്ല് കാലാവധി ദിനത്തിന് നാലുദിവസം മുൻപ് ബാങ്കിൽ പണം ശേഖരിച്ചു വരവ് വയ്ക്കുവാൻ നൽകുന്നു. എന്നാൽ കാലാവധി ദിനത്തിൽ ഒന്നാമത്തെ ബില്ല് നിരാകരിക്കപ്പെടുകയും ബാങ്ക് 30രൂപാ നോട്ടിംഗ് ചാർജ് കൊടുക്കുകയും ചെയ്തു. മൂന്നാമത്തെ ബില്ലും നിരാകരിക്കപ്പെടുകയും ബാങ്ക് 200രൂപ നോട്ടിംഗ് ചാർജായി കൊടുത്തിട്ടുമുണ്ട്. ബില്ലുകൾ നിരാകരിച്ച് 5 നാൾക്കുശേഷം 1,000 രൂപ പലിശ ഉൾപ്പെടെ രഘുവിന് കൊടുക്കേണ്ട മൊത്തം തുകയും ജോസ് നൽകി. ഈ തുകയ്ക്കു വേണ്ടി ജോസഫ് ബാങ്കിൽ നിന്ന് ഒരു ഹ്രസ്വകാല ലോൺ നേടിയെടുത്തു. മുകളിൽ പറഞ്ഞിരിക്കുന്ന ഇടപാടുകളുടെ ജേർണൽ എൻട്രികൾ രഘുവിന്റെയും ജോസിന്റെയും ജോർജിന്റെയും ബുക്കിൽ കുറിക്കുക. അതോടൊപ്പം രഘുവിന്റെ ബുക്കിൽ ജോസിന്റെ അക്കൗണ്ടും ജോസിന്റെ ബുക്കിൽ രഘുവിന്റെ അക്കൗണ്ടും തയാറാക്കുക.

13. വിമൽ 25,000 രൂപ വിലയുള്ള സാധനങ്ങൾ കമലിന്റെ കയ്യിൽനിന്ന് 2016 ജനുവരി 15 ന് വാങ്ങി. പകരമായി രണ്ട് മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് കമലിൽ നിന്ന് വിമൽ സ്വീകരിച്ച് മടക്കി നൽകുകയും ചെയ്തു. എന്നാൽ കാലാവധി ദിനത്തിൽ വിമലിന് തന്റെ കടമ നിർവഹിക്കാൻ സാധ്യമല്ലാതാവുകയും ബില്ല് നിരാകരിക്കപ്പെടുകയും ചെയ്തു. താഴെപ്പറയുന്ന സന്ദർഭങ്ങളിൽ കമലിന്റെയും വിമലിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

- കാലാവധി ദിനം വരെ ബില്ല് വിമൽ കൈവശം വച്ചിരുന്നു.
- 6% വാർഷികപ്പലിശയിൽ ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു.
- തന്റെ ക്രെഡിറ്ററായ വരുണിന് ബില്ല് എൻഡോഴ്സ് ചെയ്തു.
- കാലാവധി ദിനത്തിന് അഞ്ചു നാൾ മുമ്പ് ബില്ല് ബാങ്കിൽ ശേഖരണത്തിന് വേണ്ടി അയച്ചു.

14. 18,000 രൂപ വിലയുള്ള സാധനങ്ങൾ അബ്ദുള്ള 2016 ജനുവരി 17ന് താഹിറിനു കടത്തിന് വിൽക്കുന്നു. 45 ദിവസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് അബ്ദുള്ള തയാറാക്കി താഹിറിന് നൽകുകയും താഹിർ ബില്ല് സ്വീകരിച്ച് മടക്കി അബ്ദുള്ളയ്ക്ക് നൽകുകയും ചെയ്തു. എന്നാൽ കാലാവധി ദിനത്തിൽ ബില്ല് നിരാകരിക്കപ്പെടുകയും അബ്ദുള്ള 40 രൂപ നോട്ടിംഗ് ചാർജായി കൊടുക്കുകയും ചെയ്തു. ബിൽ നിരാകരിച്ച അഞ്ചു നാൾക്കുശേഷം പലിശയും നോട്ടിംഗ് ചാർജും ഉൾപ്പെടെ 18,700 രൂപ അബ്ദുള്ളയ്ക്ക് താഹിർ നൽകുന്നു. അബ്ദുള്ളയുടെയും താഹിറിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ തയാറാക്കുക. അതോടൊപ്പം തന്നെ അബ്ദുള്ളയുടെ ബുക്കിലെ താഹിറിന്റെ അക്കൗണ്ടും താഹിറിന്റെ ബുക്കിൽ അബ്ദുള്ളയുടെ അക്കൗണ്ടും തയാറാക്കുക.

15. 2016 മാർച്ച് 2ന് ആശ 19,000 രൂപ വിലയുള്ള സാധനങ്ങൾ നിഷയ്ക്ക് വിൽക്കുന്നു. 4,000 രൂപ റൊക്കം പണമായും ബാക്കി തുകയ്ക്ക് ആശ തയാറാക്കിയ മൂന്നു മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ലും നിഷ സ്വീകരിക്കുന്നു. കിട്ടിയ വിനിമയ ബില്ലിനെ ആശ ഉടൻ തന്നെ തന്റെ ബാങ്കിൽ 6% വാർഷിക പലിശയിൽ ഡിസ്കൗണ്ട് ചെയ്യുന്നു. നിശ്ചിത കാലാവധി ദിനത്തിൽ ബില്ല് നിരാകരിക്കപ്പെടുകയും ആശ 30 രൂപ നോട്ടിംഗ് ചാർജായി നൽകുകയും ചെയ്തു. ആശയുടെയും നിഷയുടെയും ബുക്കിൽ ആവശ്യമുള്ള ജേർണൽ എൻട്രികൾ തയാറാക്കുക.

16. 2016 ഫെബ്രുവരി 2ന് ശർമ്മ 17,500 രൂപയുടെ സാധനങ്ങൾ വർമ്മയിൽനിന്ന് വാങ്ങുന്നു. 2,500 രൂപ റൊക്കം പണമായും, ബാക്കി തുകയ്ക്ക് 60 ദിവസത്തെ കാലാവധിയുള്ള ഒരു വാഗ്ദാനപത്രവും നൽകുന്നു. വർമ്മ കിട്ടിയ വാഗ്ദാനപത്രം 15,400 രൂപ കൊടുക്കാനുള്ള തന്റെ ക്രെഡിറ്ററായ ഗുപ്തയ്ക്ക് കടത്തിന്റെ പൂർണമായ തീർപ്പാക്കലിനു വേണ്ടി എൻഡോഴ്സ് ചെയ്തു. എന്നാൽ കാലാവധി ദിനത്തിൽ ഗുപ്ത വർമ്മയ്ക്ക് ബില്ല് സമർപ്പിച്ചപ്പോൾ ബില്ല് നിരാകരിക്കപ്പെടുകയും ഗുപ്ത 500 രൂപ നോട്ടിംഗ് ചാർജായി നൽകുകയും ചെയ്തു. ഇക്കാരണത്താൽ വർമ്മ ഗുപ്തയ്ക്ക് പലിശയും നോട്ടിംഗ് ചാർജും ഉൾപ്പെടെ 15,500 രൂപയുടെ ഒരു ചെക്ക് നൽകി. നിരാകരിക്കലിന് ശേഷം വർമ്മ ശർമ്മയ്ക്ക് തുല്യമായ തുകയുള്ള ഒരു ചെക്കും കൈമാറി. വർമ്മയുടെയും ശർമയുടെയും ഗുപ്തയുടെയും ബുക്കിൽ ആവശ്യമുള്ള ജേർണൽ എൻട്രികൾ തയാറാക്കുക. ശർമ്മയുടെ ബുക്കിലെ വർമ്മയുടെ അക്കൗണ്ടും വർമ്മയുടെ ബുക്കിലെ ശർമയുടെ അക്കൗണ്ടും തയാറാക്കുക.

17. 2016 മാർച്ച് 1 ന് ഷീന 12,000 രൂപയുടെ സാധനങ്ങൾ അജിത്തിന് വിറ്റു. പകരമായി ഷീന മൂന്നു മാസ കാലയളവുള്ള ഒരു വിനിമയ ബില്ല് തയാറാക്കുകയും, സ്വീകരിച്ചു മടക്കി നൽകാനായി അജിത്തിന് നൽകുകയും ചെയ്തു. അജിത് സ്വീകരിച്ചു നൽകിയ ബില്ല് ഷീന 9% വാർഷിക പലിശയിൽ ബാങ്കിൽ ഡിസ്കൗണ്ട് ചെയ്തു. കാലാവധി ദിനം നെഗോഷിത പ്രമാണ നിയമ പ്രകാരം അവധിദിനമായതിനാൽ അടുത്ത ദിവസം ഷീന ബിൽ പണത്തിനായി നൽകുകയും എന്നാൽ ബിൽ നിരാകരിക്കപ്പെടുകയും ചെയ്തു. 45 രൂപ നോട്ടിംഗ് ചെലവായി ഷീന കൊടുക്കുകയും ബില്ല് നിരാകരിക്കപ്പെട്ടതിന്റെ അഞ്ചാം നാൾ അജിത് നൽകാനുള്ള ബില്ലിന്റെ തുകയും 12% വാർഷിക നിരക്കിലുള്ള പലിശയുമുൾപ്പടെ പൂർണമായി ചെക്ക് വഴി ഷീനക്ക് നൽകി. ഷീനയുടെയും അജിത്തിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക. ഷീനയുടെ ബുക്കിൽ അജിത്തിന്റെ അക്കൗണ്ടും അജിത്തിന്റെ ബുക്കിൽ ഷീനയുടെ അക്കൗണ്ടും തയാറാക്കുക.

18. 2016 ഫെബ്രുവരി മാസം ഒന്നാം തീയതി ഗോകുൽ 21,000 രൂപ വില വരുന്ന സാധനങ്ങൾ ഗോപികയുടെ കൈയിൽ നിന്ന് വാങ്ങുന്നു. വാങ്ങിയതുകയ്ക്കു സമാനമായി ഒരു മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് ഗോപിക തയാറാക്കി ഗോകുലിന് നൽകി, ഗോകുൽ ബില്ല് സ്വീകരിച്ചു ഗോപികയ്ക്കു തിരികെ നൽകി. 25/02/2016 ൽ ബില്ല് ബാങ്കിൽ ശേഖരിച്ചു വരവ് വയ്ക്കാൻ കൊടുക്കുന്നു, എന്നാൽ കാലാവധി ദിവസം ബില്ല് നിരാകരിക്കുകയും ബാങ്ക് 100 രൂപാ നോട്ടിംഗ് ചെലവായി നൽകുകയും ചെയ്തു. ഗോപികയുടെയും ഗോകുലിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ തയാറാക്കുക

19. 2016 ഫെബ്രുവരി 14നു ഹസീന 7,500 രൂപ വിലവരുന്ന സാധങ്ങൾ രശ്മിക്ക് വിൽക്കുന്നു. 500 രൂപ രൊക്കം പണമായും ബാക്കി തുകയ്ക്ക് രണ്ടു മാസം കാലാവധിയുള്ളതും ഹസീന തയാറാക്കിയതുമായ ഒരു വിനിമയ ബില്ല് രശ്മി സ്വീകരിച്ച് തിരികെ നൽകുന്നു. 2016 ഏപ്രിൽ 10നു രശ്മി ഹസീനയോടു സ്വീകരിച്ച ബില്ല് റദ്ദാക്കാനും പകരമായി 2,000 രൂപ രൊക്കം പണമായും 500 രൂപ പലിശ ഉൾപ്പടെ ബാക്കി തുകയ്ക്ക് രണ്ടു മാസ കാലാവധിയുള്ള ഒരു പുതിയ ബില്ല് സ്വീകരിച്ചു നൽകാം എന്നും അഭ്യർഥിക്കുന്നു. രശ്മിയുടെ ഈ അപേക്ഷ ഹസീന അംഗീകരിക്കുകയും രശ്മി നൽകിയ ബില്ല് കാലാവധി ദിവസം വരെ സൂക്ഷിക്കുകയും ചെയ്യുന്നു. കാലാവധി ദിവസം ബില്ലിന്റെ തുക രശ്മി ഹസീനയ്ക്ക് നൽകി. ഹസീനയുടെയും രശ്മിയുടെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക. ഹസീനയുടെ ബുക്കിൽ രശ്മിയുടെയും, രശ്മിയുടെ ബുക്കിൽ ഹസീനയുടെയും അക്കൗണ്ടുകൾ തയാറാക്കുക.

20. 2015 ഡിസംബർ ഒന്നിന് അഖിൽ 23,000 രൂപ വിലവരുന്ന സാധനങ്ങൾ അനിലിന് വിൽക്കുന്നു. വിൽപ്പന വിലയ്ക്ക് തുല്യമായി രണ്ടു മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് അഖിൽ തയാറാക്കുകയും അനിൽ ആ ബില്ലിനെ സ്വീകരിച്ച് മടക്കി നൽകുകയും ചെയ്യുന്നു. കിട്ടിയ ബില്ല് അഖിൽ ബാങ്ക് വഴി 12% വാർഷിക പലിശ നിരക്കിൽ ഡിസ്കൗണ്ട് ചെയ്തു. കാലാവധി ദിവസം ബില്ല് നിരാകരിക്കപ്പെടുകയും ബാങ്ക് നോട്ടിംഗ് ചെലവായി 100 രൂപ കൊടുക്കുകയും ചെയ്തു. അനിലിന്റെ നിർദേശ പ്രകാരം 10% പലിശ ഉൾപ്പെടെ 2 മാസ കാലാവധിയുള്ള ഒരു പുതിയ ബില്ല് അഖിൽ തയാറാക്കി. അനിൽ ആ ബില്ല് സ്വീകരിച്ച് മടക്കി നൽകി. കാലാവധി ദിനത്തിന് രണ്ടു നാൾ മുൻപ് രണ്ടാമത്തെ ബില്ല് റദ്ദാക്കാൻ ആവശ്യപ്പെട്ടുള്ള അനിലിന്റെ നിർദേശം അഖിൽ സ്വീകരിക്കുകയും 10,000 രൂപ രൊക്കം പണമായും ബാക്കി തുകയും 500 രൂപ പലിശയും ഉൾപ്പടെ അഖിൽ തയാറാക്കിയ ഒരു മാസം കാലാവധി യുള്ള ഒരു പുതിയ ബില്ല് അനിൽ സ്വീകരിച്ച് നൽകി. കാലാവധി ദിനം മൂന്നാമത്തെ ബില്ലിന്റെ തുക അനിൽ അഖിലിന് നൽകുന്നു. അഖിലിന്റെയും അനിലിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ തയാറാക്കുക. അഖിലിന്റെ ബുക്കിൽ അനിലിന്റെ അക്കൗണ്ടും അനിലിന്റെ ബുക്കിൽ അഖിലിന്റെ അക്കൗണ്ടും തയാറാക്കുക.

21. 2016 ജനുവരി ഒന്നിന് ശോഭ 16,000 രൂപ വിലവരുന്ന സാധനങ്ങൾ ലക്ഷ്മിക്ക് വിൽക്കുന്നു. വിൽപ്പനത്തുകയ്ക്കു സമമായി രണ്ടു മാസം കാലാവധിയുള്ള ഒരു വിനിമയ ബില്ല് ശോഭ തയാറാക്കി ലക്ഷ്മിയുടെ അംഗീകാരത്തിന് നൽകുന്നു. ലക്ഷ്മി സ്വീകരിച്ച് മടക്കി നൽകിയ ബിൽ ശോഭ തന്റെ ക്രെഡിറ്ററായ ഗോപികയ്ക്ക് പുറംകുറിപ്പ് വഴി കൈമാറ്റം ചെയ്യുന്നു. സാമ്പത്തിക ബുദ്ധിമുട്ടു കാരണം ബില്ലിന്റെ കാലാവധിക്ക് അഞ്ചു നാൾ മുൻപ് ബില്ല് റദ്ദാക്കാൻ ലക്ഷ്മി ശോഭയോട് ആവശ്യപ്പെട്ടു. ലക്ഷ്മിയുടെ നിർദേശം ശോഭ സമ്മതിക്കുകയും ബില്ല് റദ്ദാക്കിയതിനാൽ ഗോപികയ്ക്ക് നൽകാനുള്ള തുക രൊക്കം പണമായി നൽകുകയും ചെയ്തു. പകരം 200 രൂപ പലിശയടക്കം ഒരു മാസം കാലാവധിയുള്ള ഒരു പുതിയ ബില്ല് ശോഭ തയാറാക്കി ലക്ഷ്മിയുടെ അംഗീകാരത്തിനായി നൽകി, ലക്ഷ്മി സ്വീകരിച്ച പുതിയ ബില്ലിന്റെ തുക കാലാവധി ദിനത്തിൽ ലക്ഷ്മി ശോഭയ്ക്കു നൽകി. ശോഭയുടെയും ലക്ഷ്മിയുടെയും ബുക്കിലെ ജേർണൽ എൻട്രികൾ തയാറാക്കുക.

22. 2016 ജനുവരി ഒന്നിലെ ഗൗതമിന്റെ ഇടപാടുകാരുടെ വിവരങ്ങൾ താഴെ നൽകുന്നു.

| | ഡബ്റ്റേഴ്സ് (₹) | ക്രെഡിറ്റെഴ്സ് (₹) |
|---|---|---|
| ബാബു | 5,000 | - |
| ചന്ദ്രലേഖ | 8,000 | - |
| കിരൺ | 13,500 | - |
| അനിത | 14,000 | |
| അഞ്ജു | - | 5,000 |
| ഷീബ | - | 12,000 |
| മഞ്ജു | - | 6,000 |

2016 ജനുവരി മാസത്തിൽ ഗൗതം താഴെ പറയുന്ന ഇടപാടുകൾ നടത്തിയിട്ടുണ്ട്.

*ജനുവരി 2*

ബാബു നൽകാനുള്ള തുകയുടെ പൂർണമായ തീർപ്പാക്കലിന് വേണ്ടി 4,800 രൂപയുടെ ഒരു വിനിമയ ബില്ല് ഗൗതം തയാറാക്കി ബാബുവിന് നൽകുകയും ബാബു സ്വീകരിച്ച് ജനുവരി 5നു മടക്കി നൽകുകയും ചെയ്തു.

*ജനുവരി 4*

ബാബുവിന്റെ ബില്ല് ബാങ്ക് വഴി 4,750 രൂപയ്ക്ക് ഡിസ്കൗണ്ട് ചെയ്തു.

*ജനുവരി 8*

ചന്ദ്രലേഖ നൽകാനുള്ള തുകയ്ക്ക് സമാനമായി മൂന്ന് മാസം കാലാവധിയുള്ള ഒരു വാഗ്ദാനപത്രം തയാറാക്കി നൽകി.

*ജനുവരി 10*

ചന്ദ്രലേഖയുടെ വാഗ്ദാനപത്രം ബാങ്ക് വഴി 7,900 രൂപയ്ക്കു ഡിസ്കൗണ്ട് ചെയ്തു.

*ജനുവരി 12*

ഷീബയ്ക്ക് നൽകാനുള്ള തുകയ്ക്ക് സമാനമായി ഷീബ തയാറാക്കിയ രണ്ടു മാസം കാലാവധിയുള്ള ബില്ല് സ്വീകരിച്ച് മടക്കി നൽകി.

*ജനുവരി 22*

അനിത തരാനുള്ള തുകയ്ക്ക് പകരമായി രണ്ടു മാസം കാലാവധിയുള്ള ഒരു വാഗ്ദാനപത്രം തയാറാക്കി നൽകി.

*ജനുവരി 23*

അനിതയുടെ വാഗ്ദാനപത്രം മഞ്ജുവിന് അനുകൂലമായി പുറംകുറിപ്പിലൂടെ കൈമാറ്റം ചെയ്തു.

*ജനുവരി 25*

നൽകാനുള്ള തുകയ്ക്ക് അഞ്ജു തയാറാക്കിയ മൂന്ന് മാസം കാലാവധിയുള്ള വിനിമയ ബില്ല് സ്വീകരിച്ച് മടക്കി നൽകി.

*ജനുവരി 29*

കിരൺ കടപ്പെട്ടിരിക്കുന്ന തുകയ്ക്ക് 2,000 രൂപ രൊക്കം പണമായും ബാക്കി തുകയ്ക്ക് മൂന്ന് മാസം കാലാവധിയുള്ള ഒരു വാഗ്ദാനപത്രവും നൽകി.

മുകളിൽ പറഞ്ഞിരിക്കുന്ന ഇടപാടുകൾ അനുയോജ്യമായ സബ്സിഡിയറി ബുക്കുകളിൽ രേഖപ്പെടുത്തുക.

23. 2016 ജനുവരി ഒന്നിന് ജയറാമിന്റെ താൽക്കാലിക സാമ്പത്തികാവശ്യത്തിനായി അദ്ദേഹം തയാറാക്കിയ ഒരു മാസം കാലാവധിയുള്ള ഒരു സഹായക ബില്ല് അനിൽ സ്വീകരിച്ച് മടക്കി നൽകുന്നു. ജയറാം, കിട്ടിയ ബില്ല് ബാങ്ക് വഴി 8% വാർഷിക പലിശയിൽ ഡിസ്കൗണ്ട് ചെയ്തു തുക കൈപ്പറ്റുന്നു. കാലാവധി ദിനത്തിൽ ജയറാം നൽകിയ ചെക്കുവഴി അനിൽ ബില്ല് തുക ബാങ്കിന് നൽകുന്നു. ജയറാമിന്റെയും അനിലിന്റേയും ബുക്കിലെ ജേർണൽ എൻട്രികൾ തയാറാക്കുക.

24. താൽക്കാലിക സാമ്പത്തികാവശ്യങ്ങളുള്ള രാമനും റഹീമും 2015 ആഗസ്ത് 1 നു പരസ്പര ധാരണപ്രകാരം സഹായക ബില്ല് തയാറാക്കാൻ തീരുമാനിച്ചു. രാമൻ നാല് മാസം കാലാവധിയുള്ള 12,000 രൂപയുടെ ബില്ല് തയാറാക്കുകയും, റഹീം ബിൽ സ്വീകരിച്ച് മടക്കി നൽകുകയും ചെയ്തു. 8% വാർഷിക പലിശയിൽ രാമൻ ബിൽ ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്തു, ലഭിച്ച തുകയുടെ പകുതി റഹീമിന് നൽകി. കാലാവധി ദിവസം രാമൻ നൽകാനുള്ള തുക റഹീമിന് കൊടുക്കുകയും, റഹീം ബില്ല് തുക മുഴുവനും ബാങ്കിൽ ഒടുക്കുകയും ചെയ്തു. രാമന്റെയും റഹീമിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക

25. 2016 ജനുവരി ഒന്നിന് ഹരിയും തോമസും പരസ്പരസഹായക ബില്ലുകൾ തയാറാക്കാൻ തീരുമാനിച്ചു. ഇരു കൂട്ടരും തയാറാക്കിയ മൂന്നു മാസം കാലാവധിയുള്ള 8000 രൂപയുടെ ബില്ലുകൾ പരസപരം സ്വീകരിച്ച് മടക്കി നൽകി. ജനുവരി രണ്ടിന് ബില്ലുകൾ 5% വാർഷിക പലിശയിൽ ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്തു. കാലാവധി ദിവസം രണ്ടു പേരും ബിൽത്തുക കൃത്യമായി ബാങ്കിൽ അടയ്ക്കുകയും ബില്ല് ആദരിക്കുകയും ചെയ്തു. ഹരിയുടെയും തോമസിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

26. 2015 നവംബർ ഒന്നിന് കമൽ മൂന്ന് മാസം കാലാവധിയുള്ള 15,000 രൂപയുടെ ഒരു സഹായക ബില്ല് തയാറാക്കി വിമലിനു നൽകുന്നു. വിമൽ ബിൽ സ്വീകരിച്ച് കമലിന് തിരികെ നൽകുന്നു.കിട്ടിയ ബില്ല് കമൽ 6% വാർഷിക പലിശയിൽ ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്യുകയും ഡിസ്കൗണ്ട് വഴി കിട്ടിയ തുക 2:1 എന്ന അനുപാതത്തിൽ യഥാക്രമം കമലും വിമലും വീതിച്ചെടുക്കുകയും ചെയ്തു. കാലാവധി ദിവസം കമൽ

നൽകാനുള്ള തുക വിമലിനു നൽകിയിട്ടും വിമലിനു ബിൽ തുക ബാങ്കിൽ ഒടുക്കാൻ സാധ്യമാകാതെ വന്നതിനാൽ ബിൽത്തുക പൂർണമായും കമൽ ബാങ്കിന് നൽകി. ആയതിനാൽ കമൽ 100 രൂപ പലിശ ഉൾപ്പടെ ഒരു മാസം കാലാവധിയുള്ള ഒരു പുതിയ ബില്ല് തയാറാക്കി വിമലിനു നൽകി. വിമൽ സ്വീകരിച്ച് ബില്ല് കാലാവധി ദിവസം ആദരിക്കപ്പെട്ടു. കമലിന്റെയും വിമലിന്റെയും ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

### *സ്വയം വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക*

#### *ഉത്തര സൂചിക - I*

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| (i) | തെറ്റ് | (ii) | ശരി | (iii) | തെറ്റ് | (iv) | തെറ്റ് | (v) | ശരി |
| (vi) | തെറ്റ് | (vii) | ശരി | (viii) | തെറ്റ് | (ix) | തെറ്റ് | (x) | തെറ്റ് |

#### *ഉത്തര സൂചിക - II*

(i) പ്രോമിസി (ii) എന്റോഴ്സ്മെന്റ് (iii) പ്രോമിസർ (iv) എന്റോഴ്സർ

#### *ഉത്തര സൂചിക - III*

| | | | |
|---|---|---|---|
| (i) | കൈമാറ്റ (നെഗോഷ്യബിൾ) | (ii) | ഡ്രോയർ, ഡ്രോയി |
| (iii) | ഡെബ്റ്റർ, ക്രെഡിറ്റർ, | (iv) | മൂന്നു |
| (v) | രണ്ട് | (vi) | ഡ്രോയിയും |
| (vii) | ഹുണ്ടിക | (viii) | കാലാവധി, തീയതി, മൂന്ന് |